# സത്യദൂതൻ

2015 ഒക്ടോബർ | ലക്കം 10

വില ₹ 20



## മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന ഇസ്‌ലാമും
## അഹ്മദിയ്യാ ജമാഅത്ത് പരിചയപ്പെടുത്തുന്ന ഇസ്‌ലാമും

## പ്രവാചകത്വം : നിലച്ചുപോകാത്ത ദൈവികാനുഗ്രഹം

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below




The Sathyadoothan Monthly

لا اله الا الله محمد رسول الله


# സത്യദൂതൻ

2015 ഒക്ടോബർ
ഹി.ശ.1395 – ഇഖാഅ്
1436 – ദുൽഹജ്ജ് – 1437 – മുഹറം
പുസ്തകം 87 ലക്കം 10
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന ഇസ്‌ലാമും അഹ്മദിയ്യാ ജമാഅത്ത് പരിചയപ്പെടുത്തുന്ന ഇസ്‌ലാമും**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 സെപ്റ്റം ബർ 11 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബ യുടെ സംഗ്രഹം

**13**
**ദജ്ജാൽ**
ഹ്ദറത്ത് മിർസാ ബശീർ അഹ്മദ് (റ)



**16**
**ആദ്:**
**മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻജനത 2**
എ.എം.മുഹമ്മദ് സലീം

**20**
**പ്രവാചകത്വം: നിലച്ചുപോകാത്ത ദൈവികാനുഗ്രഹം**
അഹ്മദ് കോയ പി. വി.

**24**
**ആത്മീയത: സത്യവും മിഥ്യയും**
എൻ. ഇ. ഹഖ്

**29**
**മരണാനന്തര ജീവിതത്തിന്റെ യുക്തിശാസ്ത്രം**
എം. ആലിക്കോയ

**33**
**ഇബ്നു അറബി – സൂഫിയും പണ്ഡിതനും (1165–1240)**
സക്കരിയ്യാ വിർക്ക്, കാനഡ

**39**
**സിറിയൻ യുദ്ധം: യൂറോപ്പിലേക്ക് അഭയാർഥി പ്രവാഹം**
മുസാഫിർ

**42**
**വാർത്തകൾ**


**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അതേപ്രകാരം നിങ്ങളെ നാം ഒരു ഉൽകൃഷ്ട സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ മനുഷ്യരുടെ മേൽ നോട്ടക്കാരാകുന്നതിനും ഈ പ്രവാചകൻ നിങ്ങളുടെ മേൽ നോട്ടക്കാരനാകുന്നതിനും വേണ്ടി. നീ ലക്ഷ്യമാക്കിയിരിക്കുന്ന ഖിബ്‌ലയെ നാം നിശ്ചയിച്ചിരിക്കുന്നത് ഈ പ്രവാചകനെ പിന്തുടരുന്നവനെ തന്റെ കുതികാലിൽ നിന്നും പിന്തിരിഞ്ഞുകളയുന്നതിൽ നിന്നും വേർതിരിച്ചറിയുന്നതിന് മാത്രമായിരുന്നു. **(2:144)**

## നബിവചനം



വല്ലവനും അല്ലാഹു നന്മ ഉദ്ദേശിച്ചാൽ മതത്തിന്റെ ആന്തര തത്ത്വങ്ങൾ അവനെ അല്ലാഹു ഗ്രഹിപ്പിക്കും. ഞാനാകട്ടെ പങ്കിട്ടു കൊടുക്കുന്നവൻ മാത്രമാണ്. യഥാർഥ ദാതാവ് അല്ലാഹുവാണ്.  ഈ സമുദായം ആജ്ഞകളിന്മേൽ ഉറച്ചു നിന്നാൽ അവർക്ക് ഒരു ദോഷവും വരുത്തിവെക്കാൻ അവരുടെ ശത്രുക്കൾക്ക് കഴിയുകയില്ല. അല്ലാഹുവിന്റെ കൽപ്പന വന്നെത്തുന്നത് വരെ ആ നില തുടർന്ന് പോകും **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

### വിജയം വിധിക്കപ്പെട്ട പ്രസ്ഥാനം

ഈ പ്രസ്ഥാനം ശക്തിമത്തായ നിലയിൽ വളരുകയും കായ്ക്കുകയും ചെയ്യും. അങ്ങനെ ഭൂമി മുഴുവൻ അതു പടരും.....ദൈവം എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞിരിക്കുന്നു. രാജാക്കന്മാർ പോലും നിന്റെ വസ്ത്രത്തിൽ നിന്ന് അനുഗ്രഹങ്ങൾ ഏടുക്കുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിന് മേൽ അനുഗ്രഹങ്ങൾ നൽകും. ആകയാൽ ഹേ കേൾവിക്കാരെ, ഇക്കാര്യങ്ങളെല്ലാം ഓർമ വെച്ചു കൊൾവിൻ. ഈ ദീർഘദർശനങ്ങൾ നിങ്ങൾ പെട്ടികളിലാക്കി സൂക്ഷിച്ചു കൊള്ളുവിൻ. എന്തെന്നാൽ ഒരു നാൾ പൂർത്തിയാവാനിരിക്കുന്ന ദൈവ വചനങ്ങളത്രെ ഇവ. **(തജല്ലിയാത്തെ ഇലാഹിയ്യ)**



എഡിറ്റോറിയൽ

# ദൈവാസ്തികൃത്തിന്റെ ദൃഢബോദ്ധ്യം

മതങ്ങളെല്ലാം ആരാധനയിൽ അധിഷ്ഠിതമാണ്. മനുഷ്യൻ ദൈവത്തിന് സമർപ്പിക്കുന്ന ഉദാത്തമായതിന്റെയെല്ലാം സമർപ്പണമാണ് ആരാധന. ഭക്തൻ നടത്തുന്ന ആരാധനകൾക്ക് ആരാധ്യനായ ദൈവം പ്രതികരിക്കുന്നില്ലെങ്കിൽ ദൈവത്തെ സംബന്ധിച്ച് എങ്ങനെ മനുഷ്യന് ദൃഢബോദ്ധ്യം വരും? വിഗ്രഹാരാധനയെ എതിർക്കുന്ന ഖുർആൻ യുക്തിപൂർവം ഉന്നയിക്കുന്ന ഒരു ന്യായം ആരാധനാ മൂർത്തികൾ മനുഷ്യന്റെ അർഥനകളോട് പ്രതികരിക്കുന്നില്ല അഥവാ സംസാരിക്കുന്നില്ല എന്നാണ്.

*'മൂസയുടെ ജനത അദ്ദേഹം (യാത്ര പോയതിന് ശേഷം) തങ്ങളുടെ ആഭരണങ്ങൾ കൊണ്ട് ഒരു കാളക്കുട്ടി (വിഗ്രഹം) അതായത് നിരർത്ഥക ശബ്ദം പുറപ്പെടുവിക്കുന്ന ഒരു ജഡത്തെ ഉണ്ടാക്കിയെടുത്തു. അത് അവരോട് സംസാരിക്കുന്നില്ലെന്നും അവർക്ക് യാതൊരു മാർഗവും കാണിക്കുന്നില്ലെന്നും അവർ കണ്ടില്ലേ?'(2:149)*

ദൈവം ഉണ്ട് എന്ന് മനുഷ്യ സമൂഹത്തെ ബോദ്ധ്യപ്പെടുത്തിയത് തത്ത്വജ്ഞാനികളോ പണ്ഡിതന്മാരോ അല്ല. യുക്തി, വിജ്ഞാനം, ശാസ്ത്രം മുതലായ മനുഷ്യ നിർമിത ജ്ഞാനങ്ങൾ ദൈവം ഉണ്ട് എന്നതിലേക്ക് യാതൊരു വിധ ദൃഢജ്ഞാനവും നൽകാൻ പര്യാപ്തമല്ല, വെളിപാടുകൾ മാത്രമാണ് ദൈവത്തെ പറ്റി ദൃഢജ്ഞാനം പ്രദാനം ചെയ്യുന്നതും അതൊരനുഭവ യാഥാർഥ്യമായി മാറ്റുന്നതും. ഭൗതിക മാർഗത്തിൽ ദൈവത്തെ അന്വേഷിക്കുന്ന ഒരു ബുദ്ധിമാന് അദൃശ്യനായ ദൈവത്തെപറ്റി ഒരു പക്ഷേ അനുമാനങ്ങളിലും നിഗമനങ്ങളിലും എത്തിച്ചേരാമെന്നല്ലാതെ അയാൾക്ക് ഒരിക്കലും ദൈവം വെളിപ്പെടുന്നില്ല. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞ അർഥ പൂർണമായ ഒരു ഉദാഹരണമിങ്ങനെയാണ്.

സാക്ഷ അകത്ത്നിന്ന് ബന്ധിച്ച ഒരു വീട്ടിന്റെ കതകിൽ ഒരാൾ കുറെ നേരം മുട്ടിയിട്ടും തുറക്കുന്നില്ലെങ്കിൽ അതിനകത്ത് ആരുമില്ലെന്ന നിഗമനത്തിൽ ഒരാൾ എത്തിച്ചേരുന്നത് തികച്ചും സ്വാഭാവികം. അല്ലെങ്കിൽ ഉണ്ടായിരുന്ന ആൾ ഇപ്പോൾ നിലവിലില്ലെന്ന് കരുതാം. അതുമല്ലെങ്കിൽ എന്തോ അജ്ഞാത കാരണങ്ങളാൽ സാക്ഷ അകത്ത് നിന്ന് വീണുപോയതായിരിക്കാം എന്നും വരാം. ഇങ്ങനെ നാനവിധത്തിലുള്ള നിഗമനങ്ങളിൽ അയാൾക്ക് എത്തിച്ചേരാം. കതകിൽ മുട്ടിയ മറ്റൊരാൾക്ക് അകത്ത് നിന്നും ഒരാളുടെ ശബ്ദം കേൾക്കുന്നുവെങ്കിൽ ആ ശബ്ദം കേട്ട ആളിന് അതിനകത്ത് ഒരാളുണ്ട് എന്ന് ദൃഢബോദ്ധ്യം വരുകയും അയാളാണ് സാക്ഷയിട്ടതെന്ന സത്യം അറിയുകയും ചെയ്യുന്നു. അതുപോലെ അത്ഭുതകരമായ വൈഭത്തോടെ ഈ പ്രപഞ്ചം സൃഷ്ടിച്ച അദൃശ്യനായ ദൈവത്തെ അധ്യാത്മിക മാർഗത്തിൽ അന്വേഷിക്കുന്നയാൾക്ക് ദൈവത്തിൽ നിന്നും ദിവ്യവെളിപാടുകൾ ലഭിക്കുമ്പോൾ ദൈവാസ്തികൃത്തെ സംബന്ധിച്ച സകല സന്ദേഹങ്ങളും ഇല്ലാതാകുന്നു. ദൈവത്തിൽ നിന്നുള്ള വെളിപാടുകളും ബോധനങ്ങളും ദർശനങ്ങളും ദിവ്യസ്വപ്നങ്ങളുമാകുന്നു ഇഹലോകത്തെ ആരാധനകളുടെ യഥാർഥ സാക്ഷാത്ക്കാരം. ആത്മീയമായ ഈ മാർഗത്തിൽ കൂടി മാത്രമേ ദൈവാസ്തികൃത്തെ സംബന്ധിച്ച് മനുഷ്യന് ബലവത്തായ ജ്ഞാനം ലഭിക്കൂ.

വെളിപാട് മുഖേന ദൈവം മനുഷ്യനോട് സംസാരിക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല എന്ന് യാതൊരു പ്രമാണവുമില്ലാതെ ചിലർ വാദിക്കുന്നു. 'സംസാരിക്കുന്നവൻ' (മുതക്കല്ലിം) എന്ന ദൈവത്തിന്റെ ഗുണത്തിന് വിരുദ്ധവും ദൈവ നിന്ദയുമാണ് അവരുടെ ഈ ജൽപ്പനം. മനുഷ്യരിൽ മഹാഭൂരിപക്ഷവും ദൈവം വെളിപ്പെടുത്തുന്ന പരിശുദ്ധവും സാത്വികവുമായ ഈ മാർഗം പരിചയമില്ലാത്തവരാണ്. അവരാണ് വെളിപാടുകളെ നിഷേധിക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

*'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങും (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാകുക. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ (സ്വർഗത്തിൽ) ലഭിക്കും. നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും' (41:31,32)*




ഹദ്റത്ത് അഹ്മദ് (അ)

# അവർ ജീവിക്കാൻ വേണ്ടി ഞാൻ മരിക്കാൻ തയ്യാറാണ്

സാത്വികന്മാരായിട്ടുള്ളവരുടെ ഒരു ഗണത്തെ ഒരുമിച്ചു കൂട്ടുകയും അത്തരക്കാരുടെ ഒരു വലിയ ഗണം മുഖേന ലോകത്ത് പ്രഭാവം ചെലുത്തു മാറാകുകയും അവർ ഐക്യത്തിൽ വർത്തിക്കുന്നതിന് ഇസ്‌ലാമിൽ അനുഗ്രഹത്തിന്റെയും മഹത്വത്തിന്റെയും ഒരു സ്രോതസ്സായി തീരുകയും അതുവഴി ഇസ്‌ലാമിന് ഉത്തമ ഫലങ്ങൾ പ്രദാനം ചെയ്യപ്പെടുകയും വേണമെന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ബൈഅത്ത് വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു അടിസ്ഥാന തത്ത്വത്തിൽ ഏകാഭിപ്രായക്കാരായിരുന്നത് കൊണ്ട് അതിന്റെ അനുഗ്രഹത്തിൽ ഇസ്‌ലാമിനായി നിർമലവും പരിശുദ്ധവുമായ സേവനം അർപ്പിക്കാൻ സദാ സന്നദ്ധരായിരിക്കണം. അവർ മടിയന്മാരോ ലുബ്ധന്മാരോ ലക്ഷ്യ ബോധമില്ലാത്തവരോ ആയ മുസ്‌ലിംകളായിരിക്കരുത്. ഭിന്നിപ്പിനാലും അനീതികളാലും ഇസ്‌ലാമിന് വലുതായ ഹാനി വരുത്തിവെക്കുകയും ദുഷ്ട ജീവിതം നയിച്ച് കൊണ്ട് ഇസ്‌ലാമിന്റെ സമഗ്രമായ മുഖത്ത് കരിവാരിതേക്കുകയും ചെയ്ത ആ കൊള്ളരു താത്തവരെപ്പോലെയും ആകരുത്. അവർ ലോക കാര്യങ്ങളിൽ നിന്നെല്ലാം അകന്ന് മാറുകയും ഇസ്‌ലാമിന്റെ ആവശ്യങ്ങളെക്കുറിച്ച് ബോധഹീനരായി തീരുകയും തങ്ങളുടെ സഹോദരങ്ങളുടെ ക്ഷേമത്തെക്കുറിച്ച് അശ്രദ്ധരായി തീരുകയും മനുഷ്യ സമൂഹത്തിൽ നന്മ വളർത്തേണ്ട കാര്യത്തിൽ ഉത്സുകരല്ലാതിരിക്കുകയും ചെയ്യുന്ന ദർവേശുമാരെപ്പോലെയും ആകരുത്. അവർ പാവങ്ങൾക്ക് അഭയസ്ഥാനമായിരിക്കുമാറ് ജനത്തിന്റെ നേരെ അനുകമ്പയുള്ളവരായിരിക്കണം. തങ്ങളെ തന്നെ ബലിയർപ്പിക്കുമാറ് അവർ ഇസ്‌ലാമിക ധർമങ്ങൾ നിർവഹിക്കുന്നതിൽ അതീവ കുതുകികളായിരിക്കണം. തങ്ങളുടെ അനുഗ്രഹങ്ങൾ ലോകത്ത് പരക്കുന്നതിൽ അവർ എല്ലാ യത്നങ്ങളും ചെയ്യണം. ദൈവിക കാര്യങ്ങളോടുള്ള സ്നേഹത്തിന്റെയും ദൈവ ദാസന്മാരോടുള്ള അനുകമ്പയുടേയും വിശുദ്ധമായ നീരുറവ എല്ലാ ഹൃദയങ്ങളിൽ നിന്നും പൊട്ടിയൊലിച്ചു തുടങ്ങുകയും അത് ഒരു നദി പോലെ പ്രവഹിക്കുന്നത് കാണുമാറാകുകയും ചെയ്യണം. സർവ ശക്തനായ ദൈവം അവന്റെ പ്രത്യേക വരപ്രസാദത്താൽ അവരുടെ വിശുദ്ധമായ കഴിവുകള വെളിപ്പെടുത്തുന്നതിൽ ഈ വിനീതന്റെ പ്രാർഥനകളെയും ശ്രദ്ധകളേയും ഉപകരണോപാധികളാക്കാൻ നിശ്ചയിച്ചി രിക്കുന്നു. ഈ അന്വേഷകരുടെ ആന്തര പരിശീലനത്തിൽ ഞാൻ ഏർപ്പെടണമെന്നും അഹന്തയുടെയും സാത്താനിക ശക്തികളുടെയും ബന്ധത്തിൽ നിന്ന് ആളുകളെ മോചിപ്പിക്കുകയും ദൈവികമായ വഴികളോടുള്ള സഹജമായ സ്നേഹം വളർത്തുകയും ചെയ്യുന്ന ആ പ്രകാശപ്പൊലിമക്ക് വേണ്ടി അവർക്കായിട്ട് ഞാൻ യാചന നടത്തണമെന്നും ആ പരമപാവനനും മഹത്വവാനുമായ ദൈവം എനിക്ക് ബോധനം നൽകിയിരിക്കുന്നു.

പരിപൂർണമായ ഒരുക്കങ്ങളും ആത്മാർഥമായ ദൈവിക സേവനങ്ങളും കൂടി ചേരുമ്പോൾ വെളിപ്പെടുന്ന പരിശുദ്ധാത്മാവിന് വേണ്ടി അവർക്കായിട്ട് ഞാൻ ആവശ്യപ്പെടും. ദുരഹങ്കാരവും സാത്താനിക ശക്തികളും കൂടുമ്പോൾ ഉടലെടുക്കുന്ന ദുഷ്ടാത്മാവിൽ നിന്നുള്ള അവരുടെ മോചനം സാധിക്കുന്നതിനും ഞാൻ പരിശ്രമിക്കുന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ തികഞ്ഞ ആത്മാർഥതയോടെ ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുള്ള എന്റെ സ്നേഹിതന്മാരെ സംസ്ക്കരിച്ചെടുക്കാൻ പരിശ്രമിക്കുന്നതിൽ ഞാൻ പിന്നിലാവുകയോ അശ്രദ്ധനായിരിക്കുയോ ആലസ്യവാനായിരുക്കുകയോ ചെയ്യുന്നതല്ല. അവർ ജീവിക്കുന്നതിന് വേണ്ടി മരണം വരിക്കാൻ തന്നെ ഞാൻ തയ്യാറായിരിക്കും

***(ഇസാലെ ഔഹാം. പേജ് 460)***



# മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന ഇസ്‌ലാമും അഹ്മദിയ്യാ ജമാഅത്ത് പരിചയപ്പെടുത്തുന്ന ഇസ്‌ലാമും

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 സെപ്റ്റംബർ 11 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബ യുടെ സംഗ്രഹം

മുസ്‌ലിമാണെന്ന് വാദിക്കുന്ന ഒരാളുടെ മനോഹാരിത വെളിപ്പെടുന്നത് അയാൾ ഈമാനിൽ അടിയുറച്ചുനില്ക്കുകയും ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കുകയും ചെയ്യുമ്പോഴാണ്. ഈമാൻ എന്നാൽ, തന്നെ സ്വയം പരിപൂർണമായ നിലയിൽ അല്ലാഹുവിനെ സമർപ്പിക്കുകയും അവന്റെ കല്പനകളനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നാണ്. ഇസ്‌ലാം എന്നാൽ, അല്ലാഹുവിന്റെ കല്പനകളിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് എല്ലാ ദോഷങ്ങളിൽ നിന്നും തന്നെ കാത്തുസൂക്ഷിക്കുകയും മറ്റുള്ളവർക്കും സമാധാനത്തിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക എന്നാണ്. ഇതാണ് ഈമാനിന്റേയും ഇസ്‌ലാമിന്റേയും സംഗ്രഹം. മുസ്‌ലിം ലോകം ഇക്കാര്യം മനസ്സിലാക്കുകയാണെങ്കിൽ ലോകത്തെ സ്വർഗസമാനമാക്കുന്ന ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിന്റേയും

വ്യാപിക്കുന്നതിന്റേയും ദൃശ്യങ്ങൾ കാണാൻ കഴിയുന്നതാണ്.

ഇക്കാലഘട്ടത്തിൽ യഥാർഥമായ ഈമാനെ ജനമനസ്സുകളിൽ സ്ഥാപിക്കുന്നതിനും യഥാർഥമായ ഇസ്ലാമിന്റെ മാതൃക കാണിക്കുന്നതിനും വേണ്ടിയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചത്. അദ്ദേഹത്തെ വിശ്വസിച്ചതിനുശേഷം യഥാർഥ ഇമാനനുസരിച്ച് ജീവിച്ചും ഇസ്ലാമിന്റെ ശരിയായ മാതൃകയായിക്കൊണ്ടും ഈ ദൗത്യത്തിൽ അദ്ദേഹത്തിന്റെ സഹായിയും തുണയുമാകുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. ലോകത്തിനോട് ഈമാന്റെ യാഥാർഥ്യം പറയുകയും സമാധാനം വ്യാപിപ്പിക്കുയും ചെയ്യുന്നവരായിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ വ്യവസ്ഥിതി മുഖേന ലോകത്തെല്ലായിടത്തും ആ ദൗത്യം നിർവഹിച്ചു കൊണ്ടിരിക്കുന്നു. നമ്മളിൽ എല്ലാ ഓരോരുത്തരും ഇസ്ലാമികാധ്യാപനങ്ങളുടെ മാതൃകയാകുക എന്നത് എല്ലാ അഹ്മദികൾക്കും നിർബന്ധമാണ്. ഈയിടെയായി മുസ്ലിം ലോകം ദൗർഭാഗ്യവശാൽ വരുത്തിവെച്ചിരിക്കുന്ന കുഴപ്പങ്ങൾ ഇസ്ലാമിന് ദുഷ്പേരുണ്ടാക്കിയിരിക്കുകയാണ്.

അഹോ കഷ്ടം! തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾ ഇസ് ലാമിന് എത്രത്തോളം ക്ഷതമേല്പിച്ചിരിക്കുന്നുവെന്ന കാര്യം മുസ്ലിം രാജ്യങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ! തീവ്രവാദസംഘടനകളും മറ്റു ഗ്രൂപ്പുകളും എല്ലാ മേഖലകളിലും ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യങ്ങളിലെ സമാധാനം തകർന്നു കൊണ്ടിരിക്കുന്നു. അവർ സ്വയം സമാധാനത്തിലല്ല, മറ്റുളളവർക്ക് സമാധാനം കൊടുക്കുന്നുമില്ല. ഭരണകൂടം പൊതുജനങ്ങളോട് നീതിയോടെ പെരുമാറുന്നില്ല. പൊതുജനം സർക്കാറിനോടുള്ള കടമ നിറവേറ്റുന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ രണ്ടുകൂട്ടരുടേയും അസന്തുലിതാവസ്ഥയെ കുറിച്ച് വിവരിച്ചുകൊണ്ട് പറയുന്നു: ഈ രണ്ടു വശങ്ങളും(സർക്കാറിന്റെ കടമകളും പൊതുജനങ്ങളുടെ കടമകളും)സന്തുലിതമായി നടക്കുന്നിടത്തോളം ഈ രാജ്യത്ത് സമാധാനമുണ്ടാകുന്നതാണ്. പ്രജകളിൽനിന്നോ രാജാവിൽനിന്നോ ഈ സന്തുലനത്തിന്ന് ഭംഗമുണ്ടാകുമ്പോൾ രാജ്യത്ത് നിന്ന് സമാധാനം ഉയർന്നു പോകുന്നു.

നിർഭാഗ്യവശാൽ ഇതാണ് നമ്മൾ ഈയിടെയായി മുസ്ലിം രാഷ്ട്രങ്ങളിൽ കണ്ടുകൊണ്ടിരിക്കുന്നത്. പിന്നീട് ഇസ്ലാം വിരുദ്ധ ശക്തികളും ഇതിൽനിന്ന് മുതലെടുത്തു കൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് കലഹങ്ങൾ വർധിപ്പിക്കാൻ ഇരുകൂട്ടരേയും സഹായിക്കുന്നു. മറുഭാഗത്ത് ഭീകരവാദ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിച്ച് പ്രസ്സും മീഡിയയും വളരെയേറെ കവറേജ് നൽകി ഇസ്ലാമിന് ചീത്തപ്പേരുണ്ടാക്കുന്നു. ഞാൻ മാധ്യമങ്ങൾക്ക് ചില ഇന്റർവ്യൂകൾ നല്കുകയുണ്ടായി. അവയിൽ ഒരു കാര്യം അവരോടു പറഞ്ഞത് ഇസ്ലാമിനെതിരിൽ വെറുപ്പുണ്ടാക്കുന്നതിനും അതിനെ ഭീകരവാദ-തീവ്രവാദ മതമെന്ന നിലയിൽ അവതരിപ്പിക്കുന്നതിനും മാധ്യമക്കാർക്കും വലിയ പങ്കുണ്ടെന്നായിരുന്നു. മാധ്യമക്കാർ നീതിയോടെ പ്രവർത്തിക്കുന്നില്ല. മുസ്ലിം എന്നു പറയപ്പെടുന്ന ഏതെങ്കിലും സംഘത്തിന്റേയും രാജ്യത്തിന്റേയും ഭരണാധികാരികളുടേയും രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് മതത്തിന്റെ പേരിട്ട് ഇസ്ലാമിന്റെ അധ്യാപനങ്ങൾക്ക് ചീത്തപ്പേരുണ്ടാക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. പിന്നീട് അത് എത്രമാത്രം ശക്തമായി പ്രചരിപ്പിക്കുന്നുവെന്നാൽ ലോകജനതയ്ക്ക് ഇസ്ലാമിനെക്കുറിച്ചുള്ള ചിന്താഗതി തന്നെ മാറിപ്പോകുന്നു. അല്ലെങ്കിൽ ഇസ്ലാമിനെക്കുറിച്ച് അറിയാത്തവരുടെ മനസ്സുകളിൽ മോശമായ ഭാവനയാണ് ഉണ്ടാക്കുന്നത്. എത്രത്തോള മെന്നാൽ ഇസ്ലാമിന്റെ പേര് കേൾക്കുമ്പോൾത്തന്നെ അവരുടെ മുഖം വിളറിവെളുത്തുപോകുന്നു. നിങ്ങൾക്ക് നേട്ടമുണ്ടാകുന്നിടങ്ങളിൽ നിങ്ങൾ വാർത്തകൾ പൂഴ്ത്തിവെക്കുകയും ചെയ്യുന്നു. സമാധാനത്തിനായി സംസാരിക്കുന്ന ആയിരക്കണക്കിന് ലക്ഷക്കണക്കിന് മുസ്ലീംകളുണ്ട്. അവരെക്കുറിച്ച് മാധ്യമങ്ങൾ ഒന്നും മിണ്ടുകയില്ല. അല്ലെങ്കിൽ നെഗറ്റീവായിട്ടുളള നടപടി കാണിക്കുന്നവർക്ക് ലഭിക്കുന്ന അംഗീകാരം അവർക്ക് ലഭിക്കുന്നില്ല. അഹ്മദിയ്യാ ജമാഅത്താണ് ഏറ്റവും കൂടുതൽ സ്നേഹത്തിന്റേയും പ്രേമവായ്പിന്റേയും ഇസ്ലാമികാധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. മുഴുലോകത്തും വ്യവസ്ഥാപിതമായ നിലയിൽ ഈ പ്രവർത്തനം നടന്നു വരുന്നു. ഇതിന്റെ ഫലമായി സമാധാനത്തിന്റെ കൊടിക്കീഴിൽ സമാധാനം പ്രചരിപ്പിക്കുന്നതിനും സമാധാനം വ്യാപനം ചെയ്യുന്നതിനായി ലക്ഷക്കണക്കിനാളുകൾ ഓരോ വർഷവും ജമാഅത്തിൽ ചേർന്നു കൊണ്ടിരിക്കുന്നു. അവരെക്കുറിച്ച് ഞങ്ങൾ മാധ്യമങ്ങളോട് പറഞ്ഞാൽ അത് ലവലേശം ശ്രദ്ധിക്കപ്പെടുന്നില്ല. ഇപ്പോൾ ഞാൻ അഹ്മ ദിയ്യാ ജമാഅത്തുമുഖേന ഇസ്ലാമിന്റെ യഥാർഥ മുഖം ദർശിച്ച അത്തരത്തിലുളള ചിലയാളുകളുടെ ഉദാഹരണങ്ങൾ പറയുകയാണ്. അവരിൽ അമുസ്ലീംകളുമുണ്ട്, മുസ്ലീംകളുമുണ്ട്. ഇസ്ലാമിന്റെ മനോഹരമായ ചിത്രം കണ്ടിട്ട് ഇസ് ലാം സ്വീകരിച്ചവരും ഇസ്ലാമിന്റെ മനോഹരമായ അധ്യാപനമാണ് ലോകത്തിന് ഇന്ന് ആവശ്യമുളളതെന്ന് പറഞ്ഞ വരും അക്കൂട്ടത്തിലുണ്ട്. മീഡിയ ഇസ്ലാമിനെക്കുറിച്ച് നെഗറ്റീവായിട്ടുളള കാര്യങ്ങൾ പെരുപ്പിച്ച് കാണിച്ച് തങ്ങളുടെ ചിന്താഗതികൾക്ക് താഴിടുകയാണ് ചെയ്തതെന്ന് പറഞ്ഞവരുമുണ്ട്. അഹ്മദിയ്യാ ജമാഅത്ത് പിന്നീട് അവരുടെ തെറ്റാ യ ചിന്താഗതികളെ അകറ്റുകയുണ്ടായി.

ചെറി ബെനിനി (ആഫ്രിക്കൻ രാജ്യം) ലെ അപ്പോസ്തലിക് ചർച്ചിന്റെ പാതിരി അവിടെ നടന്ന മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ പരസ്യമായി പറഞ്ഞു: "ഇന്നത്തെ ദിവസം എന്റെ ജീവിതത്തിലെ അത്ഭുതകരമായ ദിവസമാണ്. ഇന്ന്

മുസ് ലീംകളും ക്രിസ്ത്യാനികളും ഒരിടത്ത് സമ്മേളിച്ചിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്താണ് ഞങ്ങളെല്ലാവരേയും ഇവിടെ ഒരുമിച്ചു കൂട്ടിയിരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ അഹ്മദിയ്യാ ജമാഅത്തിന് സലാം ആശംസിക്കുന്നു."

നീതിമാന്മാരായ രാഷ്ട്രീയക്കാരിലും അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനം വലിയ സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. ഇവിടെ ജൽസാ ദിനങ്ങളിലും നിങ്ങളുടെ മുമ്പിൽ ചിലർ ഇത് പ്രകടിപ്പിച്ചിട്ടുണ്ടാകും. ലോകത്തെല്ലായിടത്തും ഇസ്ലാമികാധ്യാപനങ്ങളുടേയും പ്രവർത്തനങ്ങളുടേയും കർമരൂപങ്ങളാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് ഇപ്പോൾ സമർപിക്കുന്നത്. അത് ലോകത്ത് പ്രശംസിക്കപ്പെടുന്നു. ജമാഅത്തിന്റെ സേവനങ്ങളെ ജനങ്ങൾ ഇഷ്ടപ്പെടുകയും എത്ര നല്ല അധ്യാപനമാണെന്ന് പറയുകയും ചെയ്യുന്നു.

ബെനിനിലെ ട്രാൻസ്പോർട്ടു മന്ത്രി പറയുന്നു: 'ബനിനിലെ അഹ്മദിയ്യാ ജമാഅത്ത് മനുഷ്യർക്കു ചെയ്യുന്ന സേവനങ്ങളും സമാധാനവും സ്നേഹവും പ്രചരിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ബെനിൻ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ഞാൻ സമാധാനത്തിനും സ്നേഹത്തിനും വേണ്ടിയുള്ള പരിശ്രമങ്ങളിൽ അഹ്മദിയ്യത്തിന്റെ സേവനങ്ങൾക്ക് സലാം ചെയ്യുന്നു.'

കബാബീറിലെ( ഇസ്റയേൽ) മിഷണറി എഴുതുന്നു: 'കുറച്ചുദിവസം മുമ്പേ നമ്മുടെ മസ്ജിദിന്റെ മുമ്പിൽ ഒരു യഹൂദി ടീച്ചർ തന്റെ സ്കൂളിലെ കുട്ടികൾക്ക് ജമാഅത്തിനെ പരിചയപ്പെടുത്തുകയായിരുന്നു. ആ ടീച്ചർക്ക് അറബി അറിയും എന്നാണ് തോന്നുന്നത്. നമ്മുടെ മസ്ജിദിനു മുമ്പിൽ എഴുതിയിരുന്ന **വ മൻ ദഖലഹൂ കാന ആമിനൻ** എന്ന അറബി വാകൃത്തിന്റെ വാക്കർഥം പറഞ്ഞുകൊണ്ട് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുകയായിരുന്നു: 'ഇതിന്റെ അർഥം ആരാണോ അതിൽ പ്രവേശിക്കുന്നത് അവൻ സമാധാനത്തിലായിരിക്കുമെന്നാണ്.' എന്നിട്ട് പറഞ്ഞു, 'ഇതിന്റെ കർമപരമായ മാതൃക അഹ്മദികളുടെ മസ്ജിദിൽമാത്രമേ കാണുകയുള്ളു.'

എങ്ങനെയാണ് അല്ലാഹു ജനങ്ങളുടെ ശ്രദ്ധ ജമാഅത്തിലേക്ക് തിരിച്ചുവിടുന്നത്. ബെനിനിൽ, മോയോ എന്നു പേരുള്ള ഒരു സ്ഥലമുണ്ട്. അവിടെ ബഹുദൈവാരാധകർ മാത്രമാണ് താമസിക്കുന്നത്. നമ്മുടെ മിഷണറി അവിടെ തബ്ലീ ഗിനായി പ്പോയി. ജമാഅത്തിനെ പരിചയപ്പെടുത്തിയതിനുശേഷം അദ്ദേഹം പറഞ്ഞു: 'ആരുടെയെങ്കിലും മനസ്സിൽ ഏതെങ്കിലും ചോദ്യമുണ്ടെങ്കിൽ ചോദിച്ചു കൊള്ളുക. അപ്പോൾ ഒരു വൃദ്ധനായ ആൾ പറഞ്ഞു: 'താങ്കളുടെ പ്രസംഗം ഞാൻ കേട്ടപ്പോൾ ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ എല്ലാ ആശങ്കകളും അകന്നു. ഈ ബഹുദൈവ വിശ്വാസികളിൽ നിന്ന് ഇസ്ലാം-അഹ്മദിയ്യത്തിനെ വിശ്വസിക്കുന്ന ആദ്യ ത്തെ ആളാണ് ഞാൻ. അതിനുശേഷം ആ ഗ്രാമത്തിൽനിന്ന് 40 ആളുകൾ ഇസ്ലാം-അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ഇവിടെ പുതിയൊരു ജമാഅത്ത് രൂപീകരിച്ചു. പെട്ടെന്നുണ്ടായ അവരിലെ മാറ്റം എന്നു പറയുന്നത് അവർ പാരമ്പര്യമായി ചെയ്തുകൊണ്ടിരുന്ന എല്ലാ അനാചാരങ്ങളും ഉടൻ ഉപേക്ഷിച്ചു എന്നതാണ്. പിന്നീട് ഒരു ദിവസം പറഞ്ഞു: 'അഹ്മദിയായതിനുശേഷം എന്റെ ശരീരത്തിൽ ഒരു പുതിയ ആത്മാവ് വന്നിരിക്കുന്നു. ഞാൻ എവിടെയായിരിക്കുമ്പോഴും എന്റെ ആത്മാവ് എന്റെ മനസ്സാക്ഷിയെ ഉണർത്തുന്നു. നമസ്കരിക്കാൻ സമയമായെന്ന് പറയുന്നു.' നമസ്കാരത്തിലുള്ള സമയപാലനവും അവരിൽ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. പറയുന്നു:'ഇപ്രകാരം എന്റെ ആത്മാവിന് സമാധാനവും ശരീരത്തിന് സന്തോഷവും ലഭിക്കുന്നു.' അതുകൊണ്ട് നമ്മളിലും നമസ്കാരത്തിൽ മടിയുള്ളവർ ഓർക്കേണ്ടതാണ്, പുതിയതായി വരുന്നവർ ആരാധനാകർമങ്ങളിലേക്ക് ചായുന്നു. അവർ വളരെ ശ്രദ്ധയോടുകൂടി നമസ്കരിക്കുന്നു.

ഇന്ന് ഇസ്ലാമിന്റെ യഥാർഥ അധ്യാപനം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന മാത്രമേ ലോകത്തിനെത്തിക്കാൻ കഴിയുകയുള്ളു. എങ്ങനെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ ലോകത്ത് എത്തിച്ചുകൊണ്ടിരിക്കുന്നത്? എങ്ങനെയാണ് അത് ജനങ്ങളെ സ്വാധീനിക്കുന്നത്? ഒരു സംഭവം പറയാം: 'ഗിനികൊണാക്രിയിലെ സംഭവമാണ്. അവിടെയുള്ള നമ്മുടെ ഒരു അഹ്മദി സ്നേഹിതൻ അബൂബക്കർ സാഹിബ് തബ്ലീഗ് പരിപാടികൾ ആസൂത്രണം ചെയ്തു. ഈ മുറബ്ബി പറയുന്നു:'ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം അക്കൂട്ടർക്ക് എത്തിച്ചു. തബ്ലീഗ് പരിപാടി നടന്നുകൊണ്ടിരിക്കുമ്പോൾ ഉപദ്രവം ഉണ്ടാക്കാൻവേണ്ടി അവിടെ ഒരു മൗലവി വന്നു. കുറച്ചു നേരം നിശബ്ദനായി നിന്ന് കാര്യങ്ങൾ കേട്ടു. അതുകഴിഞ്ഞ് വളരെ ദ്വേഷത്തോടെ പറഞ്ഞു:'നിങ്ങൾക്കിവിടെ തബ്ലീഗ് ചെയ്യാൻ അനുവാദമില്ല. ഞാൻ പോലീസിനെ വിളിച്ച് ഇപ്പോൾ ഇത് നിറുത്തിക്കുന്നതാണ്.' അവിടത്തെ ചെറുപ്പക്കാർ എഴുന്നേറ്റുനിന്നു. ആ മൗലവിയോട് ദ്വേഷത്തിൽ പറ ഞ്ഞു:'താങ്കൾ ഇതുവരെ ഞങ്ങളെ വഴിപിഴപ്പിച്ചുവരികയായിരുന്നു. അതുകൊണ്ട് ഉടനെ ഇവിടെ നിന്ന് പൊയ്ക്കൊള്ളുക! അങ്ങനെ ആ മൗലവി നാണംകെട്ട് അവിടെ നിന്ന് പോയി. അതിന്റെ ഫലമായി അവിടെ ചേർന്ന മജ്ലിസിൽ നിന്ന് 15 ആളുകൾ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർ ന്നു.

ഗിനികൊണാക്രിയിലെ തന്നെ ഒരു സംഭവമാണ്. ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം വിവരിക്കുകയും അദ്ദേഹത്തിന്റെ ആഗമനത്തെ കുറിച്ച് പറയുകയും അവസാനകാലത്ത് ഇന്നയിന്ന അടയാളങ്ങൾ ഉണ്ടാകുമെന്നും അതിൽ വാഗ്ദത്ത മസീഹ് വെളിപ്പെടുമെന്നും നബി(സ)തിരുമേനി പ്രവചനം ചെയ്തിട്ടുണ്ടെന്ന്

പറയുകയും ചെയ്തപ്പോൾ അസാധാരണമായ സ്വാധീനം അത് ജനങ്ങളിലുണ്ടാക്കി. ലോക്കൽ മിഷണറി തബ്‌ലീഗ് തുടർന്നുകൊണ്ടിരുന്നു. പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരാഴ്ചകൊണ്ട് ആ ഗ്രാമം മാത്രമല്ല മറിച്ച് അവിടെത്തെ ഇമാമും മസ്ജിദോടും കൂടി ജമാഅത്തിൽ പ്രവേശിച്ചു. തൊട്ടടുത്തുള്ള 4,5 ഗ്രാമങ്ങളും ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു. കൂടുതലായി അവരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആളുകൾ യഥാർഥ ഇസ്‌ലാമിൽ പ്രവേശിക്കാൻ വ്യാകുലതയോടു കൂടി തയ്യാറാകുകയാണെ ന്ന് നിരന്തരം നമ്മോടു പറഞ്ഞുകൊണ്ടിരിക്കുന്നു,

ആഫ്രിക്കയിൽ ഒരിടത്ത് നമ്മൾ ബുക്ക്സ്റ്റാളിട്ടു. രണ്ടു മുസ്‌ലിം യുവാക്കൾ വന്നു. അവരെ ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുത്തി. ഇമാം മഹ്ദി(അ)വന്നു കഴിഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തെ കുറിച്ചുള്ള ഫ്രഞ്ചു ഭാഷയിലുള്ള പുസ്തകം നല്കി. അവസാനകാലത്തെ മുസ്‌ലീംകളുടെ അധഃപതനാവസ്ഥയെക്കുറിച്ചും മസീഹിന്റെ രണ്ടാം വരവിനെ സംബന്ധിച്ചും അവരോടു പറഞ്ഞു. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിനെക്കുറിച്ചും പറഞ്ഞു. അതായത് നബി(സ)തിരുമേനി കൊണ്ടുവന്ന ആ യഥാർഥ ഇസ്‌ലാമിനെക്കുറിച്ച്! ഇന്ന് മുസ്‌ലീംകൾ അതിന്റെ രൂപം വികലമാക്കി. ഇസ്‌ലാം എന്താണ്? അതിൽ സ്നേഹമുണ്ട്. സമാധാനമുണ്ട്. മൈത്രിയുടെ പാഠമുണ്ട്. അപ്പോൾ ആ രണ്ടു യുവാക്കളും പറഞ്ഞു:'വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ തീർച്ചയായും മുസ്‌ലീംകളാണ്. പക്ഷേ, മുസ്‌ലീംകളുടെ ബലാല്ക്കാരവും തീവ്രവാദവും കൊണ്ട് ഞങ്ങൾ പൊറുതിമുട്ടി ക്രിസ്തുമതം സ്വീകരിക്കാൻ തുടങ്ങുകയായിരുന്നു. പക്ഷേ, ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ കാര്യങ്ങൾ കേട്ടപ്പോൾ തൃപ്തിയായി. മുല്ലാക്കൾ സമർപിക്കുന്ന ഇസ്‌ലാമല്ല യഥാർഥ ഇസ്‌ലാം എന്ന് ബോധ്യമായി. ക്രിസ്തുമതം സ്വീകരിക്കുന്നതിൽനിന്നും ഇസ്‌ലാം ഉപേക്ഷിക്കുന്നതിൽനിന്നും രക്ഷിച്ചതിന് അവർ ഞങ്ങൾക്ക് നന്ദി പറഞ്ഞു.

അമുസ്‌ലീംകളുടെ മനസ്സുകളിലും യഥാർഥ ഇസ്‌ലാമിനെ കണ്ടിട്ട് ഈ സന്ദേശത്തെ പ്രചരിപ്പിക്കണമെന്ന അഭിരുചി ഉണ്ടാകുന്നു. നമ്മോടൊപ്പം അവർ നില്ക്കാൻ തുടങ്ങുന്നു. ജപ്പാനിലെ മുബല്ലിഗ് എഴുതുന്നു: ജപ്പാൻകാരനായ ഒരു ബുദ്ധമതക്കാരൻ നമ്മുടെ സ്റ്റാളിൽ വന്നു. ഇസ്‌ലാമിനെക്കുറിച്ച് അദ്ദേഹത്തെ പരിചയപ്പെടുത്തുകയും മറ്റു മതങ്ങളെ കുറിച്ച് ഇസ്‌ലാമികാധ്യാപനങ്ങളുടെ മാതൃക വിശുദ്ധ ഖുർആന്റെ വചനങ്ങളിൽ എടുത്തു കാണിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: ഈ മനോഹരമായ അധ്യാപനം ജനങ്ങളോട് പറയാൻ പറ്റിയതാണ്. ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റായ ധാരണകൾ അകറ്റേണ്ടതാണ്. അദ്ദേഹം ബുദ്ധമത വിശ്വാസിയായിരുന്നിട്ടും രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണി വരെ ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. നോട്ടീസുകളും വിതരണം ചെയ്തു.

ഇപ്രകാരം ഇന്ത്യയിൽ കർണാടക സംസ്ഥാനത്തിലെ ഗുദ്ഗിൽ എന്ന സ്ഥലത്തിലെ ബുക്ക് സ്റ്റാൾ സന്ദർശിച്ച ശേഷം ഒരു അനഹ്മദി സുഹൃത്ത് പറഞ്ഞു. 'ഞാൻ ഇതിനു മുമ്പേ ഒരുപാട് ബുക്ക്സ്റ്റാളുകൾ കണ്ടിട്ടുണ്ട്. പക്ഷേ, ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം നല്കുന്നതും ഇസ്‌ലാമിന്റെ മനോഹര സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതുമായ ഇത്തരക്കാരെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. അദ്ദേഹം ഒരുപാട് ആകർഷിതനായി. അദ്ദേഹം നമ്മുടെ ബുക്ക്സ്റ്റാളിൽനിന്ന് ധാരാളം ഗ്രന്ഥങ്ങൾ വാങ്ങിക്കൊണ്ടുപോയി.

ലക്സംബർഗ് എന്ന നഗരത്തിൽ എക്സിബിഷന്റെ അവസരത്തിൽ നമ്മുടെ ഒരു ബുക്ക്സ്റ്റാൾ സംഘടിപ്പിച്ചിരുന്നു. എക്സിബിഷന്റെ അവസരത്തിൽ നഗരത്തിന്റെ മേയറും സ്റ്റാളിൽ വന്നു. വിവിധ ഗ്രന്ഥങ്ങൾ നോക്കിക്കണ്ടു. അതിനുശേഷം ജമാഅത്തിനെക്കുറിച്ച് ജമാഅത്തിന്റെ പ്രസിഡന്റ് ചെറുതായിട്ട് പരിചയപ്പെടുത്തി. അദ്ദേഹത്തിന് ഒരു പുസ്തകവും നല്കി. അപ്പോൾ മേയർ പറഞ്ഞു: 'നിങ്ങളുടെ കമ്മ്യൂണിറ്റി വളരെ നല്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ ഈ മനോഹരചിത്രം എത്രയും വേഗം നിങ്ങൾ ലോകത്ത് പ്രചരിപ്പിക്കേണ്ടതാണ്.'

നിരാശനായ ഒരു നവമുസ്‌ലിമിന്റെ സംഭവം സമർപിക്കുകയാണ്. ഹോളണ്ട് അമീർ സാഹിബ് എഴുതുന്നു: ഹോളണ്ടിലെ ഒരു ഡച്ചു മുസ്‌ലിമാണ് ബിലാൽ സാഹിബ്. മുസ് ലീംകളുടെ അധഃപതനാവസ്ഥ കണ്ട് അദ്ദേഹം വളരെ നിരാശനായിരുന്നു. പറയുന്നു: ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങളിൽ വളരെ ആകർഷിതനായിരിക്കുന്നു. അല്ലാ ഹു എനിക്ക് അഹ്മദിയ്യത്തിന്റെ സത്യം വെളിപ്പെടുത്തിത്തന്നു. എനിക്കു ബയ്അത്ത് ചെയ്യാൻ തൗഫീഖ് കിട്ടി. ഇപ്പോൾ ഞാൻ ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കുന്നു. ആ ത്മീയമായ നിലയിൽ അഭിവൃദ്ധി അനുഭവിക്കുന്നു. ആദ്യമുണ്ടായിരുന്ന വ്യാകുലതകളും അവസാനിച്ചുകൊണ്ടിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ അധ്യാപനം എങ്ങനെയാണ് മറ്റുള്ളവരെ സ്വാധീനിക്കുന്നത്? കാനഡയിൽനിന്ന് നമ്മുടെ സുഹൃത്ത് എഴുതുന്നു: ദാഊ ഇലല്ലായുടെ നേതൃത്വത്തിൽ ഞങ്ങൾ ഒരു ബുക്ക്സ്റ്റാൾ സംഘടിപ്പിച്ചു. ഇംഗ്ലീഷുകാരായ ദമ്പതികൾ നമ്മുടെ സ്റ്റാളിൽവന്നു. ഭാര്യ തീവ്രനിലപാടുള്ള ക്രിസ്ത്യാനിയായിരുന്നു. വിശുദ്ധ ഖുർആൻ വാങ്ങിക്കരുതെന്ന് അവർ ഭർത്താവിനോടു വാശിപിടിച്ചു പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു, വിശുദ്ധ ഖുർആൻ വാങ്ങാൻ

താൽപര്യമുണ്ടാക്കുന്ന എന്തെങ്കിലും കാര്യം അതിൽനിന്ന് എടുത്ത് കാണിച്ചുതരിക. ഞാൻ അവരോടു പറഞ്ഞു, വിശുദ്ധ ഖുർആനിൽ ഒരു അധ്യായമുണ്ട്. അതിൽ ഹദ്റത്ത് ഈസാ(അ)യേയും അദ്ദേഹത്തിന്റെ മാതാവ് മർയം(അ)മിനേയും കുറിച്ച് പറഞ്ഞിരിക്കുന്നു. ബൈബിളിൽ കിട്ടാത്ത വിശദീകരണമാണ് അതിലുള്ളത്. ആ ഭാഗമെടുത്ത് അവരുടെ മുമ്പിൽവച്ചു. തർജമയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ അത് വായിക്കാൻ തുടങ്ങി. കുറച്ചു വായിച്ചതിനുശേഷം പറഞ്ഞു: വാസ്തവത്തിൽ വളരെ ഹൃദയഹാരിയായ ഗ്രന്ഥമാണിത്. ഞങ്ങൾ മാധ്യമങ്ങളിൽ വായിച്ചിരുന്നത്,വിശുദ്ധ ഖുർആൻ വിദ്വേഷമുണ്ടാക്കുന്ന ഗ്രന്ഥമാണെന്നാണ്. പക്ഷേ, ഇതിൽ ഈസായേയും അദ്ദഹത്തിന്റെ മാതാവിനേയും വളരെ സ്നേഹത്തോടെയാ ണ് സ്മരിച്ചിട്ടുള്ളത്. അങ്ങനെ അവർ വിശുദ്ധ ഖുർആൻ വാങ്ങി. ആഴ്ചകൾക്കുശേഷം അവർ സ്റ്റാളുകൾ സന്ദർശിക്കുകയായിരുന്നപ്പോൾ നന്ദിപ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞങ്ങൾ വിശുദ്ധ ഖുർആൻ വായിച്ചു. ആരെങ്കിലും ഖുർആൻ വായിക്കുകയോ ഉപരിപ്ലവമായ നിലയിൽ ദൃഷ്ടിപതിപ്പിക്കുകയോ ചെയ്താൽ മാധ്യമങ്ങൾ ഇസ്‌ലാമിനും മുഹമ്മദി(സ)നുമെതിരിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന വിദ്വേ ഷങ്ങളും തെറ്റായധാരണകളുമെല്ലാം അകന്നു പോകുന്നതാണ്.

ബെനിനിൽ പ്രസ്തുത ബുക്ക്സ്റ്റാളിന്റെ സർക്കാർ സ്കൂളിലെ ഒരു ടീച്ചർ വന്നു. ജമാഅത്തിന്റെ സ്നേഹത്തേയും സമാധാനത്തേയുംകുറിച്ചുള്ള അധ്യാപനങ്ങൾ വായിച്ചുകൊണ്ട് പറഞ്ഞു: "എനിക്ക് എന്റെ വിദ്യാർഥികൾക്കുവേണ്ടി പുസ്തകങ്ങൾ തരിക. അവരും പുസ്തകങ്ങൾ വായിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ സമൂഹത്തിൽ സമാധാനവും സ്നേഹവും നിറയട്ടെ.'

അഹ്മദിയ്യാ ജമാഅത്തിന്റെ വ്യവസ്ഥിതികണ്ടിട്ട് സൽപ്രകൃതക്കാരായ മുസ്‌ലീംകളിലും സ്വാധീനമുണ്ടാകുന്നു. ഇക്കാര്യം പിന്നീട് അവർക്ക് നേർമാർഗം ലഭിക്കാനും ഹിദായത്തിനും കാരണമായിത്തീരുന്നു. ബുർക്കിനാ ഫാസോ (ആഫ്രിക്കൻ രാജ്യം) യിലെ മുറബ്ബി പറയുന്നു: 'സലാഗോഗിൽ തബ്‌ലീഗിനായിപ്പോയി. എല്ലാ സ്ത്രീകളും പുരുഷന്മാരും പ്രബോധനം കേൾക്കുന്നതിനായി സംഘടിച്ചു. ഒരു സ്നേഹിതനായ സകരിയ്യ സാഹിബ് വന്നു പറഞ്ഞു: 'ഞാൻ കുറച്ചുമുമ്പേ ചന്ദ കൊടുക്കുന്നതായി ഒരു സ്വപ്നം കണ്ടിരുന്നു. ബയ്ത്തുൽമാലുള്ളവർക്ക് ചന്ദ കൊടുക്കുക എന്ന ഒരു അശരീരിയും കേട്ടു. ഞാൻ ഒരുപാടുനാളുകളായി ഈ ഇസ്‌ലാമിക സംഘത്തെ അന്വേഷിച്ച് നടക്കുകയായിരുന്നു. മുറബ്ബി സാഹിബ് ജമാഅത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയെക്കുറിച്ച് പറഞ്ഞപ്പോൾ ഞാൻ സ്വപ്നത്തിൽ കേട്ട ശബ്ദത്തിന്റെ വ്യാഖ്യാനം കിട്ടി.' അങ്ങനെ അദ്ദേഹം ഉടനെ പതിനായിരം ഫ്രാങ്ക് സിഎഫ്എ എടുത്ത് കൊടുത്തു. ആളുകൾ ഈ സ്വപ്നത്തെ കുറിച്ച് കേൾക്കുകയും ഒരു രസീദ്ബുക്കുണ്ടെന്നും അതിന്റെ എല്ലാ രേഖകളും വെക്കപ്പെടുന്നുവെന്ന് കാണുകയും ചെയ്തപ്പോൾ അവരിൽ അത് വലിയ സ്വാധീനമുണ്ടാക്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിനുശേഷം ആ ഗ്രാമത്തിൽ 282 ബയ്അത്തുകൾ നടന്നു. ഇവരെല്ലാവരും കൃത്യമായി ചന്ദവ്യവസ്ഥിതിയിൽ ഭാഗഭാക്കാണ്.

ഗ്വാട്ടിമാല (Guatemala) യിൽ നോട്ടീസ് വിതരണം ചെയ്തുകൊണ്ടിരിക്കുമ്പോൾ യൂസുഫ് എന്ന യുവാവുമായി ബന്ധമുണ്ടായി. അദ്ദേഹം മിഷൻഹൗസിൽ വന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹം കുറച്ചുകാലം മുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നയാളാണ്. അദ്ദേഹം പറയുന്നു, 'അനഹ്മദീ മസ്ജിദുകളിൽ സമാധാനം കിട്ടിയില്ല. ആളുകൾ പരസ്പരം പകയും വിദ്വേഷവും വെച്ചു പുലർത്തുന്നവരാണ്. ഒരു ദിവസം ഞാൻ ദുആ ചെയ്ത് ഉറങ്ങുമ്പോൾ സ്വപ്നത്തിൽ ഒരു മഹാത്മാവിനെ കണ്ടു. അദ്ദേഹം അങ്ങേയറ്റം ആത്മീയമായ വടിവിന്റേയും രൂപത്തിന്റേയും ഉടമസ്ഥനായിരുന്നു. ഒരു വഴിയു ണ്ട്. അതിലെല്ലായിടത്തും ചാരമാണ്. ഈ മഹാത്മാവ് എന്റെ മുമ്പേ നടക്കുകയാണ്. തന്റെ പിന്നാലെ നടക്കാൻ ആംഗ്യത്തിലൂടെ പറയുന്നുമുണ്ട്. ആ മഹാത്മാവിന്റെ പിന്നാലെ പോകുമ്പോൾ ചാരമുള്ള ഭാഗം വൃത്തിയാകുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഫോട്ടോ കാണിച്ചപ്പോൾ. അദ്ദേഹം പറഞ്ഞു, ഇതേ മഹാത്മാവ് തന്നെയാണ് സ്വപ്നത്തിൽ എനിക്ക് വഴികാണിച്ചുതന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അക്കാര്യം അദ്ദേഹത്തിന്റെ ഈമാന് കൂടുതൽ ശക്തി പകർന്നു.

ഫ്രാൻസിലെ അമീർ സാഹിബ് എഴുതുന്നു: പുതിയതായി ബയ്അത്ത് ചെയ്ത സ്നേഹിതൻ കമാൽ സാഹിബ് പറഞ്ഞു, 'ഞാൻ വർഷങ്ങളായിട്ട് പാരമ്പര്യ മുസൽമാനായിരുന്നു. ഉലമാക്കൾ നല്കുന്ന വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനങ്ങളിൽ ഞാൻ തൃപ്തനായിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യാസഹോദരനാണ് അദ്ദേഹത്തോടു ജമാഅത്തിനെക്കുറിച്ച് പറഞ്ഞത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ തഫ്സീർ വായിക്കണമെന്നും പറഞ്ഞു. ഞാൻ അത് വായിക്കാൻ തുടങ്ങിയപ്പോൾ അമ്പരന്നുപോയി. ഇത്ര മാത്രം ലളിതവും സുവ്യക്തവുമായ തഫ്സീർ 1400 വർഷമായിട്ട് ആരും എഴുതാതിരുന്നതെന്തേ? ഇതിനുശേഷം എം.ടി.എയിലും ഇന്റർനെറ്റിലും ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ നിരവധി ഗ്രന്ഥങ്ങൾ വായിച്ചു. ഒരുപാട് പരിപാടികൾ കണ്ടു. എന്റെ കൈയിൽ ഖജനാവ് വന്നതുപോലെ യും എനിക്ക് സ്വാതന്ത്ര്യം കിട്ടിയതായും തോന്നി. എന്റെ എല്ലാ ദുർബോധനങ്ങളും അകന്നു. യഥാർഥ ഇസ്‌ലാമിനെ തിരിച്ചറിഞ്ഞു. അങ്ങനെ ബയ്അത്ത് ചെയ്തു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജമാഅത്തു മുഖേന ഇസ്‌ലാമിന്റെ സ്നേഹത്തിന്റേയും ശാന്തിയു

ടേയും സമാധാനത്തിന്റേയും സന്ദേശമെത്തുമ്പോൾ സൽപ്രകൃതക്കാർ അത് സ്വീകരിക്കുന്നു. ഗ്വാട്ടിമാലയിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു:"നോട്ടീസു വിതരണം കാരണത്താൽ 91 ആളുകൾക്ക് ഇസ്‌ലാം സ്വീകരിക്കാൻ തൗഫീഖ് കിട്ടി. അഹ്മദിയ്യത്ത് സ്വീകരിക്കുന്നവരിൽ ഒരു പാതിരിയുമുണ്ട്. അദ്ദേഹം 33 വർഷംവരെ കത്തോലിക് ചർച്ചുമായും 5 വർഷം പ്രൊട്ടസ്റ്റന്റ് കക്ഷിയുമായും ബന്ധപ്പെട്ടിരുന്നയാളാണ്. ഇപ്രകാരംതന്നെ മറ്റൊരു സാഹിബുമുണ്ട്. അദ്ദേഹം മുനിസിപ്പാലിറ്റിയിൽ ജഡ്ജിന്റെ കടമകൾ നിറവേറ്റുന്നയാളാണ്. ഡോമനഗോ സാഹിബ്. അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം തന്റെ പ്രദേശത്ത് ഒരു തബ്‌ലീഗ് പരിപാടി സംഘടിപ്പിച്ചു. അതിൽ വിശദമായി ഇസ്‌ലാമികാധ്യാപനങ്ങൾ വിവരിക്കപ്പെട്ടു. ചോദ്യോത്തരങ്ങൾ നടന്നു. ഈ പരിപാടി ഏഴു മണിക്കൂറാണ് നീണ്ടുനിന്നത്. യോഗം അവസാനിക്കുന്നതിനു മുമ്പേ പങ്കെടുത്ത എല്ലാവരും ഇസ് ലാം സ്വീകരിക്കുന്നതായി പരസ്യപ്പെടുത്തി. അവർ 89 പേരായിരുന്നു. അവരിൽ പുരുഷന്മാരും സ്ത്രീകളുംപെടുന്നു.

അതിനാൽ ഈ ചെടി ഇസ്‌ലാമിന്റെ ചെടിയാണ്. അല്ലാഹു നട്ട ചെടിയാണ്. ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് അതിനെ നനയ്ക്കുന്നതിനുവേ ണ്ടി അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അദ്ദേ ഹം ഖിയാമത്തുനാൾവരെ നബി(സ)തിരുമേനിയിൽനിന്ന് അനുഗ്രഹം പ്രാപിച്ചുകൊണ്ട് ആ മഹാത്മാവിന്റെ അനുഗ്രഹത്തിലൂടെ അല്ലാഹു അതിന് വെള്ളം സംഘടിപ്പിച്ചു കൊടുത്തുകൊണ്ടേയിരിക്കും. ഇൻശാഅല്ലാഹ്. എപ്പോഴും ഈ ചെടി ഇൻശാഅല്ലാഹ് ഹരിതാഭമായി നിലകൊള്ളുന്നതാണ്. ലോകത്തെ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് നടത്തുന്നതിനും സമാധാനവും സ്നേഹവും വിതറുന്നതിനും ഈ ചില സംഭവങ്ങൾ ഞാൻ പറഞ്ഞുവെന്നേയുള്ളൂ. നമ്മുടെ ഈമാന് കരുത്ത് പകരുന്നതും നമ്മുടെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്നതുമായ ആയിരക്കണക്കിന് സംഭവങ്ങളുണ്ട്. എങ്ങനെയാണ് അല്ലാഹു ജനങ്ങളുടെ നെഞ്ചകങ്ങൾ തുറക്കുന്നത്? എങ്ങനെയാണ് അന്യരുടെ നാവിലൂടെ നമുക്കുവേണ്ടി കാര്യങ്ങൾ പറയിക്കുന്നത്? ചിലർ ആഫ്രിക്കക്കാരാണ്. ചിലർ അറബികളാണ്. ചിലർ യൂറോപ്യൻമാരാണ്. ചിലർ ദക്ഷിണാഫ്രിക്കക്കാരാണ്. പക്ഷേ, സ്വാധീനമുണ്ടാകുന്നത് എല്ലാവരിലും ഒരുപോലെയാണ്. കാരണം ആഗോള അധ്യാപനം ഒന്നുമാത്രമേയുള്ളൂ. അത് ഇസ്‌ലാമികാധ്യാപനമാണ്. നീതി ഇഷ്ടപ്പെടുന്ന എല്ലാവരും പെട്ടെന്ന് ഇസ്‌ലാം സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യട്ടെ. പക്ഷേ, ലോകത്ത് സമാധാന സ്ഥാപനത്തിനുള്ള ജാമ്യം ഇസ്‌ലാം മതമാണെന്ന് പറയാൻ അവർ നിർബന്ധിതരാണ്. നീതിയെ ഇഷ്ടപ്പെടുന്ന ആരും സ്വാർഥമതികളായ മുസ്‌ലിം നേതാക്കന്മാരുടേയും ഉഗ്രവാദ സംഘങ്ങളുടേയും പ്രവർത്തനങ്ങളെ ഇസ്‌ലാമികാധ്യാപനങ്ങളുടെ ഭാഗമായി കരുതുകയില്ല. അനീതിക്കാർ മാത്രമെ അതിനെ അനുകൂലിക്കുകയുള്ളൂ. ഇസ്‌ലാം വിരുദ്ധ ശക്തികൾ എത്രമാത്രം ഇസ്‌ലാമിനെക്കുറിച്ച് അപവാദങ്ങൾ പറഞ്ഞു പരത്തിയാലും ഇസ്‌ലാംതന്നെയാണ് ലോകത്തിന് അല്ലാഹുവിന്റെ അടുത്തേക്കുള്ള വഴി കാണിക്കേണ്ടതും സമാധാനവും ശാന്തിയും നല്കേണ്ടതും. ഇന്നല്ലെങ്കിൽ നാളെ ലോകത്ത് സമാധാന സ്ഥാപനത്തിനുള്ള ജാമ്യം ഇസ്‌ലാം മതമാണെന്ന കാര്യം ലോകത്തിന് അംഗീകരിക്കേണ്ടതായി വരും.

അല്ലാഹു നമുക്ക് ഈ വിജയത്തിന്റെ ഭാഗമാകാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഒരുപാടിരട്ടി വർധിച്ച് കാണാനും നമ്മുടെ കർമങ്ങൾ ഇസ്‌ലാമികാധ്യാപനമനുസരിച്ച് വാർത്തെടുക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

വിവർത്തനം:
-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

## ആകാശത്തുനിന്ന് ആരും വരില്ല

വാഗ്ദത്ത മസീഹിന്റെ ആകാശത്തുനിന്നുള്ള ഇറക്കം വെറും വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്നു നല്ലവണ്ണം ധരിച്ചുകൊൾവിൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്ക് ആകാശത്തുനിന്ന് മർയമിന്റെ മകൻ യേശു (ഇബ്നുമറിയം) ഇറങ്ങിവരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനുശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ ഈസാ ഇറങ്ങുന്നതായി കാണാതെ മരണമടയുകയും പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതുമാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും കാരണം അന്നു കുരിശിന്റെ മേധാവി ത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും.

(തദ്കിറത്തുശ്ശഹാദത്തൈൻ പേജ്:67)

# ദജ്ജാൽ

സഹീഹായ ഹദീസുകളിൽ നിരവധി തവണ ആവർത്തിച്ച് പറയുകയും അവസാന കാലത്ത് മസീഹ് ആവിർഭവിക്കുമ്പോൾ പ്രത്യക്ഷപ്പെടുമെന്ന് മുസ്‌ലിംകൾ വിശ്വസിക്കുകയും എല്ലാ നമസ്കാര വേളകളിലും അതിന്റെ ഉപദ്രവ ത്തിൽ നിന്ന് രക്ഷക്കായി പ്രാർഥിക്കുകയും ചെയ്യുന്ന ദജ്ജാൽ യഥാർഥത്തിൽ ഇന്ന് മുസ്‌ലിം ലോകത്തെ വലയം ചെയ്യുകയും ഭീകരമായി ആക്രമണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മസീഹ് അവതരിച്ചിട്ടും ദജ്ജാൽ അതിന്റെ ഭീകരാക്രമണം ആരംഭിച്ചിട്ടും റസൂൽ തിരുമേനി (സ) താക്കീത് ചെയ്ത ദജ്ജാലിനെ പുരാണങ്ങളിലും ഇതിഹാസങ്ങ ളിലും നാടോടി ക്കഥകളിലും വർണിക്കപ്പെട്ടത് പോലുള്ള ഒരു ഭീകര സത്വമായി സങ്കൽപ്പിച്ച് മുസ്‌ലിംകൾ ദജ്ജാലിന്റെ ആഗമന വും ആ ഭീകര ജീവിയെ സംഹരി ക്കാൻ ആകാശത്ത് നിന്ന് മസീഹിന്റെ ഇറക്കവും പ്രതീക്ഷിച്ച് ദിവാസ്വപ്നങ്ങളിൽ കഴിച്ച് കൂട്ടുകയാണ്. മുസ്‌ലിം ലോകത്തെ മതപരവും രാഷ്ട്രീയവും സാമ്പ ത്തികവും സാംസ്കാരികവുമായി നശിപ്പിക്കാൻ ആക്രമണം അഴിച്ചു വിട്ടു കൊണ്ടിരിക്കുന്ന പാശ്ചാത്യൻ നാഗരികതയാണ് ദജ്ജാൽ. ജിഹാദ് നടത്തി ആ ശക്തിയെ അതിജയി ക്കാൻ മുസ്‌ലിം ലോകത്തിനാകില്ല. തൗഹീദിലധിഷ്ഠിതമായ ശക്തമായ വാദമുഖങ്ങളവതരിപ്പിച്ചും ആഗോളതലത്തിൽ ഇസ്‌ലാമിക പ്രചാരണം നടത്തിയും സർവോ പരി ഉത്തമമായ ഇസ്‌ലാമിക ജീവിത മാതൃക അവതരിപ്പിച്ചുമാണ് മസീ ഹും മസീഹിന്റെ ഖിലാഫത്തും ദജ്ജാലിനെയും ദജ്ജാലീ സംസ്കാ രത്തെയും കീഴ്പ്പെടുത്തി ഇസ്‌ലാ മിനെ വിജയിപ്പിക്കുക. ആ പ്രവർ ത്തനം ഇപ്പോൾ നടന്നു കൊണ്ടിരി ക്കുന്നു. മുസ്‌ലിംകൾ ഇത് തിരിച്ച റിയാതെ പോയതാണ് അവരുടെ മുഖ്യപരാജയം.

ഹ്ദറത്ത് മിർസാ ബശീർ അഹ്മദ് (റ)

മസീഹ് മഊദിന്റെ കാലത്ത് ദജ്ജാലിന്റെ പുറപ്പാട് ഉണ്ടാകുമെന്ന് നബി (സ) തിരുമേനി സഹാബത്തിനെ അഭിമുഖീകരിച്ച് ഇങ്ങനെ പറഞ്ഞതായി ഹദീസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

*‘ഒറ്റക്കണ്ണനായ പെരും നുണയനെപ്പറ്റി തന്റെ ജനത്തോട് ഭയപ്പെടുത്തി പറഞ്ഞിട്ടില്ലാത്ത ഒരു നബിയും കടന്നുപോയിട്ടില്ല. അറിഞ്ഞു കൊണ്ടിരുന്നാലും. അവൻ ഒറ്റക്കണ്ണനായിരിക്കും. എന്നാൽ നിങ്ങളുടെ ദൈവം ഒറ്റക്കണ്ണനല്ല. ആ ഒറ്റക്കണ്ണനായ ദജ്ജാലിന്റെ കണ്ണുകൾക്കിടയിൽ കഫറ എന്ന് എഴുതപ്പെട്ടിരിക്കും.’ അവൻ അവനോട് കൂടി സ്വർഗ നരകങ്ങളുടെ സാദൃശ്യങ്ങൾ കൊണ്ടു വരും എന്ന് മറ്റൊരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. എന്നാൽ അവൻ ഏതൊന്നിനെ പറ്റി സ്വർഗമെന്ന് പറയുമോ അത് യഥാർഥത്തിൽ നരകമായിരിക്കും. മറ്റൊരു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ദജ്ജാൽ പുറപ്പെടുമ്പോൾ അവരോടൊന്നിച്ച് വെള്ളവും തീയും ഉണ്ടാകും. എന്നാൽ ജനങ്ങൾ വെള്ളമായി കാണുന്നത് യഥാർഥത്തിൽ ദഹിപ്പിക്കുന്നതായിരിക്കും. ജനങ്ങൾക്ക് തീയായി കാണുന്നത് യഥാർഥത്തിൽ തണുപ്പും സ്വാദുമുള്ള വെള്ളമായിരിക്കും. ദജ്ജാലിന്റെ ഒരു കണ്ണ് കാഴ്ചയില്ലാത്തതായിരിക്കും. അതിന്റെ കണ്ണുകൾക്കിടയിൽ കാഫിർ എന്ന് എഴുതിയിട്ടുണ്ടാകും. അക്ഷരജ്ഞാനമുള്ളവരും അല്ലാത്തവരുമായ എല്ലാ സത്യവിശ്വാസിക്കും അത് വായിക്കാൻ കഴിയും. മറ്റൊരു രിവായത്തിൽ പറഞ്ഞിരിക്കുന്നു. ദജ്ജാൽ മഴ പെയ്യാൻ ആകാശത്തോട് കൽപ്പിക്കുമ്പോൾ ആകാശം വെള്ളം ചൊരിയുകയും മുളപ്പിക്കുക എന്ന് ഭൂമിയോട് കൽപ്പിക്കുമ്പോൾ ഭൂമി മുളപ്പിക്കുകയും ചെയ്യും. അവൻ പാഴ്ഭൂമിയിൽ കൂടി നടന്നു പോകുമ്പോൾ ‘നിന്റെ നിക്ഷേപങ്ങൾ പുറത്തു കൊണ്ട് വരിക’ എന്ന് പറയുമ്പോൾ നിക്ഷേപങ്ങൾ പുറത്തു വരുന്നു. അവനെ പിന്തുടരുകയും*

*ചെയ്യുന്നു. മറ്റൊരുരിവായ ത്തിൽ പറയുന്നു: 'ഞാൻ ഇവനെ കൊല്ലുകയും പിന്നെ ജീവിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾ എന്റെ കാര്യത്തിൽ സംശയിക്കുമോ എന്ന് ദജ്ജാൽ ജനങ്ങളോട് ചോദിക്കും. ഇല്ലെന്ന് അവൻ മറുപടി പറയും. അനന്തരം ദജ്ജാൽ അവനെ കൊല്ലുകയും അവർ വീണ്ടും ജീവിപ്പിക്കുകയും ചെയ്യും. മറ്റൊരു രിവായത്തിൽ പറയുകയാണ് അവന്റെ കൂടെ റൊട്ടിയുടെ മലകളും വെള്ളത്തിന്റെ തോടും ഉണ്ടാകും. മറ്റൊരു രിവായത്തിൽ പറയുകയാണ് ദജ്ജാൽ ഒരു വെളുത്ത കഴുതപ്പുറത്ത് പ്രത്യക്ഷപ്പെടും. ആ കഴുതയുടെ ഒരു ചെവി മുതൽ മറ്റേ ചെവി വരെ 70 വാര അകലമുണ്ടാകും.'*

മിശ്കാത്തിലെ പല രിവായത്തിൽ നിന്നും സംഗ്രഹിച്ചുചേർത്തിട്ടുള്ള ദജ്ജാലിനെ സംബന്ധിച്ച വിവരണമാണിത്. ഇനി നമുക്ക് നോക്കാനുള്ളത് ഈ ദജ്ജാൽ ആരാണ് അവൻ വന്നു കഴിഞ്ഞോ ഇല്ലയോ എന്നാണ്. ഈ കാര്യത്തിൽ പ്രഥമ ഗണനീയം അറബി ഭാഷയിൽ ദജ്ജാൽ എന്ന പദത്തിന് എന്ത് അർഥം പറയുന്നു എന്ന പരിശോധനയാണ്. . ദജ്ജാൽ എന്ന പദത്തിന് ആറ് അർഥമാണ് അറബി ഭാഷയിലുള്ളത്.

1. ഭയങ്കരമായ കളവ് പറയുന്നവൻ.

2. മറയ്ക്കുന്നവൻ. അറബിയിൽ 'ദജലൽ ബയീർ' എന്ന് പറഞ്ഞാൽ യാതൊരു പഴുതുമില്ലാത്ത വിധം ഒട്ടകത്തിന്റെ ശരീരം അവൻ മയിലാഞ്ചി കൊണ്ട് മൂടിയെന്നാണ്. ദജ്ജാൽ എന്ന പദം ഇതേ മൂലത്തിൽ നിന്ന് ഉദ്ഭവിച്ചതാണെന്നാണ് 'താജുൽ അറൂസ്' ൽ പറയുന്നത്. ***'ല അൻഹു യളമ്മുൽ അർളി കമാ അന്നൽ ഹിനാഅ യളമ്മൽ ജസദി'*** മൈലാഞ്ചി ശരീരത്തെയെന്ന പോലെ അവൻ ഭൂമിയെ മറച്ചു കളയും.

3.ലോകസഞ്ചാരം നടത്തുന്നവൻ. അറബി ഭാഷാ നിഘണ്ടുവിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു :

***'ദജലർ റജുലു ഇദാ ഖത്തഅ നവാഹിയൽ അർളി സയീറാ '***

ഒരാൾ ലോക സഞ്ചാരം ചെയ്താൽ 'ദജലൽ റജ്ലു'എന്നു പറയും.

4. വലിയ കുബേരൻ, നിക്ഷേപകൻ. സ്വർണത്തിന് 'ദജ്ജാൽ' എന്ന് പറയും

5 വലിയ ജനസമൂഹത്തിനും ദജ്ജാൽ എന്ന് പറയും

***'അല്ലദീ തുഅളീ അർള ബി കസറതി അഹ്‌ലിഹാ'***

വ്യക്തികളുടെ ആധിക്യത്താൽ ലോകത്തെ മറച്ചുകളയുന്ന ജനക്കൂട്ടം.

6. ദജ്ജാൽ എന്ന പദം കച്ചവട സാമാനങ്ങൾ പേറിക്കൊണ്ട് സഞ്ചരിക്കുന്ന ജനക്കൂട്ടത്തിന് ഉപയോഗിക്കും.

ഈ എല്ലാ അർഥത്തിലും വിശ്വാസയോഗ്യവും സുപ്രസിദ്ധവുമായത് ' താജുൽ അറൂസ്'എന്ന അറബി നിഘണ്ടുവിൽ രേഖപ്പെടുത്തിയിട്ടുള്ളവയാണ്. ഈ അർഥങ്ങളെ മുൻ നിർത്തി നോക്കുമ്പോൾ ദജ്ജാൽ തങ്ങളുടെ കച്ചവട ചരക്കുകളുമായി ലോകം മുഴുവൻ സഞ്ചരിക്കുന്ന വമ്പിച്ച ഒരു ജനസമൂഹമാണെന്ന് മനസ്സിലാക്കാവുന്നതാണ്. അവരുടെ തൊഴിൽ കച്ചവടമായിരിക്കും. അവർ വലിയ സമ്പന്നരായിരിക്കും. ലോകം മുഴുവൻ അവർ സഞ്ചരിക്കും. മതപരമായി ഭയങ്കരമായ അബദ്ധ വിശ്വാസത്തിൽ അടിയുറച്ചവരായിരിക്കുകയും ചെയ്യും.

ഇനി ഈ വിവരണത്തേയും മുകളിൽ കൊടുത്ത ഹദീസുകളിലെ വിവരണത്തെയും ചേർത്ത് നോക്കുകയാണെങ്കിൽ ദജ്ജാൽ എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ഇക്കാലത്ത് ലോകം മുഴുവൻ പരന്നിട്ടുള്ള പശ്ചിമ രാജ്യങ്ങളിലെ ജനതയാണെന്ന് മനസ്സിലാക്കാൻ കഴിയും. മുകളിൽ പറഞ്ഞ എല്ലാ ലക്ഷണങ്ങളും പ്രത്യക്ഷമായി തന്നെ അവരിൽ തെളിഞ്ഞ് കാണുന്നു. ഒറ്റക്കണ്ണനായിരിക്കുന്നതിന്റെ സൂചന അവരുടെ ഭൗതികത്വമാണ്. അതായത് അവരുടെ അദ്ധ്യാത്മികതയുടെ കണ്ണ് മൂടിയിടപ്പെട്ടിരിക്കുകയും ലൗകികതയുടെ കണ്ണ് നല്ലത് പോലെ തുറന്നിരിക്കുകയും ചെയ്യും. അവരുടെ രണ്ട് കണ്ണുകൾക്കിടയിലും കാഫിർ എന്ന് എഴുതിയിട്ടുണ്ടായിരിക്കുമെന്ന് പറഞ്ഞതിന്റെ സാരം എഴുത്തറിയുന്നവരും അല്ലാത്തവരുമായ എല്ലാ സത്യവിശ്വാസികൾക്കും അറിയാൻ കഴിയുന്ന തെറ്റായ വിശ്വാസം ഈസാ നബി ദൈവമാണെന്ന വിശ്വാസം അവരുടെ പ്രധാന ലക്ഷണമായിരിക്കുമെന്നാണ്. ആകാശഭൂമികളിൽ സ്വാധീനം ചെലുത്തുക, ജീവിപ്പി ക്കുക മുതലായ ലക്ഷണങ്ങൾ അവരുടെ ശാസ്ത്ര വിജ്ഞാനത്തിന്റെയും കണ്ടു പിടുത്തങ്ങളുടെയും ശക്തിയേയും രാഷ്ട്രീയ സാമ്പത്തിക മേധാവിത്വത്തെയുമാണ് സൂചിപ്പിക്കുന്നത്. അങ്ങനെയല്ലെങ്കിൽ അല്ലാഹുവിന്റെ അധികാരത്തിൽ പ്പെട്ട ഈ കാര്യങ്ങളെല്ലാം സൃഷ്ടികളുമായി ബന്ധപ്പെടുത്തുന്നത് ദൈവദൂഷണമായിരിക്കും. ദജ്ജാലോടുകൂടി സ്വർഗ നരകങ്ങൾ ഉണ്ടായിരിക്കുമെന്ന് പറഞ്ഞതിന്റെ അർഥം, ഏതൊരുവൻ അവരോടുകൂടി പോവുകയുകയും അവരുടെ കൽപ്പന അനുസരിക്കുകയും ചെയ്യുന്നുവോ അവന് ബാഹ്യമായി ഒരു നരകയാതന അനുഭവിക്കേണ്ടി വരികയും ചെയ്യുമെന്നാണ്. എന്നാൽ യഥാർഥത്തിൽ ആ സ്വർഗം നരകവും ആ നരകം സ്വർഗവുമായിരിക്കും. അവരോടൊന്നിച്ച് അപ്പത്തിന്റെ മലയും വെള്ളത്തിന്റെ തോടും ഉണ്ടായിരിക്കും എന്നതിന്റെ അർഥം ഒരു വ്യാഖ്യാനം ആവശ്യമില്ലാത്ത വിധം വ്യക്തമാണ്. രണ്ട് കാതുകൾക്കിടയിലുള്ള അകലം 70 വാരയായിരിക്കുന്ന കഴുതകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ബാഹ്യാർഥത്തിലുള്ള കഴുതയല്ല. പാശ്ചാത്യരുടെ കണ്ടുപിടുത്തവും പഴയ കാലത്തെ സവാരി വാഹനമായ കഴുതയുടെ സ്ഥാനം വഹിക്കുന്നതുമായ തീവണ്ടിയാണ് ഈ വർണനയിൽ സാക്ഷാൽകൃതമായിരിക്കുന്നത്.

ചെവികൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് തീവണ്ടിയുടെ രണ്ടറ്റങ്ങളിലിരിക്കുന്ന ഡ്രൈവറും ഗാർഡുമാണ്. തീവണ്ടിയുടെ നീളമാണ് രണ്ട് ചെവികൾക്കിടയിലുള്ള അകലമായി പറയപ്പെട്ടിരിക്കുന്നത്. തീവണ്ടിയുടെ നീളവും ഏറെക്കുറെ 70 വാരയാകുന്നു. മേൽ പറഞ്ഞ ലക്ഷണങ്ങളെല്ലാം പാശ്ചാത്യ ജനങ്ങളിൽ എത്ര വ്യക്തമായി കാണപ്പെടുന്നുവെന്ന് നോക്കുക. അവസാന കാലത്ത് ദജ്ജാൽ പുറപ്പെടുമെന്ന് പറഞ്ഞതുകൊണ്ട് മനസ്സിലാകുന്നത് അവൻ മുമ്പുള്ളവനാണെന്നാണ്. ചില ഹദീസുകളും ഈ സംഗതി സൂചിപ്പിക്കുന്നുണ്ട്. എന്നാൽ മുമ്പ് അവൻ അവരുടെ രാജ്യത്ത് ബന്ധനസ്ഥനായിരുന്നെങ്കിൽ ഖിയാമത്തിനടുത്ത് പ്രതാപത്തോടു കൂടി പുറത്ത് വരികയും മുഴുവൻ ലോകത്തും പരക്കുകയും ചെയ്യും. അങ്ങനെ തന്നെ സംഭവിച്ചു. പാശ്ചാത്യ ജനങ്ങൾ മുമ്പ് അവരുടെ രാജ്യങ്ങളിൽ ഉറങ്ങിക്കഴിയുകയായിരുന്നു. എന്നാൽ ഇന്ന് അവർ ഉണർന്ന് ഭൂമുഖം മുഴുവൻ വ്യാപിച്ചിരിക്കുകയാണ്.

നബി തിരുമേനി(സ) അരുൾ ചെയ്ത ദജ്ജാലിനെ ഒറ്റ വ്യക്തിയുടെ രൂപത്തിൽ കണ്ടസ്ഥിതിക്ക് അവർ എങ്ങനെയാണ് ഒരു ജനസമൂഹമായി തീരുന്നതെന്ന സംശയം അർഥരഹിതമാണ്. എന്തെന്നാൽ നബി(സ)തിരുമേനി ആ കാഴ്ച്ച കണ്ടത് ആദ്ധ്യാത്മിക ദർശനത്തിലായിരുന്നു. അതിനെ പറ്റി ബുഖാരിയിൽ പറയുന്നത് ഇപ്രകാരമാണ്.

**'ഞാൻ ഉറങ്ങിക്കൊണ്ടിരിക്കെ കഅ്ബ പ്രദക്ഷിണം ചെയുന്ന തായി കണ്ടു.'** സ്വപ്നങ്ങൾ എപ്പോഴും വ്യഖ്യാന വിധേയമാണെന്ന സംഗതി സർവരാലും സമ്മതി ക്കപ്പെട്ടതാണ്. സ്പനത്തിൽ പലപ്പോഴും വ്യക്തി സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നു. ഉദാഹരണമായി ഈജിപ്തിലെ രാജാവ് ഏഴ് കൊല്ലത്തെ ക്ഷാമത്തെ ഏഴ് മെലിഞ്ഞ പശുക്കളായാണ് സ്വപ്നം കണ്ടതെന്ന് സൂറ: യൂസുഫിൽ പറയുന്നു. അതിന് ഹദ്റത്ത് യൂസുഫ് വ്യാഖ്യാനം നൽകിയത് ഒരു പശു ഒരു കൊല്ലത്തെ മുഴുവൻ നാൽക്കാലികളെ മാത്രമല്ല. ജനങ്ങളെ മൊത്തം ബാധിക്കുന്ന ക്ഷാമത്തെയും ആണ് സൂചിപ്പിക്കുന്നതെന്നും ഇത് ഏഴ് വർഷം വരെ നീണ്ടു നിൽക്കുമെന്നും അദ്ദേഹം വ്യാഖ്യാനിച്ചു. അങ്ങനെ എല്ലാ ജീവജാലങ്ങൾക്കും പകരം കണ്ടത് ഒരു പശുവിനെയാണ്. നബി (സ) തിരുമേനിക്ക് ദജ്ജാലിനെയും ഒരു വ്യക്തിയുടെ രൂപത്തിൽ അല്ലാഹു കാണിച്ചു കൊടുത്തത് ദർശന രൂപാത്മകമായ ഭാഷ യോട് തികച്ചും യോജിച്ചത് തന്നെയാകുന്നു. ചുരുക്കത്തിൽ ദജ്ജാൽ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ഒരു വ്യക്തി യല്ലെന്നും നേരെ മറിച്ച് ഇക്കാ ലത്ത് ക്രൈസ്തവ ജനതയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട വമ്പിച്ചൊരു ജനസമൂഹമാണെന്നുമുള്ളതാണ് വാസ്തവം. അതിനുള്ള തെളിവുകൾ താഴെ പറയുന്നവയാണ്.

1. അറബി ഭാഷയിൽ ഒരു സമൂഹത്തിനും ദജ്ജാൽ എന്ന് പറയും. അതിനാൽ അതൊരു വ്യക്തി ആയേ തീരു എന്നില്ല.

2. ദജ്ജാലിനെ കുറിച്ച് പറയപ്പെട്ടിട്ടുള്ള കുഴപ്പവും അവനുണ്ടായിരിക്കേണ്ട കഴിവുകളും ഒരു വ്യക്തിയിൽ ഒരുമിച്ചു കൂട്ടുകയെന്നത് ബുദ്ധിക്കും യുക്തിക്കും യോജിക്കാത്തതാണ്.

3. ദജ്ജാലിന്റെ ലക്ഷണങ്ങൾ വിവരിക്കുന്നതിനായി ഉപയോഗിക്കപെട്ടിട്ടുള്ള പദങ്ങളെ പറ്റി ചിന്തിക്കുമ്പോൾ പ്രവചനത്തിൽ ഉപമാലങ്കാരങ്ങൾക്ക് സ്ഥാനം നൽകപ്പെട്ടിട്ടുണ്ടെന്ന് നല്ലത് പോലെ മനസ്സിലാകുന്നു. ബാഹ്യാർഥത്തിൽ എടുക്കുകയാണെങ്കിൽ നഊദുബില്ലാ ദജ്ജാലിന് ചില ദൈവിക ശക്തികളുണ്ടെന്ന് സമ്മതിക്കേണ്ടി വരും.

4. ദജ്ജാലിന് പറയപ്പെട്ടിട്ടുള്ള എല്ലാ ലക്ഷണങ്ങങ്ങളും ക്രൈസ്തവ ജനതയിൽ തെളിഞ്ഞു കാണുന്നു.

5 ദജ്ജാലിന്റെ കുഴപ്പം ഏറ്റവും വലിയ കുഴപ്പമാണെന്നാണ് പറയപ്പെട്ടിരിക്കുന്നത്. ക്രൈസ്തവ ജനതയുടെ അതിഭൗതികതയും തത്ത്വജ്ഞാനവും ഈ മതത്തിനും ദൈവ വിശ്വാസത്തിനും വരുത്തി തീർത്തിട്ടുള്ള കെടുതി മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നും മേലിൽ ഉണ്ടാകുമെന്ന് വിചാരിക്കാൻ നിവൃത്തിയില്ലെന്നും അനുഭവം മനസ്സിലാക്കി ത്തരുന്നു. കൂടാതെ ഏറ്റവും വലിയ കുഴപ്പം ക്രിസ്തുമതത്തിന്റെതായിരിക്കുമെന്നാണ് സൂറ: ഫാത്തിഹയും പഠിപ്പിക്കുന്നത്.

6. നബി തിരുമേനി (സ) മദീനയിലെ ഒരു യഹൂദ യുവാവായ ഇബ്നു സയ്യാദിനെ സംബന്ധിച്ച് (അദ്ദേഹം പിന്നീട് മുസ്ലിമായി) ദജ്ജാലാണെന്ന് സംശയം പ്രകടിപ്പിക്കുകയുണ്ടായി. അവൻ ദജ്ജാലാണെന്ന് നബി (സ) യുടെ മുമ്പിൽ വെച്ച് ഹദ്റത്ത് ഉമർ സത്യം ചെയ്തു പറഞ്ഞപ്പോൾ തിരുമേനി(സ) അതിനെ നി ഷേധിക്കുകയും ചെയ്തില്ല. (മിശ്കാത്ത്) ഇബ്നു സയ്യാദിലാകട്ടെ ദജ്ജാലിന്റെ ലക്ഷണങ്ങൾ പലതും കാണപ്പെട്ടിരുന്നില്ല. നബി (സ) തിരുമേനിയും സഹാബത്തും ദജ്ജാലിനെ സംബന്ധിച്ച പ്രവചനത്തെ ആലങ്കാരികമായിട്ടാണ് കണ്ടിരുന്നതെന്നും എല്ലാ ലക്ഷണങ്ങളും അക്ഷരാർഥത്തിൽ പ്രകടമായി കാണേണ്ടത് അവശ്യമായി കരുതിയില്ലെന്നുമാണ് ഇതിൽ നിന്ന് വ്യക്തമായി തെളിയുന്നത്.

7. ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനായി സൂറ: കഹ്ഫിന്റെ പ്രാരംഭ വചനങ്ങൾ ഓതിക്കൊണ്ടിരിക്കാൻ നബി (സ) നിർദേശിച്ചിട്ടുണ്ടായിരുന്നു. സൂറ: കഹ്ഫിന്റെ പ്രാരംഭ വചനത്തിലെ പ്രതിപാദ്യം ക്രിസ്തുമതത്തിന്റെ തെറ്റായ വിശ്വാസത്തിന്റെ ഖണ്ഡനമാണ്.

***'തന്റെ ദാസന് ഈ ഗ്രന്ഥം ഇറക്കി കൊടുത്ത അല്ലാഹുവിനാണ് സർവസ്തുതിയും. അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന് പറയുന്നവർക്ക് മുന്നറിയിപ്പ്***

# ആദ്:

## മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻജനത 3

ഏഴു രാവും എട്ടു പകലും തുടർച്ചയായി വീശിയടിച്ച മണൽ കാറ്റിൽ അഹങ്കാരികളായ ആദ് ജനത നശിച്ച് നാമാവശേഷമായി. എഴുതപ്പെട്ട ചരിത്രങ്ങളെല്ലാം മൗനം പാലിക്കുകയും വിശുദ്ധ ഖുർആൻ മാത്രം ലോകത്തിന് സമർപ്പിക്കുകയും ചെയ്ത ആദിന്റെ ചരിത്രത്തെ പറ്റിയുള്ള അനിഷേധ്യമായ പുരാരേഖകൾ ലോകത്തിന് പതുക്കെ ലഭിച്ചു കൊണ്ടിരിക്കുകയാണ്.

**എ. എം. മുഹമ്മദ് സലീം**

**കണ്ടെത്തിയത് ശരിയായ സ്ഥലമോ?**

അമേരിക്കൻ ഗവേഷകർ കൊട്ടിഘോഷിച്ച ഉബാർ എന്ന നഗരത്തിന്റേതെന്ന് പറയപ്പെടുന്ന പുരാവസ്തുനിർമിതി ആദിന്റെ കാലത്തേതായിരിക്കാം. അവർ അവകാശപ്പെടു ന്നത് പോലെ അത് ഖുർആൻ പറഞ്ഞ നശിപ്പിക്കപ്പെട്ട ആദിന്റെ ആസ്ഥാന നഗരമായിരിക്കാൻ സാദ്ധ്യതയില്ല. ആദ് എന്ന പുരാതന അറേബ്യൻ ജനതയെ കുറിച്ചുള്ള അറിവ് നൽകിയ ഒരേയൊരു ചരിത്ര സ്റോതസ്സ് വിശുദ്ധ ഖുർആൻ മാത്രമാണ്. ഖുർആനിൽ ഉബാർ എന്ന നഗരത്തെക്കുറിച്ച് യാതൊരു പ്രതിപാദനവുമില്ല. ഖുർആനിലെന്നല്ല ആദിനെ പറ്റി പരാമർശിച്ച ഒരു അറബി ചരിത്രകാരന്റെ ആധികാരിക രചനകളിലും ആദ് സമൂഹത്തിന്റേതായി ഉബാർ എന്ന ഒരു നഗരത്തെക്കുറിച്ചുള്ള പ്രതിപാദനമോ വിവരണമോ ഇല്ല. എന്തിനധികം 'ആയിരത്തൊന്നു രാവുകൾ' എന്ന അറബിക്കഥയിലെ മരുഭൂമിയിലെ വിജന ശൂന്യമായ പട്ടണത്തിന് പോലും ഉബാർ എന്ന പേരില്ല. ഉബാർ എന്ന പട്ടണം ബദവികളായ അറബി നാടോടികളുടെ വാമൊഴി പാരമ്പര്യത്തിലുള്ള കഥകളിലെ നാമം മാത്രമാണ്. ഇംഗ്ലീഷ് ഗവേഷകനായ ബർട്രന്റ് തോമസ്സ് അത് കേട്ട് തന്റെ പുസ്തകത്തിൽ എഴുതി എന്നതൊഴികെ മറ്റൊരു ചരിത്ര പരമായ ആധികാരികതയും ഉബാർ എന്ന നഗര നാമത്തിന് നൽകാനാവില്ല.

മറ്റൊരു ശ്രദ്ധേയമായ കാര്യം വിശുദ്ധ ഖുർആൻ ആദ് സമൂഹത്തിന്റെ മുഖ്യ ഗോത്രമായി ഉപയോഗിച്ച ഇറം എന്ന നാമം അവരുടെ നഗരത്തിന്റെ പേരായും അവരുടെ രാജ്യതലസ്ഥാനമായും പല ഖുർആൻ വ്യാഖ്യാതാക്കളും യൂറോപ്യന്മാരും കരുതുന്നു. പ്രശസ്ത ഖുർആൻ വിവർത്തകനും ഭാഷ്യകാരനുമായ അബ്ദുല്ല യൂസുഫ് അലിയുടെ ഖുർആൻ വ്യാഖ്യാന

---

***നൽകുന്നതിന് വേണ്ടിയാണ് (ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്). അവർക്കോ അവരുടെ പിതാക്കൾക്കോ അതു സംബന്ധിച്ച് യാതൊരറിവുമില്ല. അവരുടെ മുഖത്ത് നിന്ന് പുറപെടുന്ന വാക്കുകൾ ഗുരുതരമായതാണ് . കള്ളമല്ലാതെ അവർ പറയുന്നില്ല.'***

ഇക്കാലത്ത് അസാധാരണ നിലയിൽ പ്രതാപം പ്രാപിക്കുകയും ലോകം മുഴുവൻ വ്യാപിക്കുകയും ചെയ്തിട്ടുള്ള ക്രൈസ്തവ ജനതയാണ് ദജ്ജാൽ എന്നതിലേക്ക് ഇതിൽ കവിഞ്ഞ തെളിവ് മറ്റെന്താണ് വേണ്ടത്? ഈ ദജ്ജാലിന്റെ ദജ്ജാലിയത്ത് അവരുടെ ഭൗതികതയും തെറ്റായ വിശ്വസങ്ങളുമാണ്. കണ്ണുള്ളവർ കണ്ടുകൊള്ളട്ടെ. ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തിന്റെ എതിരാളികളായ മൗലവിമാരെ സംബോധന ചെയ്തുകൊണ്ട് എത്ര ഭംഗിയായാണ് ഒരിടത്ത് എഴുതിയത്. അദ്ദേഹം പറയുകയാണ്:

***ദജ്ജാൽ അത്ഭുത സൃഷ്ടിയായ ഒരു വ്യക്തിയാണെന്ന് കരുതി നിങ്ങൾ കാത്തിരിക്കുകയാണ്. എന്നാൽ നിങ്ങളുടെ സാങ്കൽപ്പികമായ ആ ദജ്ജാലിന്റെ പിതാവിന് പോലും ആലോചിക്കാൻ കഴിയാത്ത ഭയങ്കരമായ വഞ്ചനയും കുഴപ്പവുമാണ് നിങ്ങളുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നത്.***


8. നബി(സ) തിരുമേനിയുടെ അനുയായികളിൽ ഒരാളായ തമിംദാരി തനിക്കുണ്ടായ ഒരു സ്വപ്നത്തിൽ ദജ്ജാലിനെ ചർച്ചിൽ ബന്ധിക്കപ്പെട്ട നിലയിൽ കണ്ടതായി സഹീഹ് മുസ്‌ലിമിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യം അദ്ദേഹം നബി (സ) തിരുമേനിയോടും തിരുമേനി(സ) ജനങ്ങളോടും പറയുകയുണ്ടായി.

ത്തിലും ഇറം നഗരമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. (Abdulla Yusuf Ali-Holy Quran Text Translation and commantary p. 1949). വാസ്തവത്തിൽ ഇറം എന്നത് അവരുടെ ഗോത്ര നാമമാണ്. വലിയ ഗോത്രത്തിൽ പെട്ട ഒരു ഉപ വിഭാഗ മായിരുന്നു ഖുർആൻ വിവരിച്ച ആദ്. അതു കൊണ്ട് അവർ അവരു ടെ മുഖ്യ ഗോത്രമായ ഇറമിന്റെ നാമം കൂട്ടിച്ചേർത്തു കൊണ്ട് 'ആദ് ഇറം' എന്നാണ് പറയാറ്. ഇറം ഗോത്രത്തിലെ എല്ലാവരും അവരു ടെ ഉപഗോത്രത്തോടൊപ്പം മുഖ്യ ഗോത്രമായ ഇറം എന്ന പേര് ചേർ ത്ത് പറയാറുണ്ടായിരുന്നു. ഇബ്നു ഖൽദൂൺ ഇതിനെ പറ്റി പറയുന്നത്: ***' ആദ് നിലവിൽ വന്ന കാലത്ത് അവർ ആദ് ഇറം എന്ന് വിളിക്ക പ്പെട്ടു. സമൂദ് വംശം വന്നപ്പോൾ സമൂദ് ഇറം എന്ന പേരിലറിയപ്പെട്ടു. അതിന് ശേഷം നംറൂദ് വംശം നിലവിൽ വന്നപ്പോൾ നംറൂദ് ഇറം എന്ന് വിളിക്ക പ്പെട്ടു. ഇവർ ബാബിലോണിയയിലാണ് വസിച്ചത് '(മുഖദ്ദിമ).*** ഇറമിന്റെ നാമത്തിൽ നിന്നാണ് ഇറാന് ആ നാമം ലഭി ച്ചതെന്ന് ചില ചരിത്രകാരന്മാർ പറ യുന്നു. ആര്യന്മാർ ഇറം ഗോത്ര ത്തിൽ പെട്ടവരാണെന്നും പല ചരിത്രകാരന്മാരും അഭിപ്രായപ്പെട്ടി ട്ടുണ്ട്.

### ഖുർആൻ നൽകുന്ന സൂചനകൾ

അമേരിക്കൻ ഗവേഷകർ 1992 ൽ കണ്ടെത്തിയെന്ന് അവകാശപ്പെടുന്ന ഉബാർ അഥവാ ആദിന്റെ പട്ടണ ത്തിന്റെ സ്ഥാനം റുബുഉൽ ഖാലി മരുഭൂമിയുടെ കിഴക്ക് ഭാഗത്തെ ഒമാൻ ഭാഗം ആയിരിക്കാൻ സാദ്ധ്യ തയില്ല. അത് തെക്ക് പടിഞ്ഞാറൻ യമന്റെ ഭാഗത്തായിരിക്കാനാണ് കൂടുതൽ സാദ്ധ്യതയെന്ന് ഖുർആ ന്റെ സൂചനകളിൽ നിന്നും ചില ചരിത്ര ഗവേഷകന്മാർ ചൂണ്ടിക്കാട്ടി യിട്ടുണ്ട്. ഇത് സംബന്ധിച്ച് ഖുർ ആൻ നൽകുന്ന സൂചനകൾ എന്തൊക്കെയാണെന്ന് നോക്കാം.

***'ആദിന്റെ സഹോദരനെ (ഹൂദ്) സ്മരിക്കുക. അദ്ദേഹം തന്റെ ജനത യെ ആ മണൽകുന്നുകളിൽ വെച്ച് താക്കീത് ചെയ്തപ്പോൾ'(46:22) 'അവരെ ഉന്മൂലനം ചെയ്യാനായി ആ കാറ്റിനെ അവൻ ഏഴു രാവും എട്ടു പകലും അവരുടെ മേൽ വീശി യടിച്ചു. അപ്പോൾ ആ ജനം ദ്രവിച്ച ഈത്തപ്പനത്തടിയുടെ തായ്ത്തടി കൾ പോലെ നിലം പതിച്ചതായി നിനക്ക് കാണാമായിരുന്നു. അവരു ടെ വല്ല അവശിഷ്ടവും നീ ഇപ്പോൾ കാണുന്നുണ്ടോ?' (69:7,8)*** ഈ വചനത്തിൽ നിന്ന് മനസ്സിലാ വുന്നത് മണൽ കുന്നുകളുള്ള ഒരിടമാണ് ആദിന്റെ വാസസ്ഥല മെന്നാണ്. എന്നാൽ അമേരിക്കൻ ഗവേഷകർ ഉബാർ അഥവാ ആദി ന്റെ ജന്മഗേഹം എന്ന് പറഞ്ഞ് കണ്ടെത്തിയ ഒമാനിലെ ദോഫാ റിലെ ഖാറാ പർവത പ്രദേശത്തെ സഫാറാ മെട്രോ പോളിസ് മണൽ കൂനകളില്ലാത്ത സ്ഥലമാണ് എന്ന കാര്യം ശ്രദ്ധേയമാണ്.Hammond's Ambassadors World Atlasൽ യമന്റെ ഭാഗത്തുള്ള അറേബ്യൻ ഉപഭൂഖണ്ഡത്തിലെ റുബുഉൽ ഖാലി മരുഭൂമിക്ക് തെക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ബഹറുൽ സാഫി അല്ലെങ്കിൽ അൽ അഹ്ഖാഫ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആധികാരിക അറബ് ചരിത്ര കാരനായ ഫിലിപ്പ് കെ. ഹിറ്റി(Philip Khuri Hitti) യുടെ, A History of the Arabs, അൽ അഹ്ഖാഫ് തെക്ക് പടിഞ്ഞാറൻ ഭാഗമായിട്ടാണ് രേഖ പ്പെടുത്തിയിട്ടുള്ളത്.( A History of the Arabs, Macmillan 1970 p. 16 ) പുരാതന കാലം മുതൽക്ക് തന്നെ ഖുർആൻ വിശേഷിപ്പിച്ച 'അഹ്ഖാ ഫ്' എന്ന നാമത്തിലാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്.




അമേരിക്കൻ ഗവേഷകരിൽ നിന്നും വ്യത്യസ്തമായി യമനിലെ അഹ്ഖാഫിനോട് ചേർന്ന ആദിന്റെ നിർദ്ദിഷ്ട അധിവാസ സ്ഥലം

ആദ് നശിച്ചത് ഏഴ് രാവും എട്ട് പകലും വീശിയടിച്ച മണൽ കാറ്റു കൊണ്ടാണ് എന്ന് ഖുർആൻ പറയുന്നു. എന്നാൽ അമേരിക്കൻ ഗവേഷകന്മാർ കണ്ടെത്തിയ ഉബാർ നഗരം നശിച്ചത് അടിയിൽ ഗർത്ത മുള്ള ചുണ്ണാമ്പു കല്ലിൽ പണിത കെട്ടിടങ്ങളുടെ ഭാരക്കൂടുതൽ കൊണ്ടാണ് എന്നാണ് ലോസ് ആഞ്ചലസ് ടൈംസിൽ വന്ന റിപ്പോർട്ടിൽ പറയുന്നത്: ***'ആ നഗരം എങ്ങനെയാണ് നശിച്ചതെന്ന് രേഖപ്പെടുത്തിയതായും ഗവേഷ കന്മാർ പറഞ്ഞു. അത് അവരുടെ തിന്മകൊണ്ടുള്ള ദൈവിക ശിക്ഷ കൊണ്ടൊന്നുമല്ല. അവരുടെ ഇതിഹാസ രാജാവ് ശദ്ദാദ് ബ്നു ആദ് ഒരു ചുണ്ണാമ്പ് ഗർത്തത്തിന് മീതെ അറിയാതെയാണ് സ്വർഗ ത്തെ അനുകരിച്ചു കൊണ്ടുള്ള തന്റെ കെട്ടിടം പണിതത്. ഈ ചുണ്ണാമ്പ് ഗർത്തത്തിന് മീതെ പണിത നഗരത്തിന്റെ ഭാരത്താൽ***

***ആ വൻ ഗർത്തത്തിലേക്ക് കെട്ടിടം താഴുകയായിരുന്നു. അങ്ങനെ നഗരത്തിന്റെ വലിയൊരു ഭാഗം നശിച്ചു. അവസാനം ബാക്കി നഗരവും ഉപേക്ഷിക്കപ്പെടുക യാണുണ്ടായത്. '((Los Angeles Times- February 05, 1992)***

ചുരുക്കത്തിൽ അമേരിക്കൻ ഗവേഷ കന്മാർ ആഘോഷപൂർവം കണ്ടെ ത്തിയ പട്ടണം ആദിന്റെ ഭരണ മേഖ ലയിലെ ഏതെങ്കിലും ഒരു നഗരമാ യിരിക്കാം. പക്ഷേ വലിയ കെട്ടിട ങ്ങളുടെ ഉടമസ്ഥരായ ആദിന്റെ ആസ്ഥാനമായിരിക്കാൻ സാദ്ധ്യ തയില്ല. അത് യമന്റെ ഭാഗത്തായി രിക്കാനാണ് സാദ്ധ്യത.

**ആദ്: ഭയാനകമായ ശിക്ഷ**

**ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം: ഒരിക്കൽ അബൂബക്കർ (റ) പറഞ്ഞു: *'അല്ലയോ അല്ലാഹു വിന്റെ ദൂതരേ അങ്ങ് വൃദ്ധനായി കാണപ്പെടുന്നു. (ചുറുചുറുക്കുള്ള യുവാവിനെ പോലെയായിരുന്നു റസൂൽ തിരുമേനി (സ) അവിടുന്ന് പ്രതിവചിച്ചു: ഹൂദ് , വാഖിയ, മുർസലാത്ത്, അമ്മ: കുവ്വിറ: എന്നീ സൂറത്തുകൾ എന്നെ വൃദ്ധനാക്കി ക്കളഞ്ഞു' (തിർമിദി)***

**അതാബി റബാഹ് നിവേദനം ചെയ്യുന്നു: *'പ്രവാചക പത്നി ആയി ശ(റ) പറയുന്നത് ഞാൻ കേട്ടു: കാറ്റ് ശക്തിയായി അടിച്ചുവീശുമ്പോൾ റസൂൽ തിരുമേനി (സ) പറയുമാ യിരുന്നു: ഓ അല്ലാഹുവേ അതിൽ എന്താണോ നന്മയുള്ളത്, അതിൽ എന്ത് നന്മയാണോ അടങ്ങിയിരി ക്കുന്നത്, ഏതൊരു നന്മക്ക്വേണ്ടി യാണോ അത് അയക്കപ്പെട്ടത് അതി നായി ഞാൻ നിന്നോട് അർഥിക്കു ന്നു. ഏതൊരു തിന്മക്ക് വേണ്ടിയാ ണോ അത് അയക്കപ്പെട്ടത് ഏതൊരു തിന്മയാണോ അത് ഉൾകൊള്ളു ന്നത് ഏതൊരു തിന്മക്ക്*** *വേണ്ടിയാ ണോ അത് അയക്കപ്പെട്ടത് അതിൽ നിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു.'*

*ആകാശത്ത് ഇടിയും മിന്നലു മായി അത് പെയ്ത് കഴിഞ്ഞാൽ അവിടുത്തെ മുഖവർണം മാറുമാ യിരുന്നു. അവിടുന്ന് ആശ്വാസ വാനാകും. മുഖത്ത് ആശ്വാസ ത്തിന്റെ അടയാളം കണ്ടപ്പോൾ ആയിശ (റ) അതിനെ പറ്റി ചോദിച്ചു. അവിടുന്ന് പ്രതിവചിച്ചു: മേഘം ഉരുണ്ടു കൂടുന്നത് കണ്ട് ആദ് ജനത പറഞ്ഞത് പറഞ്ഞത് പോലെ ആയി തീരുമോ (എന്ന് ഞാൻ ഭയപ്പെട്ടു). അവിടുന്ന് പറഞ്ഞു: ഇത് നമുക്ക് മഴ പെയ്യിക്കുന്ന മേഘമാണ് (സഹീഹ് മുസ്‌ലിം)*



മരുഭൂമിയിലെ മരുക്കാറ്റ്

വില്യം ജെ ഹാംബ്ലിൻ ഇത് സംബന്ധിച്ച് ഒരു കഥ വിവരിക്കു ന്നുണ്ട് അത് ഇപ്രകാരമാണ്: ആദ് ജനതയുടെ അഹങ്കാരവും ബഹു ദൈവാരാധനയും കാരണം ദൈവം അവരുടെ അടുക്കലേക്ക് ഹൂദ് പ്രവാചകനെ അയക്കുകയുണ്ടായി. അവരെ ഏകദൈവ വിശ്വാസത്തി ലേക്കും പശ്ചാത്താപത്തിലേക്കും വരുവാൻ ആഹ്വാനം ചെയ്തു. മിക്ക ആദ് വർഗക്കാരും ഹൂദിന്റെ സന്ദേ ശം നിരസിക്കുകയുണ്ടായി. ആയതി നാൽ ദൈവം അവരെ മൂന്ന് വർഷ ത്തെ വരൾച്ചയാൽ ശിക്ഷിക്കു കയുണ്ടായി. ആദുകൾ മഴക്കായി പ്രാർഥിക്കാൻ ഒരു പ്രതിനിധി സംഘത്തെ മക്കത്തേക്ക് അയച്ചു. അവരുടെ പ്രാർഥനയുടെ ഫലമായി ദൈവം മൂന്ന് മേഘങ്ങളെ അയച്ചു. ഒന്ന് വെളുത്തത്, മറ്റൊന്ന് ചുമപ്പ്, വേറൊന്ന് കറുപ്പ്. ആദുകളുടെ നേതാവായ ഖ്വായേൽ തൊട്ടു കാണിക്കുന്ന മേഘത്തെ ദൈവം അവർക്കായി അയക്കുമായിരുന്നു. ഖ്വായേൽ കറുത്ത മേഘത്തെ തിരഞ്ഞെടുത്തു. അവർക്ക് അത് മഴ കൊണ്ടു വരുമെന്നായിരുന്നു ഖ്വാ യേലിന്റെ ചിന്ത. മഴക്ക് പകരം നാശ കാരിയായ മരുക്കാറ്റായിരുന്നു ആ മേഘം കൊണ്ടുവന്നത്. ആദുകൾ അവരുടെ ഭീമാകാരമായ കെട്ടിടങ്ങ ളിൽ അഭയം തേടി. പക്ഷേ മുഴുവൻ സമൂഹവും അവരുടെ കെട്ടിടത്തോ ടൊപ്പം മണൽക്കാറ്റിൽ മുങ്ങിപ്പോയി എന്നന്നേക്കുമായി നാശമടഞ്ഞു

William J. Hamblin, “Pre-Islamic Arabian Prophets,” in Mormons and Muslims: Spiritual Foundations and Modern Manifestations, ed. Spencer J. Palmer (Provo, UT: Religious Studies Center, Brigham Young University 2002), 135–5

റസൂൽ തിരുമേനി (സ) യുടെ തിരുകേശം നരച്ചുപോവുകയും അവിടുത്തെ തിരു വദനത്തിലേക്ക് നോക്കുമ്പോൾ വൃദ്ധനെപോലെ തോന്നിപ്പിക്കുകയും, മേഘങ്ങൾ കാണുമ്പോൾ അസ്വസ്ഥനാക്കുക യും ചെയ്യും വിധം ഭയാനകമായി രുന്നു ആദിൻ മേൽ പതിച്ച ശിക്ഷ. വിശുദ്ധ ഖുർആൻ ഇത് സംബന്ധിച്ച് നൽകുന്ന വിവരണം കാണുക:

***'ആദിന്റെ സഹോദരനെ (ഹൂദി നെ) സ്മരിക്കുക. അദ്ദേഹം തന്റെ ജനതയെ ആ മണൽകുന്നുകളിൽ വെച്ച് താക്കീത് ചെയ്തപ്പോൾ. അദ്ദേഹത്തിന് മുമ്പും അദ്ദേഹ***

*ത്തിന് ശേഷവും പ്രവാചകന്മാർ കടന്നു കഴിഞ്ഞിട്ടുണ്ട്. (അദ്ദേഹം താക്കീത് ചെയ്തു:) 'നിങ്ങൾ അല്ലാഹുവിനെയല്ലാതെ മറ്റാരെയും ആരാധിക്കരുത്. ഭയങ്കരമായൊരു നാളിന്റെ ശിക്ഷ നിങ്ങളെ ബാധിച്ചേക്കുമെന്ന് ഞാൻ നിങ്ങളെ പറ്റി തീർച്ചയായും ഭയപ്പെടുന്നു. അവർ പറഞ്ഞു: 'ഞങ്ങളുടെ ദൈവങ്ങളിൽ നിന്ന് ഞങ്ങളെ തെറ്റിക്കാനാണോ നീ ഞങ്ങളുടെ അടുക്കൽ വന്നിട്ടുള്ളത്?. എന്നാൽ നീ സത്യവാനാണെങ്കിൽ നീ ഈ ഭീഷണിപ്പെടുത്തുന്നത് (ശിക്ഷ) ഞങ്ങൾക്ക് കൊണ്ടുവന്നു തരിക..*

*അദ്ദേഹം പറഞ്ഞു: '(അതിനെക്കുറിച്ചുള്ള) അറിവ് തീർച്ചയായും അല്ലാഹുവിന്റെ പക്കൽ മാത്രമാണ്. ഞാൻ ഏതൊരു സന്ദേശവും കൊണ്ട് അയക്കപ്പെട്ടിരിക്കുന്നുവോ അത് നിങ്ങൾക്ക് ഞാനെത്തിക്കുന്നു. പക്ഷേ വിവരക്കേട് പ്രവർത്തിക്കുന്ന ഒരു ജനതയായിട്ടാണ് ഞാൻ നിങ്ങളെ കാണുന്നത്.' അങ്ങനെ ആ ശിക്ഷ ഒരു മേഘത്തിന്റെ രൂപത്തിൽ അവരുടെ താഴ്വരകളുടെ നേരെ വരുന്നത് അവർ കണ്ടപ്പോൾ അവർ പറഞ്ഞു: 'ഇത് നമുക്ക് മഴ പെയ്യിക്കുന്നൊരു മേഘമാണ്' (നാം പറഞ്ഞു:) 'അതല്ല, നിങ്ങൾ ധൃതി കൂട്ടി ആവശ്യപ്പെട്ടതാണത്. അതായത് ഒരു കൊടുങ്കാറ്റ്. അതിൽ വേദനാജനകമായ ശിക്ഷയുണ്ട്.'*

*അതിന്റെ നാഥന്റെ കൽപ്പന അനുസരിച്ച് സർവ വസ്തുക്കളേയും അത് തകർക്കുകയുണ്ടായി. അങ്ങനെ അവരുടെ വാസസ്ഥലങ്ങളല്ലാതെ മറ്റൊന്നും കാണപ്പെടാത്ത സ്ഥിതിയിൽ അവർ ആയിതീർന്നു. ഇങ്ങനെയാണ് കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുക.*

*നിങ്ങൾക്ക് നൽകിയിട്ടില്ലാത്ത പല കഴിവുകളും തീർച്ചയായും നാം അവർക്ക് നൽകിയിരുന്നു. അവർക്ക് ചെവികളും കണ്ണുകളും ഹൃദയങ്ങളും നാം നൽകുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ മനപ്പൂർവം നിഷേധിച്ചു കൊണ്ടിരുന്നപ്പോൾ അവരുടെ ചെവികളോ കണ്ണുകളോ ഹൃദയങ്ങളോ അവർക്ക് ഒരു പ്രയോജനവും ചെയ്തില്ല. അവർ പരിഹസിച്ചു കൊണ്ടിരിക്കുന്ന ശിക്ഷ അവരെ വലയം ചെയ്തു.'(46:22 - 27)* മറ്റൊരു സ്ഥലത്ത് ഖുർആൻ ആ ശിക്ഷയുടെ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നു:

*' ആദ് ആവട്ടെ അതിശക്തമായ ഇരമ്പിയടിക്കുന്ന ഒരു കൊടുങ്കാറ്റ് (ബി രീഹിം സർസറിം) മുഖേനയും നശിപ്പിക്കപ്പെട്ടു. അവരെ ഉന്മൂലനം ചെയ്യാനായി ആ കാറ്റിനെ അവൻ (അല്ലാഹു) ഏഴു രാവും എട്ടു പകലും തുടർച്ചയായി അവരുടെ മേൽ അടിച്ചു വീശി. അപ്പോൾ ജനം ദ്രവിച്ച ഈന്തപ്പനയുടെ തായ്ത്തടികൾ പോലെ നിലം പതിച്ചത് നിനക്ക് കാണാമായിരുന്നു. അവരുടെ വല്ല അവശിഷ്ടവും നീ കാണുന്നുണ്ടോ? (69: 7-9)*

മനുഷ്യന് ദൈവം നൽകിയ കഴിവുകളും അനുഗ്രഹങ്ങളും വിസ്മരിച്ച് അഹങ്കാരികളും ദ്രോഹികളുമായി ഭൂമിയിൽ ജീവിച്ച ജനതകളെല്ലാം ദൈവശിക്ഷയേറ്റ് നാശമടഞ്ഞു പോയിട്ടുണ്ട്. ഇത്തരത്തിലുള്ളതും മനുഷ്യ ചരിത്രം രേഖപ്പെടുത്താത്തതുമായ സുപ്രധാനമായ ആദിന്റെ ചരിത്രം വിശുദ്ധ ഖുർആൻ ഒരുഗുണപാഠമെന്നോണം നമുക്ക് പറഞ്ഞു തരുന്നു. അല്ലാഹു പറയുന്നു: *'ഇത് പരോക്ഷ വൃത്താന്തങ്ങളിൽ പെട്ടതാണ്. അവ നിനക്ക് സന്ദേശമായി നൽകുന്നു. ഇതിന് മുമ്പ് നീയോ നിന്റെ ജനതയോ അത് അറിയുമായിരുന്നില്ല. അതിനാൽ സഹനം കൈകൊള്ളുക. തീർച്ചയായും ശുഭ പര്യവസാനം ദൈവ ഭയമുള്ളവർക്കാണ്'(11:50)* വിശുദ്ധ ഖുർആൻ തുടരുന്നു: *'എത്രയെത്ര ഉദ്യാനങ്ങളും അരുവികളുമാണ് അവർ ഉപേക്ഷിച്ചു പോയത് ? എത്രയെത്ര കൃഷിസ്ഥലങ്ങളും എത്രയെത്ര മനോഹരമായ വാസസ്ഥലങ്ങളും. എത്രയെത്ര സുഖ സൗകര്യങ്ങൾ- അവർ അതിൽ ആനന്ദിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതങ്ങനെയാണ്. ഇതെല്ലാം മറ്റൊരു ജനതക്ക് നാം അനന്തരാവകാശമായി നൽകി. അപ്പോൾ ആകാശവും ഭൂമിയും അവർക്ക് വേണ്ടി കരഞ്ഞില്ല. അവർ അവധി നൽകപ്പെട്ടവരായിരുന്നുമില്ല'. (44: 26-30)*

(അവസാനിച്ചു)

## ചരിത്ര പഠനം വിശുദ്ധ ഖുർആനിൽ

ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ?. എങ്കിൽ ഇവർക്കു മുമ്പുണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരുന്നു വെന്ന് ഇവർക്ക് നോക്കിക്കാണാമായിരുന്നു. അവർ ശക്തിയിലും ഭൂമിയിൽ അവർ വിട്ടുപോയ അടയാളങ്ങളിലും ഇവരേക്കാൾ പ്രബലരായിരുന്നു. പക്ഷേ, അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. എന്നാൽ അല്ലാഹുവിനെതിരിൽ അവർക്കൊരു രക്ഷകനുമുണ്ടായിരുന്നില്ല.

(വി.ഖു. 40:22)

# പ്രവാചകത്വം
## നിലച്ചുപോകാത്ത ദൈവികാനുഗ്രഹം

അഹ്മദ് കോയ പി. വി.

**വി**ശുദ്ധ ഖുർആനിലെ ഒരു വചനം ഉദ്ധരിച്ച് ആരംഭിക്കുകയാണ്.

"ഒരു താക്കീതുകാരൻ കഴിഞ്ഞു കടന്നിട്ടില്ലാത്ത ഒരു ജനതയും ഉണ്ടായിട്ടില്ല"(35:24)

''പ്രാചീന ചരിത്രങ്ങളിലും പുരാതത്ത്വങ്ങളിലും നാം ഗവേഷണങ്ങൾ നടത്തുമ്പോൾ ഈ വിശ്വാസം നമ്മിൽ ബലപ്പെട്ടു വരുന്നതാണ്. ഈ വിശ്വാസമാകട്ടെ, ജനതകളിൽ ഐക്യം ഊട്ടിവളർത്തുന്നതിന് എത്രയും ഉപകരിക്കുന്ന ഒന്നാണെന്നും കാണാം. ഈ വിശ്വാസത്തെ പ്രബോധനം ചെയ്യുന്ന വിശുദ്ധ ഖുർആൻ എല്ലാ മഹത്വവും അർഹിക്കുന്നു. ആ മഹാഗ്രന്ഥമാണ് ആദ്യമായി ഈ തത്ത്വത്തെ പ്രഘോഷിച്ചത്. ഈ പ്രവാചകന്മാർ പ്രേഷണം ചെയ്യപ്പെട്ടതിന്റെ ഉദ്ദേശ്യം എന്താണെന്ന് കണ്ടുപിടിക്കാൻ നാം ശ്രമിക്കുമ്പോൾ ഈ ലോകത്തിന്റെ ധാർമികാധഃപതനവും ദൈവവുമായി നേരിട്ടുള്ള എല്ലാ ബന്ധങ്ങളും അറ്റുപോയ അവസ്ഥയുമാണ് അവർ അവതരിക്കാനുണ്ടായ കാരണമെന്നു വെളിപ്പെടുന്നതാണ്. നീണ്ട കാലത്തെ വരൾച്ചയ്ക്കു ശേഷം ഭൂനിലം പച്ചളിപ്പുള്ളതാക്കി മാറ്റുകയും അതിനു പുതുജീവൻ നൽകുകയും ചെയ്യുന്ന മേഘജാലങ്ങൾ കണക്കെയാണവർ പ്രത്യക്ഷരായത്. ദൈവത്തെ അന്വേഷിക്കുന്നവരുടെ വിലാപങ്ങൾക്കുള്ള പ്രത്യുത്തരമെന്നോണം സ്വർഗത്തിൽ നിന്നിറക്കപ്പെട്ടവരായിരുന്നു അവർ. ചിന്നിച്ചിതറിപ്പോയ കൂട്ടുകാരെയെല്ലാം ഒരുമിച്ചു കൂട്ടുന്നതിന് നായാട്ടുകാരൻ വിളിക്കുന്ന കൊമ്പുകളെ (വിസ്സിൽ) പോലെയാണ് അവർ; സത്യത്തിലേയ്ക്ക് അവർ ലോകത്തെ തിരിച്ചു വിളിക്കുന്നു. എന്നിട്ട്, അവരുടെ നിദർശനത്തിൽ ലോകം അതിന്റെ യഥാർഥമായ ലക്ഷ്യസ്ഥാനത്തേയ്ക്കുള്ള പ്രയാണം വീണ്ടും തുടരുമാറാകുന്നു."

''പണ്ടെന്നപോലെ മേലിലും പ്രവാചകന്മാരുടെ ഈ അനുസ്യൂത പരമ്പര തുടർന്നു പോകും. ഈ വ്യവസ്ഥ എന്നെന്നേക്കുമായി നിലച്ചുപോയി എന്ന വിശ്വാസം യുക്തിസഹമല്ല. മനുഷ്യർ സ്രഷ്ടാവിൽ നിന്ന് അകന്നു വഴിതെറ്റി അലയുമാറാകുന്ന ആത്മീയാന്ധകാരത്തിന്റെ കാലഘട്ടങ്ങളെ ഈ ലോകത്തിനു തരണം ചെയ്യേണ്ടതുണ്ടെങ്കിൽ, മനുഷ്യർ നേരായ മാർഗത്തിൽ നിന്നും അടിക്കടി വഴിതെറ്റി സംശയത്തിന്റെയും നിരാശയുടെയും കൂരിരുട്ടിൽപെട്ടു ദിക്കറിയാതെ തപ്പിത്തടഞ്ഞു നേർവഴി കണ്ടെത്താതെ ഉഴറുമാറുണ്ടെങ്കിൽ, അങ്ങനെയുള്ള കാലഘട്ടങ്ങളിൽ വെളിച്ചം കണ്ടെത്താനുള്ള ശ്രമം മനുഷ്യനു തുടർന്നുപോരേണ്ടത് ആവശ്യമാണെങ്കിൽ ദിവ്യമായ ദീപശിഖ കയ്യിലേന്തിയ മാർഗദർശകർ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന പ്രക്രിയ നിലച്ചുപോകുമെന്നു വിശ്വസിക്കാൻ സാധ്യമേയല്ല; 'റഹ്മാനിയ്യത്ത്' എന്നറിയപ്പെടുന്ന ദൈവത്തിന്റെ പരമകാരുണ്യഗുണവിശേഷവുമായി പൊരുത്തപ്പെടുന്നതല്ല ഇത്. രോഗം നിലനിൽക്കെ അതിനുള്ള പ്രതിവിധികൾ നിർദേശിക്കാതിരിക്കയും, ആർത്തി സൃഷ്ടിച്ച് ആശ്വാസനിവൃത്തിയ്ക്കുള്ള മാർഗം അടച്ചുകളയുകയും ചെയ്കയെന്നതു അഥവാ, അങ്ങനെ സംഭവിക്കുമെന്നു കരുതുന്നത് കാരുണ്യാതിരേകത്തിന്റെയും അനുകമ്പാവായ്പിന്റെയും ഉറവിടമായിട്ടുള്ള ദൈവത്തെ അവഹേളിക്കുന്നതിന് തുല്യമാണെന്നു പറയണം."

"ദൈവത്തിലേയ്ക്കുള്ള മാർഗം കാണിച്ചുതരികയും സംശയങ്ങളുടെയും തെറ്റിദ്ധാരാണകളുടെയും കയത്തിൽ നിന്ന് കരേറ്റി വിശ്വാസത്തിലേയ്ക്കും ദൃഢബോധ്യത്തിലേയ്ക്കും ജനങ്ങളെ നയിക്കുകയും ചെയ്യുന്ന ഒരു മാർഗദർശി, ഒരു വഴികാട്ടി, ഈ കാലഘട്ടത്തിൽ ലോകത്തിന് ആവശ്യമായിരിക്കുന്നു. ലോകത്തിന് എക്കാലത്തെങ്കിലും ഒരു പ്രവാചകന്റെ ആവശ്യമുണ്ടായിരുന്നെങ്കിൽ, മതം പൊള്ളവിശ്വാസമായി മാറിക്കഴിയുകയും സത്യം മരിച്ച നിലയിലായിരിക്കുകയും ചെയ്തിട്ടുള്ള ഇക്കാലത്ത് അത്തരമൊരാൾ ഏറെ ആവശ്യമായിരിക്കുന്നു.........."

"ഈ കാലഘട്ടത്തിൽ ഒരു പ്രവാചകന്റെ അവതാരത്തെകുറിച്ചു എല്ലാ മതങ്ങളിലും ദീർഘദർശനം ചെയ്യപ്പെട്ടിട്ടുണ്ടെന്നു കാണാം. ഹിന്ദുക്കൾ തങ്ങളുടെ പുണ്യഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട നിഷ്കളങ്കാവതാരം പ്രത്യക്ഷപ്പെടുന്നതു കാത്തിരിക്കുമ്പോൾ ക്രിസ്ത്യാനികൾ മിശിഹായുടെ രണ്ടാം വരവിനെ പ്രതീക്ഷിച്ചിരിക്കുന്നു. മുസ്‌ലിംകളാകട്ടെ മഹ്ദി ഇമാമും വാഗ്ദത്തമസീഹും വെളിപ്പെടുന്നതും നോക്കിയിരിക്കുന്നു. സൊറോസ്റ്ററിയന്മാർ മസീയോ

ദർഭമിയുടെ വരവിൽ വിശ്വസിക്കുന്നു. ഭാവിയിൽ ഇനി ഒരു പ്രവാചകനും വരികയില്ലെന്നാണെങ്കിൽ ഒരു പ്രവാചകനും ആവിർഭവിക്കുമെന്ന് മുന്നറിയിപ്പ് നൽകപ്പെട്ടനിലയിൽ ഒരേ കാര്യത്തിൽ ഈ എല്ലാ ജനതകളും ഏകാഭിപ്രായക്കാരായിത്തീർന്നതെങ്ങനെ? ഈ പ്രവചനങ്ങളുടെ ഒരു പ്രത്യേകതയെന്തെന്നാൽ, വാഗ്ദത്ത ദൈവദൂതനെപറ്റി വിവിധ മതങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ള വ്യത്യസ്തങ്ങളായ ലക്ഷണങ്ങളിൽ ഐക്യരൂപ്യം കാണപ്പെടുന്നു എന്നുള്ളതാണ്. ഈ പ്രവചനങ്ങളിലെല്ലാം തിന്മയുടെ വ്യാപനം, രോഗങ്ങളുടെ ആധിക്യം, കൊള്ളിമീൻ പതനം, സൂര്യചന്ദ്രഗ്രഹണങ്ങൾ, യുദ്ധങ്ങൾ തുടങ്ങി ആ പ്രവാചകൻ പ്രത്യക്ഷപ്പെടുന്ന കാലഘട്ടത്തിന്റെ ലക്ഷണങ്ങൾ മുൻകൂട്ടി വിവരിച്ചുതന്നിരിക്കുന്നു. ഈ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകൻ ലോകത്ത് മുഴുവനും സത്യം പ്രചരിപ്പിക്കുമെന്നും, അങ്ങനെ സത്യമതം ലോകത്ത് മറ്റെല്ലാമതങ്ങളുടെയും മേൽ മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്തവിധം വ്യക്തമായ വിജയം കൈവരിക്കുമെന്നും ദീർഘദർശനം ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു ഭാഗത്ത് ഈ പ്രവചനങ്ങളിൽ അടങ്ങിയിട്ടുള്ള അടയാളങ്ങളുടെ പൂർത്തീകരണം ഈ പ്രവചനങ്ങൾ ഒരിക്കലും കളവായിരിക്കാവതല്ലെന്ന് തെളിയിച്ചു തരുമ്പോൾ ഈ എല്ലാ വാഗ്ദത്തപ്രവാചകന്മാരും ഒരേ അവസരത്തിൽ തങ്ങളുടെ പ്രത്യേകം പ്രത്യേകം മതങ്ങൾ മറ്റെല്ലാ മതങ്ങളുടെയും മേൽവിജയം നേടുകയെന്ന കർത്തവ്യം നിർവഹിക്കുന്നതു തികച്ചും അസാധ്യമാണെന്നും വ്യക്തമാക്കിത്തരുന്നു. തന്നിമിത്തം, ഈ എല്ലാ പ്രവചനങ്ങളും ഒരേ മഹാത്മാവിനെ കുറിച്ചുള്ളതുതന്നെയെന്നും അദ്ദേഹം തന്റെ ആത്മീയശക്തി മുഖേന എല്ലാ മതവിശ്വാസികളെയും ഒരുമിച്ചുകൂട്ടുകയും ലോകജനതകളെ നേരായ പാതയിൽ വഴിനടത്തുകയും ചെയ്യുമെന്നുമുള്ള തീരുമാനത്തിൽ നമുക്ക് എത്തിച്ചേരാതെ നിവൃത്തിയില്ല. വാഗ്ദത്തപുരുഷൻ എല്ലാ മതങ്ങൾക്കും ഒരേ വ്യക്തി തന്നെയായിരിക്കുമെന്നു ഈ എല്ലാ പ്രവചനങ്ങളും വ്യക്തമാക്കിത്തരുമ്പോൾ എല്ലാ ജനതകളും അദ്ദേഹത്തെ തങ്ങളുടെ സ്വന്തമായി സ്വീകരിക്കുന്നവിധം അദ്ദേഹത്തിൽ ചില സവിശേഷഭാവങ്ങൾ ഉണ്ടായിരിക്കുമെന്നു പ്രവചനങ്ങളിൽനിന്ന് വ്യക്തമാകുന്നു. ഹിന്ദുക്കൾക്ക് അദ്ദേഹത്തെ നിഷ്കളങ്കാവതാരമായി സ്വീകരിക്കാൻ കഴിയുമാറ് അദ്ദേഹം ഇന്ത്യയുമായി ബന്ധപ്പെട്ട ആളായിരിക്കും. സൊറോസ്റ്റിയന്മാർക്ക് അദ്ദേഹത്തെ സ്വീകരിക്കാൻ കഴിയുമാറ് അദ്ദേഹം പേർഷ്യയുമായും ബന്ധപ്പെട്ട ആളായിരിക്കുന്നതാണ്. മുസ്‌ലിംകൾക്ക് അദ്ദേഹത്തെ മഹ്ദി ഇമാമായി സ്വീകരിക്കാൻ കഴിയും വിധം അദ്ദേഹം മുസ്‌ലിംകളുമായും ബന്ധമുള്ള ആളായിരിക്കും, അതുപോലെതന്നെ മിശിഹാ ആയി ക്രിസ്ത്യാനികൾ അദ്ദേഹത്തെ തിരിച്ചറിയുമാറാകുന്ന വിധം അദ്ദേഹം ക്രിസ്ത്യാനികളുമായും ബന്ധമുള്ള ആളായിരിക്കുന്നതാണ്. വ്യത്യസ്ത ജനതകളുമായി വിവിധങ്ങളായ ഭാവങ്ങളിൽ അദ്ദേഹം ബന്ധപ്പെട്ടിരിക്കുമ്പോൾ മാത്രമേ ഇതു സാദ്ധ്യമായിരിക്കയുള്ളു. ഉദാഹരണമായി, ഒരു ജനവിഭാഗവുമായി അദ്ദേഹം മതപരമായ നിലയിൽ ബന്ധപ്പെട്ടിരിക്കുന്നു വെങ്കിൽ മറ്റൊരുവിഭാഗവുമായി വംശപരമായും വേറൊരു വിഭാഗവുമായി സാമൂഹ്യമോ രാഷ്ട്രീയമോ ആയ അടിസ്ഥാനത്തിലും ബന്ധപ്പെട്ടിരിക്കുന്നു. ഒരോ ജനവിഭാഗവും അദ്ദേഹത്തെ തങ്ങളുടെ സ്വന്തം ആളായി സ്വീകരിക്കാൻ തയ്യാറായിരിക്കും. ഈ എല്ലാ കാര്യങ്ങളും ഈ കാലഘട്ടത്തിൽ ലോകോദ്ധാരണാർഥം ദൈവം നിയോഗിച്ചയച്ച അഹ്മദിയ്യാ ജമാഅത്തിന്റെ ദിവ്യസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ൽ ഒത്തുകാണാവുന്നതാണ്. അദ്ദേഹം താൻ മുസ്‌ലിംകൾക്കു മഹ്ദി ഇമാമും ക്രിസ്ത്യാനികൾക്ക് മിശിഹായും ഹിന്ദുക്കൾക്ക് കൃഷ്ണൻ അഥവാ നിഷ്കളങ്കാവതാരവും സൊറോസ്റ്ററിയന്മാർക്ക് മസീയോദർഭമിയും ആണ് എന്നു വാദിച്ചു. ചുരുക്കത്തിൽ, അദ്ദേഹം ഒരോ ജനവിഭാഗത്തിനും വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനും ഒരൊറ്റ മതത്തിന്റെ കൊടിക്കീഴിൽ മനുഷ്യവംശത്തെ ആകമാനം ഒരുമിച്ചു കൂട്ടുന്ന ആളുമായിരിക്കും. എല്ലാ ജനതകളുടേയും പ്രത്യാശകളും പ്രതീക്ഷകളും അദ്ദേഹത്തിൽ പുലരുന്നതായിരിക്കും "(ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് (റ) ഖലീഫത്തുൽ മസീഹ് രണ്ടാമൻ)

**പ്രവാചകത്വവും പണ്ഡിതന്മാരുടെ പാമരത്തവും**

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ന്റെ സത്യവാദത്തിൽ നിന്ന് മുസ്‌ലിംകൾ മുഖം തിരിക്കുന്നതിന് പ്രധാന കാരണമായി പറയപ്പെടുന്നത് അവിടുന്ന് പ്രവാചകത്വവാദം പുറപ്പെടുവിച്ചു എന്നുള്ളതാണ്. തികച്ചും അയഥാർഥമായ ചില ധാരണകളുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തിയ തെറ്റായ കാഴ്ചപ്പാടാണ് മുസ്‌ലിം ബഹുജനങ്ങളെ ഈ കാലഘട്ടത്തിലെ സത്യദൂതനെ നിരാകരിക്കാൻ ധൈര്യപ്പെടുത്തിയത്. വിശുദ്ധഖുർആന്റെയും സത്യമായ മറ്റ് പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ സത്യാഭിമുഖമായ ഒരു പഠനത്തിനോ ചർച്ചക്കോ ഒരു സ്വയം വിമർശനത്തിന് തന്നേയോ മതപണ്ഡിതന്മാർ തയ്യാറില്ല. ഇക്കാര്യത്തിൽ ഉലമാക്കൾ (മതപണ്ഡിതന്മാർ) അറിഞ്ഞുകൊണ്ട് തന്നെ കള്ളംപറഞ്ഞ് മുസ്‌ലിം ബഹുജനങ്ങളെ വഴിപിഴപ്പിക്കുകയാണ്. കള്ളം പറയാവുന്നതാണെന്ന 'ഫത്വ' പുറപ്പെടുവിക്കുകയും നിർലജ്ജം ആ ഫത്വകളെ ഉയർത്തിക്കാട്ടുകയും ചെയ്യുന്നവരാണ് സത്യത്തിന്റെ മൂർത്തിമദ്ഭാവമായ മഹ്ദീ-മസീഹിനെ കള്ളനാക്കി തള്ളുന്നത്! തിരുനബിക്ക് ശേഷം ഈസാനബി (അ) ആകാശത്തിൽനിന്ന് ഇറങ്ങിവരുമെന്ന് ഇന്നും വിശ്വസിക്കുന്നവരും ഒരു നബിയെ സോൽകണ്ഠം കാത്തിരിക്കുന്നവരുമാണിക്കൂട്ടർ! വരുവാനുള്ള മസീഹ് നബിയായിരിക്കുമെന്ന് പ്രബലമായ ഹദീസുകളിൽ പറഞ്ഞിരിക്കുന്നതും ഇവർ

അറിഞ്ഞുകൊണ്ട് നിരാകരിക്കുന്നു. ഒരു നബി പ്രത്യക്ഷപ്പെടുന്നത് തിരുനബിയുടെ മഹത്വത്തിന് ക്ഷത മേൽപ്പിക്കുമെന്ന മിഥ്യാധാരണയും വാഗ്ദത്ത മസീഹ് ഇസ്‌ലാം ശരീഅത്തിനെ ചോദ്യം ചെയ്തിരിക്കുന്നുവെന്ന മിഥ്യാവിശ്വാസവുമാണ് മുസ്‌ലിം ബഹുജനങ്ങൾ പുലർത്തുന്നത്. അതുകാരണം, ഹദ്റത്ത് അഹ്മദ് (അ)ന്റെ, ശരീഅത്തിനെ ബലപ്പെടുത്തുകയാണ് തന്റെ നിയോഗ ലക്ഷ്യമെന്നുമുള്ള അവിടുത്തെ ദൃഢപ്രസ്താവത്തെ അവർ അവഗണിക്കുന്നു; എന്നാൽ, സത്യത്തെ അത്തരക്കാർക്ക് ഞെക്കിക്കൊല്ലാൻ സാധ്യമല്ല,

സത്യത്തെ അധികകാലം മറച്ചുപിടിക്കാനും കളവിനെ എക്കാലവും നിലനിർത്താനും കഴിയില്ല. സത്യം സ്വയം പ്രകാശകമായിരിക്കയാൽ അത് നിറന്ന് കത്തും. കളവ് അന്ധകാരമാകയാൽ വെളിച്ചത്തിൽ അതിനു നിലനിൽപ്പില്ല. ഹദ്റത്ത് അഹ്മദ് (അ) മുഹമ്മദ് മുസ്തഫാ (സ്വ) തിരുമേനിയുടെ ഉമ്മത്തീനബി ആണെന്നും അവിടുന്ന് തിരുനബിയുടെ ഇസ്‌ലാം ശരീഅത്തിന്റെ പുന:സ്ഥാപനത്തിനും വിജയവൽക്കരണത്തിനും വേണ്ടി നിയോഗിക്കപ്പെട്ട ആളാണ് താനെന്നാണ് വാദിച്ചതെന്നുമുള്ള സത്യത്തെ മുസ്‌ലിം ബഹുജനങ്ങളിൽ നിന്ന് എല്ലാകാലത്തും മറച്ചുപിടിക്കാൻ കഴിയില്ല.

അവസാനകാലത്ത് സൂര്യൻ പടിഞ്ഞാറ് ഉദിക്കുമെന്നാണല്ലോ പ്രവചനം! അതുകൊണ്ട് തന്നെ ഈ പൗരസ്ത്യ ദേശത്തെ ഉലമാക്കൾ വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളിൽനിന്ന് മുഖം തിരിക്കുന്നുവെങ്കിൽ പാശ്ചാത്യ ഗവേഷകൻമാർ സത്യാന്വേഷണത്തിന് ബദ്ധപ്പെടും; എന്നിട്ടു, അവർ മുഖേന സത്യത്തിന്റെ വെളിച്ചം പരക്കുമാറാകും. ഇതാണ് ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്നത്!

**മുസ്‌ലിംഅഹ്മദിയ്യാ ചിന്തനയുടെ മൗലിക ആശയം**

കാലിഫോർണിയ യൂണിവേഴ്സിറ്റി, 1988 ൽ പ്രസിദ്ധപ്പെടുത്തിയ "പ്രചനത്തിന്റെ അനുസ്യൂതി" (Prophecy Continuous) എന്ന ഗവേഷണ ഗ്രന്ഥത്തിൽ തൽകർത്താവായ യോഹന്നാൻ ഫ്രീഡ്മാൻ (Yohanan Fridemann) ഇപ്രകാരം പറയുന്നു:

"പ്രവാചകത്വപരമായ പൂർണതകൾ - പ്രവചനസിദ്ധിതന്നെയും - തന്റെ ഏറ്റവും അർഹരായ അനുയായികളിൽ പ്രദാനം ചെയ്യാനുള്ള കഴിവ് മുഹമ്മദ് നബി തിരുമേനിയ്ക്കുണ്ടെന്ന ഗുലാം അഹ്മദിന്റെ ദൃഢപ്രസ്താവമാണ് അഹ്മദിയ്യാ ചിന്തനയുടെ മൗലികമായ ആശയം എന്ന് മനസ്സിലാകുന്നു. മറ്റെല്ലാ പ്രവാചകന്മാരുടെയും മേൽ മുഹമ്മദ് നബിയ്ക്കുള്ള ഔന്നത്യത്തിന്റെ നിദർശനമായി ഇതിനെ കാണാവുന്നതാണ്. വിശുദ്ധ ഖുർആൻ 3:110– ൽ പറഞ്ഞത് പ്രകാരം ഭൂമുഖത്തെ ഏറ്റവും ശ്രേഷ്ഠമായ സമുദായമായി മുസ്‌ലിംകളെ പരിവർത്തിപ്പിക്കുന്നതിനുള്ള നിർണായകഘടകവുമാണിത്. മുഹമ്മദ് നബിയുടെ ചരമത്തിന് ശേഷം മുസ്‌ലിംകൾക്ക് പ്രവാചകത്വപരമായ മാർഗദർശനം നഷ്ടപ്പെട്ട് പോയിരിക്കയാണെങ്കിൽ മുസ്‌ലിം സമുദായത്തിന് അതിന്റെ ആത്മീയൗന്നത്യം നിലനിർത്താൻ കഴിയുമോ.? എന്നാൽ, നിശ്ചയമായും മുസ്‌ലിംകൾ ഇത്തരത്തിൽ കൈയൊഴിക്കപ്പെട്ടിട്ടില്ല; മറിച്ച്, മുഹമ്മദിന്റെ പ്രവാചകത്വം വിധിനാൾ വരെ നിലനിൽക്കുന്നതും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ എന്നുമെന്നും നിത്യനൂതനമായി വിരാജിക്കുന്നതുമാകുന്നു. ഈ പ്രവാചകത്വാനുഗ്രഹത്തിന്റെ അനുസ്യൂതപ്രവാഹത്തിന് ഇപ്രകാരം അർഥം നൽകപ്പെടുന്നു; ഹസ്രത്ത് അഹ്മദ് (അ) പറയുന്നു:

"നമ്മുടെ വരിഷ്ഠ പ്രവാചകൻ മരിച്ചിട്ടില്ല. മറിച്ച്, അത്യുന്നതമായ സ്വർഗത്തിൽ സർവശക്തനായ രാജാധിരാജന്റെ വലത്തുഭാഗത്ത് മഹത്വത്തിന്റെയും പ്രതാപഗരിമയുടെയും സിംഹാസനത്തിൽ അവിടുന്ന് ഉപവിഷ്ടനായിരിക്കുന്നു"

" തങ്ങളുടെ പ്രവാചകൻ ആത്മീയാർഥത്തിൽ ജീവിച്ചിരിക്കുന്നത് കൊണ്ട് മുസ്‌ലിംകൾക്ക് ദൈവികഭാഷണവും ദിവ്യവെളിപാടുകളും ഒരിക്കലും നഷ്ടപ്പെട്ടുപോകയില്ല. അവരുടെ മതം ജീവനുള്ളതാകയാൽ അവരുടെ ആത്മീയമായ അവസ്ഥ യഹൂദരുടെയും ക്രിസ്ത്യാനികളുടെയും അപ്പോലെതന്നെ ഹിന്ദുക്കളുടെയും അധഃസ്ഥിതാവസ്ഥകളിൽനിന്നും തികച്ചും വിപരീതമായി നിലകൊള്ളുന്നു. ഖുർആൻ തുറന്ന് വെച്ച മാർഗം ഒഴിച്ച് ദൈവത്തിലേക്കുള്ള മറ്റെല്ലാ വഴികളും മുഹമ്മദ്നബി(സ) യുടെ ദൗത്യത്തിന്റെ പൂർത്തീകരണത്തോടെ അടക്കപ്പെട്ടിരിക്കുന്നു. മറ്റു മതങ്ങളുടെ അനുയായികൾക്ക് പ്രവാചകത്വപരമായ പൂർണതകൾ ഒരിക്കലും കൈവരികയില്ല" (അൽ വസിയ്യത്ത്). സാമ്പ്രദായിക ഉലമാ (മതപണ്ഡിതന്മാർ)യെ പിന്തുടരുന്ന ഒരു മുസൽമാനും അത് പ്രാപ്തമാകുന്നതല്ല. പ്രവചനത്തിനു കഴിവില്ലാത്ത മതം ജീവസറ്റതാണ്. മുകളിൽ പറഞ്ഞ മതങ്ങൾ അക്കൂട്ടത്തിൽ പെട്ടതാകുന്നു. ഇതിനെതിരിൽ, മുഹമ്മദ് നബി (സ) യുടെ പ്രവചനമുദ്രണം തന്റെ സമുദായത്തിൽ നിന്ന് 'പ്രവാചകതുല്യരായ' ആളുകളെ അയക്കേണ്ടതും തന്റെ പ്രാപ്തരായ അനുയായികളിൽ പ്രവാചകത്വപരമായ പൂർണതകളുടെ സമ്പത്ത് അവിടുത്തെ ചരമശേഷവും പ്രദാനം ചെയ്യേണ്ടതും ആവശ്യമാക്കിത്തീർത്തിരിക്കുന്നു; ഇപ്രകാരം ഇസ്‌ലാം എന്നും ഒരു ജീവനുള്ള മതമായിരിക്കും (Prophecy Continuous,P.127-128)

ഇവിടെ ഇതാ, ഒരു പാശ്ചാത്യഗവേഷകൻ ആഴമേറിയ പഠനത്തിലെത്തുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)ന്റെ ഗ്രന്ഥങ്ങളിൽനിന്നുള്ള വാചകങ്ങൾ അതേപടി ഉദ്ധരിച്ച് (Transliteration) കാട്ടിയാണ് ചർച്ചകൾ നടത്തുന്നത്. ഇന്ത്യയിലെ ഉലമാക്കളെപോലെ ഉദ്ധാരണങ്ങൾ തലയും വാലും വെട്ടി വിഴുങ്ങി അവതരിപ്പിക്കുകയല്ല. ചുരുക്കത്തിൽ, ഈ ഗവേഷകർ തികച്ചും സത്യാഭിമുഖവും ആത്മാർഥവുമായ പഠനത്തിലൂടെ യാഥാർഥ്യം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. അവരുടെ പ്രതിപാദനങ്ങളിൽ തെറ്റുണ്ടെങ്കിൽതന്നെ അത് കരുതിക്കൂട്ടിയ

ല്ലെന്ന് വ്യക്തമാകും.

ചുരുക്കത്തിൽ, വാഗ്ദത്ത മസീഹ് ഹദ്‌റത്ത് അഹ്മദ്(അ)ന്റെ ജീവചരിത്രവും പാഠങ്ങളും യഥാർഥമായി അവതരിപ്പിക്കാനും പഠിപ്പിക്കാനും തയ്യാറുള്ള പണ്ഡിത ലോകം രൂപപ്പെടുകയാണ്. അടുത്ത ഭാവിയിൽതന്നെ ലോകത്തിലെ പ്രധാന ചർച്ചാവിഷയം അത്യത്ഭുത കരമായ ഈ ദിവ്യജീവിതമായിരിക്കും.

**അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ പ്രസക്തി**

വിവിധങ്ങളായ മതങ്ങളും മതപ്രസ്ഥാനങ്ങളും ലോകത്ത് നിലവിലിരിക്കെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ പ്രസക്തി എന്ത് എന്ന ചോദ്യത്തിനു മറുപടി പറയാം:

''വഇൻമിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാനദീർ" (ഒരുതാക്കീതുകാരൻ വന്നിട്ടില്ലാത്ത ഒരു ജനതയും ഉണ്ടായിട്ടില്ല) എന്ന വിശുദ്ധ ഖുർആന്റെ പ്രഖ്യാപനം, ഈ ലോകത്തിന്റെ ആത്മീയ പുരോഗതി ഇവർ മുഖേനമാത്രമായിരുന്നു എന്നുമുള്ള സത്യത്തിന്റെ പ്രഘോഷണമാണ്. പണ്ടെന്നപ്പോലെ ഭാവിയിലും പ്രവാചകന്മാരുടെ ഈ അനുസ്യൂത പരമ്പര തുടർന്നുപോകും; ഈ വ്യവസ്ഥ എന്നന്നേക്കുമായി നിലച്ചുപോവുക എന്നത് യുക്തിസഹമല്ല. മനുഷ്യൻ സ്രഷ്ടാവിൽ നിന്ന് വഴിതെറ്റി അന്ധകാരത്തിൽ ആപതിക്കുമ്പോൾ മാർഗ ദർശകൻ ആവശ്യമായി വരുന്നു. ഈ കാലഘട്ടത്തിൽ ഒരു പ്രവാചകന്റെ അവതരണത്തെ കുറിച്ച് എല്ലാ മതങ്ങളും ദീർഘ ദർശനം ചെയ്തിട്ടുണ്ടെന്ന് കാണാം. ആ വാഗ്ദത്ത പുരുഷൻ ഓരോ ജനതയ്ക്കും അവരുടെ സ്രഷ്ടാവിനെ ആരാധിക്കാനുള്ള ശാന്തി മന്ദിരമാകുന്നു. ഏതൊരു തുറവിലൂടെ ഓരോ ജനത്തിനും തങ്ങളുടെ നാഥനെ കാണാനാകുമോ ആ തുറവാണ് അദ്ദേഹം; എല്ലാ വ്യാസാർധങ്ങളും ഒത്തുച്ചേരുന്ന വൃത്ത മദ്ധ്യമാണ് അദ്ദേഹം. തൻനിമിത്തം അദ്ദേഹം മുഖേന മാത്രമേ ലോകശാന്തി കണ്ടെത്തുകയും പ്രാപിക്കുകയും ചെയ്യുകയുള്ളുവെന്ന് വിധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹമാണ് പ്രവാചക പ്രഭുവായ മുഹമ്മദ്നബി (സ)ക്ക് ശേഷം ലോകം കണ്ട മഹാപുരുഷനായ വാഗ്ദത്ത മഹ്ദീമസീഹും മനുഷ്യരാശിയുടെ വിമോചകനുമായി അവതരിച്ച മുസ്‌ലിം അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകർ ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദ് (അ).

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകരുടെ ആവിർഭാവം ഉദ്ദേശ്യത്തെപറ്റി അദ്ദേഹം തന്നെ വിവരിച്ചിട്ടുള്ളത് ആ മഹാത്മാവിന്റെ സ്വന്തം വാക്കുകളിൽ അവതരിപ്പിക്കാം:

**യുഗശബ്ദം**

"മനുഷ്യനും അവന്റെ സ്രഷ്ടാവിനും ഇടയിലുള്ള സ്പഷ്ടമായ എല്ലാ തടസ്സങ്ങളെയും തട്ടിമാറ്റിയും ദൈവത്തോടുള്ള സ്നേഹത്തെയും ഭക്തിവിശ്വാസങ്ങളെയും മനുഷ്യഹൃദയങ്ങളിൽ വീണ്ടും ഉറപ്പിച്ചു സത്യത്തെ വ്യക്തമായി വെളിപ്പെടുത്തിയും എല്ലാ മതയുദ്ധങ്ങളും പോരാട്ടങ്ങളും അവസാനിപ്പിക്കുകയും ശാശ്വത സമാധാനത്തിനുള്ള അടിസ്ഥാനമിടുകയും ചെയ്യുന്നതിനായിട്ടത്രെ ഞാൻ എഴുന്നേൽപ്പിക്കപ്പെട്ടിരിക്കുന്നത്. ലോകത്തിന്റെ ദൃഷ്ടിയിൽ നിന്ന് നഷ്ടപ്പെട്ടുപോയ ആത്മീയജ്ഞാനം വെളിപ്പെടുത്തുകയും ഭൗതികമോഹങ്ങൾ മൂലം അപ്രത്യക്ഷമായ ആത്മീയ ജീവിതത്തിന്റെ യഥാർഥ രൂപം കാണിച്ചുകൊടുക്കുകയും, മനുഷ്യനു പ്രദാനം ചെയ്യപ്പെട്ടിട്ടുള്ളതും പ്രാർഥനയും സത്യഭക്തിയും കൊണ്ടുമാത്രം വെളിപ്പെടുത്തിക്കാണിക്കുകയും, അല്ലാഹുവിനു ഒരു തരത്തിലുള്ള സമന്മാരെയും സങ്കല്പിക്കാത്തതും മനുഷ്യഹൃദയങ്ങളിൽ നിന്ന് തികച്ചും അപ്രത്യക്ഷമായികഴിഞ്ഞ ആ മിന്നിത്തിളങ്ങുന്ന കളങ്കമറ്റ 'തൗഹീദ്' അഥവാ ഏകദൈവവിശ്വാസം വീണ്ടും വീണ്ടും ലോകത്ത് ശാശ്വതമായി ഉറപ്പിക്കുകയും ചെയ്യുന്നതിനും വേണ്ടിയത്രെ ഞാൻ അയക്കപ്പെട്ടിരിക്കുന്നത്" (ലക്ചർ ഓൺ ഇസ്‌ലാം, ഭാ.34)

വീണ്ടും പറയുന്നു:''വഴിതെറ്റിപ്പോയവരെ താക്കീതുചെയ്യുകയും ഇരുട്ടിൽ കഴിയുന്നവരെ വെളിച്ചത്തിലേക്ക് നയിക്കുകയും ചെയ്യുന്നതിന്നുള്ള ജ്ഞാനം എനിക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു".

തുടരുന്നു: " ഈ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുകയും മനുഷ്യസമൂഹത്തെ ദൈവത്തിന്റെ പരിശുദ്ധമായ തൗഹീദിലേക്ക് നയിക്കുകയും ചെയ്യുന്നതിനായിട്ടത്രെ അവൻ എന്നെ അയച്ചിട്ടുള്ളത്. അപ്രകാരം ഞാൻ നിങ്ങൾക്ക് എല്ലാം വിവരിച്ചു തന്നിരിക്കുന്നു. കൂടുതൽ ദൃഢമായ വിശ്വാസം ലോകത്തിനു നൽകുന്നതിനും ദൈവത്തിന്റെ ആസ്തിക്യം തെളിയിച്ചുകാട്ടുന്നതിനുമായിട്ടാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്, കാരണം, സത്യവിശ്വാസം കൊഴിഞ്ഞുപോകുകയും പരലോകജീവിതം വെറും കെട്ടുകഥയായി മാറുകയും ദൈവത്തിലോ പരലോകത്തിലോ ഉള്ള വിശ്വാസം അശേഷം ഇല്ലാത്തവിധം മനുഷ്യൻ ഈ ലോകത്തിലും ഭൗതികവസ്തുക്കളിലും തന്നെ സകല ആശ്രയവും അർപ്പിക്കുകയും ചെയ്തിരിക്കുന്നു. അവർ ദൈവത്തെക്കുറിച്ചു സംസാരിക്കുന്നുവെങ്കിലും അവരുടെ ഹൃദയങ്ങൾ ഈ ലോകത്തോടുള്ള മോഹങ്ങൾ കൊണ്ടുനിറഞ്ഞിരിക്കുന്നു. ജൂതന്മാരുടെ ഹൃദയങ്ങളിൽ വിശ്വാസരാഹിത്യമുണ്ടാക്കുകയും ദൈവസ്നേഹത്തെ അകറ്റിക്കളയുകയും അവരുടെ സദാചാരബോധത്തെതന്നെ നശിപ്പിച്ചുകളയുകയും ചെയ്തതുപോലെ ലോകം ദൈവത്തിൽനിന്ന് അകന്നിരിക്കുകയാണ്. ജനഹൃദയങ്ങളിൽ സത്യബോധവും സത്യവിശ്വാസവും പുനഃസ്ഥാപിക്കുകയും ദൈവപ്രേമവും ദൈവഭയവും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതിനായിട്ടത്രെ ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇതാണ് എന്റെ നിലനില്പിന്റെ ഉദ്ദേശ്യലക്ഷ്യം. സ്വർഗീയശക്തികൾ ഈ ഭൂമിയിൽനിന്നു ദൂരെയായിപ്പോയെങ്കിലും അത് ഇനി വീണ്ടും അടുത്തേയ്ക്ക് വരുമെന്ന് ദൈവം എന്നെ അറിയിച്ചിരിക്കുന്നു. ആകയാൽ ഇതെല്ലാം പുതുക്കിപ്പണിയുന്നതിനാണ് ഞാൻ വന്നിട്ടുള്ളത്; ഈ ഉദ്ദേശ്യാർഥമാണ് ഞാൻ അയയ്ക്കപ്പെട്ടി

# ആത്മീയത: സത്യവും മിഥ്യയും

എൻ. ഇ. ഹഖ്

മനുഷ്യനെ ദൈവമാക്കികാണുകയും ആത്മീയ സൂത്രപ്പണി നടത്തുന്നവരെ അവതാരങ്ങളും ആൾ ദൈവങ്ങളുമായി വരിക്കുകയും ചെയ്യുന്ന അന്ധ വിശ്വാസം 'പുരോഗമനം' കൊണ്ട് വീർപ്പുമുട്ടുന്ന ഈ കാലഘട്ടത്തിലും വ്യാപകമായി നിൽക്കുന്നുവെന്നത് അദ്ഭുതകരമാണ്. ഭാവിയറിയാനും ഐശ്വര്യം ഉടനടി ആർജിക്കാനുമുള്ള ബദ്ധപ്പാടിൽ, വിവരമില്ലാത്തവർ മാത്രമല്ല സമൂഹത്തിലെ ഉന്നത ശീർഷന്മാരും ബുദ്ധിജീവികളായി എഴുന്നള്ളുന്നവരുമൊക്കെയാണ് ദിവ്യന്മാരുടെയും ആൾ ദൈവങ്ങളുടെയും കൊട്ടകങ്ങളിലും രതിത്താവളങ്ങളിലും ഊഴവും കാത്തുനിൽക്കുന്നത്. ശൂന്യതയിൽ നിന്ന് വിഭൂതിയും സ്വർണനാണയങ്ങളും പഴുത്ത പഴങ്ങളുമൊക്കെ എടുത്തു നൽകുന്ന ഭഗവാൻ മുതൽ ലൈംഗിക വൃത്തിക്കായിമാത്രം ദിവ്യ വേഷം കെട്ടുന്ന കൺകെട്ടുകാർ, കയ്യടക്ക വിരുതന്മാർ തുടങ്ങിയ നമുക്ക് പരിചിതമായ ചെറുതും വലുതുമായ ആത്മീയ വ്യാപാരികളുടെയെല്ലാം പബ്ലിക്ക് റിലേഷൻസ് ട്രിക്ക് ചില ചെപ്പടി വിദ്യകളും കുറച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളുമാണ്. ഈ ജീവകാരുണ്യ പ്രവർത്തനങ്ങളും ആശ്രമങ്ങളും ആശുപത്രിയുമൊക്കെ ആളുകളുടെ അനുഭാവവും വിശ്വാസവും നേടാനുള്ള മനഃശ്ശാസ്ത്രപരമായ തന്ത്രങ്ങളാണ്താനും.

മതമോ വിശ്വാസമോ എന്തെന്നറിയാത്തവരാണ് അദൃശ്യ കാര്യങ്ങളറിയാനും അപകടങ്ങളും ദുരന്തങ്ങളും മുൻകൂട്ടിക്കണ്ട് പരിഹാര ക്രിയക്കുള്ള കുറിപ്പടികിട്ടാനുമുള്ള തിടുക്കത്തിൽ ആൾ ദൈവങ്ങളുടേയും കപട ദിവ്യന്മാരുടേയും കൂടോത്രങ്ങൾക്കുമുന്നിൽ കുമ്പിടുന്നത്. ദൈവത്തെ എങ്ങനെയെങ്കിലും പ്രാപിച്ചുകളയാൻ കുറുക്കു വഴി നോക്കി നടക്കുന്നവരും മധ്യവർത്തികളെ തിരയുന്നവരും ആദ്യം തന്നെയെത്തുന്നത് ആൾ ദൈവങ്ങളുടെ കൂടാരത്തിലാണ്. ജോത്സ്യരും പക്ഷി ശാസ്ത്രക്കാരും പിന്നെ ശൈഖുനമാരും തങ്ങന്മാരും ഭഗവാന്റെ അവതാരമായി വിലസുന്നവരും പ്രവചനങ്ങളും ദീർഘദർശനങ്ങളും നടത്തിക്കൊണ്ടാണ് രംഗം കൈയടക്കുന്നത്. എന്നാൽ അദൃശ്യജ്ഞാനം അറിയുന്നവനായി ദൈവമല്ലാതെ മറ്റാരും തന്നെയില്ല. ഒരു പ്രവാചകന് വെളിപ്പെടുത്തി കൊടുക്കുമ്പോഴല്ലാതെ മനുഷ്യന് അതറിയാനാ വില്ലെന്നതാണ് യാഥാർഥ്യം

**പ്രവാചകന്മാർ**

യഥാർഥ ആത്മീയതയുടെ പ്രഭവ കേന്ദ്രം ദൈവത്തിന്റെ പരിശുദ്ധന്മാരായ പ്രവാചകന്മാരും അവർക്കു സിദ്ധിച്ച വെളിപാടുകളു മല്ലാതെ മറ്റൊന്നുമല്ല. മത വിശ്വാസത്തെ ബീജാവാപം ചെയ്യുകയും ദൈവ വിശ്വാസം ഭൂമിയിൽ വളർത്തിയെടുക്കുകയും ചെയ്തത് ദൈവത്തിന്റ വരിഷ്ഠദാസൻമാരാണ്. കപട

---

ട്ടുള്ളതും"

(കിത്താബുൽബരിയ്യ,ഭാ 253-256).

**ചിന്തിക്കുന്നവർക്ക് സന്ദേശം**

അല്ലാഹുവിന്റെ ആജ്ഞയനുസരിച്ചു വന്ന മുജദ്ദിദും, അല്ലാഹുവിന്റെ സഹായം ലഭിച്ച ദാസനും, ആഗതനാകേണ്ടുന്ന മഹ്ദിയും, മസീഹ് മൗഊദും ആയി ജനങ്ങൾക്ക് വിഭാവനം ചെയ്യാൻ കഴിയാത്ത പദവിയിൽ എന്റെ റബ്ബിൽനിന്ന് ഞാൻ നിയോഗിതനായിരിക്കുന്നു. എന്റെ ജനം എന്നെകണ്ടറിഞ്ഞ് സ്വീകരിച്ചിരുന്നെങ്കിൽ, ദുൻയാവിന്റെ (ഇഹലോകം) എളിമയിൽ നിന്ന് അവർ മോചിതരാവുകയും ദീനിൽ അവർക്ക് സഹായം ലഭിക്കുകയും അങ്ങനെ അവർ വിജയം വരിക്കുകയും ചെയ്യുമായിരുന്നു.

പക്ഷേ, ചില ഹൃദയങ്ങൾ യഹൂദികളോട് സാമ്യമുള്ളവയായി; ഇതാകട്ടെ ആ പറയപ്പെട്ട പ്രവചനങ്ങളിൽ ഉള്ളതാകുന്നു. അതിനാൽ, നിങ്ങൾ ഓർമിക്കുവിൻ!

അങ്ങനെ അവർ യഹൂദികളായി ത്തീർന്നപ്പോൾ ഞാൻ അവർക്ക് ഈസാ ആയി വന്നു; എന്നെക്കുറിച്ച് ചിന്തിക്കുന്നവർക്ക് ഇക്കാര്യം മതിയായതാണ്.

ഇസ്‌ലാമിന് സംഭവിച്ച വിപത്തുകളിലും കാലത്തിന്റെ വിഹ്വലമായ മാറ്റത്തിലും ഞാൻ 'ഇന്നാലില്ലാഹി' പറയുന്നു. ഹൃദയങ്ങൾ നിർജീവമായി, പാപകർമങ്ങൾ പെരുകി, അസ്വസ്ഥതകൾ അതികഠിനമായി. ഈ ഇരുണ്ട രാത്രിയിലെ പ്രചണ്ഡമായ അധർമച്ചുഴിയുടെ യാമത്തിൽ അല്ലാഹുവിന്റെ കാരുണ്യം ആവശ്യപ്പെടുകയുണ്ടായി, ആകാശത്തുനിന്ന് പ്രകാശം ഇറങ്ങണമെന്ന്; ഇതാ ആ പ്രകാശം ഞാനാകുന്നു." ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

(ലേകഖകന്റെ 'നിങ്ങൾ സത്യം അറിയണം' എന്ന പുസ്തകത്തിൽ നിന്ന്)

ആത്മീയതയുടെ വക്താക്കൾ എപ്പോഴും അന്ധവിശ്വാസങ്ങളേയും മിത്തുകളേയും നിലനിർത്തുന്നവരാണ്. പഴയ വിശ്വാസങ്ങളേയും മിത്തുകളേയും താലോലിച്ചു കൊണ്ടാണ് അവർ സമൂഹത്തിലെ നല്ല പിള്ളമാരാവുന്നത്. എന്നാൽ പ്രവാചകന്മാർ അന്ധവിശ്വാസങ്ങളുടെയും പരമ്പരാഗത മാമൂലുകളുടെയും പ്രാകാരങ്ങൾ തകർത്ത് സമൂഹത്തിന്റെ രോഷം വിലക്ക് വാങ്ങിയവരാണ്.

അവരുടെ വാദങ്ങളാകട്ടെ എപ്പോഴും ദിവ്യ വെളിപാടുകളെ അടിസ്ഥാനമാക്കിയായിരുന്നു. ദൈവം സംസാരിക്കാൻ പ്രേരിപ്പിക്കാതെ അവർ സംസാരിക്കുകയോ അവൻ തൃപ്തി പ്പെട്ടതല്ലാതെ അവർ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. യഥാർഥ ദൈവത്തിലേക്ക് കുറുക്കു വഴികളൊന്നുമില്ലെന്ന് അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ വന്ദ്യ സ്ഥാപകർ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)പറയുകയുണ്ടായി.

'ലോകത്തിന്റെ സൃഷ്ടിപ്പു മുതൽക്കേ ദൈവത്തെ തിരിച്ചറിയുക എന്നത് പ്രവാചകനെ തിരിച്ചറിയുന്നതുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഒരു പ്രവാചകൻ മുഖേന യല്ലാതെ ഏകത്വ ത്തിന്റെ ജ്ഞാനം സിദ്ധിക്കുകയെന്നതും അസാദ്ധ്യമാണ്. ദൈവത്തെ കാണാനുള്ള കണ്ണാടിയാണ് പ്രവാചകൻ. ഈ കണ്ണാടിയിലൂടെ മാത്രമേ ദൈവത്തിന്റെ തിരുമുഖം ദർശിക്കുവാൻ സാധിക്കുകയുള്ളൂ. സർവശക്തനായ ദൈവം ലോകത്തിന്റെ മുമ്പിൽ വെളിപ്പെടാൻ ഇച്ഛരിക്കുമ്പോൾ അവൻ ഒരു നബിയെ ലോകത്തിലേക്ക് അയക്കുന്നു. അദ്ദേഹം അവന്റെ ശക്തി പ്രതാപങ്ങളുടെ ആവിഷ്ക്കാരം ആവുകയും അദ്ദേഹത്തിലൂടെ അവൻ തന്റെ 'റുബൂബിയത്തിന്റെ'(സർവപരിപാലകത്വത്തിന്റെ) പ്രകടനം കാണുകയും ചെയ്യുന്നു. അങ്ങനെ ദൈവം ഉണ്ടെന്നു ലോകം തിരിച്ചറിയുന്നു. ദൈവത്തിലേക്ക് വഴികാണിക്കുന്ന വിഭാഗം അവരാണ്. അവരിലൂടെയാണ് അഗോചരങ്ങളിൽ അഗോ ചരങ്ങളായ, നിഗൂഢതകളിൽ നിഗൂ ഢമായ ദൈവസത്ത സ്വയം വെളിപ്പെടുന്നത്. ദൈവം എന്ന് വിളിക്കപ്പെ ടുന്ന ആ ഗുപ്ത നിധി പ്രവാചകന്മാരിലൂടെയാണ് എക്കാലവും തിരിച്ചറിയപ്പെട്ടത്.'(ഹഖീഖത്തുൽ വഹ്യ്, റൂഹാനി ഖസായിൻ വാ:22 പേ 115,116)

പ്രവാചകന്മാരുടെ വരവോടെയാണ് ദൈവത്തിന്റെ അസ്തിത്വത്തിലേക്കുള്ള ജനശ്രദ്ധ തിരിയുന്നത്. അവരുടെ ദൃഷ്ടാന്തങ്ങളും ദിവ്യാദ്ഭുതങ്ങളും അനുകരണീയ ജീവിത മാതൃകകളും കൂടാതെ യഥാർഥ ആത്മീയ സിദ്ധി അസാദ്ധ്യമാണ്. അതു കൊണ്ടാണ് പ്രവാചകന്റെ അഭാവത്തിൽ ദൈവ വിശ്വാസം വെറും കഥകളെന്നോണം ശുഷ്ക്കമായി തീരുന്നത്. അതോടെ ദൈവത്തെയും മനുഷ്യനേയും സ്രഷ്ടാവിനേയും സൃഷ്ടികളേയും അനന്യമാക്കി കാണുന്ന സമ്പ്രദായങ്ങൾ രൂപപ്പെട്ടുവരികയും മതം കുറുക്കുവഴികളുടെ കൂടാരമായി തീരുകയും ചെയ്യുന്നു.

**സർവം ബ്രഹ്മവാദവും ത്രിയേകത്വവും**

ദൈവത്തോടൊപ്പം പരിമിതമായ ആത്മാക്കളേയും പദാർഥങ്ങളേയും അനാദിയും സ്വയം ഭൂവുമായി കരുതുന്നതാണ് സർവം ബ്രഹ്മവാദം. ബുദ്ധിയുടേയും തർക്കശാസ്ത്രത്തിന്റേയും ശക്തിയിൽ ദൈവത്തെ അറിയാൻ കഴിയുമെന്ന ധാരണയുടെ ഉൽപ്പന്നമാണ് ഈ വിശ്വാസം. ദൈവത്തിന് നിയാമകന്റേയോ ഒരു സംയമകന്റേയോ സ്ഥാനത്തിനപ്പുറമൊന്നും അതു നൽകുന്നില്ല. ഇക്കാരണത്താൽ പുതിയ ആത്മാക്കളേയും പരമാണുക്കളേയും സൃഷ്ടിക്കാൻ കഴിവില്ലാത്തവനാണ് ദൈവം. പദാർഥത്തിലും പദാർഥത്തിന്റെ ഓരോ പരമാണുവിലും ദൈവം വ്യാപരിച്ചു നിൽക്കുന്നു. പദാർഥവും ദൈവവും അന്യാമാണെന്ന് വരുമ്പോൾ മനുഷ്യനും ദൈവവു മായുള്ള ബന്ധത്തിന്റെ ആത്മീയ സ്വഭാവം തന്നെ തകിടം മറിയുകയും ആർക്കും ദൈവമായി വിലസാമെന്ന അവസ്ഥ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

മറ്റൊന്ന് ഒരു സ്ത്രീയുടെ വയറ്റിൽ പിറന്ന, എല്ലാവിധ പരിമിതികളും പരിധികളും ഉൾകൊണ്ട ദുർബലനായ ഒരു മനുഷ്യനെ ദൈവമാക്കി വരിക്കുന്ന ത്രിയേകത്വമാണ്. ദൈവമായ യേശു മനുഷ്യരൂപത്തിൽ ദൈവപുത്രനായി ജനിച്ചത് പാപിയായ മനുഷ്യകുലത്തിന്റെ പാപം ചുമക്കാനായിട്ടായിരുന്നു. അങ്ങനെ അദ്ദേഹം പാപികളായ മനുഷ്യരുടെ പാപപരിഹാരാർഥം ശപിക്കപെട്ട കുരിശു മരണം വരിക്കുകയും ശപ്തനായി തീരുകയും പിന്നീട് ഉയിർത്തെഴുന്നേറ്റ് ആകാശത്ത് പിതാ വായ ദൈവത്തിന്റെ വലത് ഭാഗത്ത് കുടിയിരിക്കുകയുമാണ്.

**വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന ദൈവം**

ഇസ്‌ലാമിന്റെ വിശുദ്ധ വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ, ദൈവത്തി നു മേൽ ചാർത്തപ്പെടുന്ന ഇത്തരം പരിമിതികളേയും ന്യൂനതകളേയും തള്ളിക്കളയുന്നു. ആകാശങ്ങളുടേയും ഭൂമിയുടേയും എണ്ണമറ്റ പ്രപഞ്ചങ്ങളുടേയും അധിനാഥനാണ് അത് പരിചയപ്പെടുത്തുന്ന ദൈവം. പ്രകൃതി ഗ്രന്ഥത്താളിലും പ്രകൃതി നിയമത്തിന്റെ ദർപ്പണത്തിലൂടേയും കാണപ്പെടുന്ന ദൈവമേതോ അതേ സത്യദൈവം തന്നെയാണ് ഇസ്‌ലാമിന്റെ ദൈവം. ഇസ്‌ലാമിന്റെ ദൈവ സങ്കൽപ്പം ഇപ്രകാരം എടുത്തു കാട്ടിക്കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) തുടർന്ന് പറയുന്നു: 'ഇസ്‌ലാം ഒരു പുതിയ ദൈവത്തെ പരിചയപ്പെടുത്തുന്നില്ല. മറിച്ച് ഇസ്‌ലാം പരിചയപ്പെടുത്തുന്ന ദൈവം, മനുഷ്യന്റെ ഹൃദയ വെളിച്ചം അവതരിപ്പിക്കുന്ന, ആകാശങ്ങളും ഭൂമിയും അവതരിപ്പിക്കുന്ന അതേ ദൈവം തന്നെയാണ്.' (മജ്മൂഅ ഇശ്തിഹാറത്ത്, റൂഹാനി ഖസായിൻ, വാ:2 പേജ് 310)

ദൈവവുമായി ബന്ധം വെക്കുന്നവരേയും ദൈവം സംസാരിക്കുന്നവരേയും വിശുദ്ധ ഖുർആൻ കാട്ടിത്തരികയും മനുഷ്യ സൃഷ്ടിയുടെ

ഉദ്ദേശ്യവും പ്രപഞ്ച സൃഷ്ടിപ്പും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ ഏകത്വം അത് ഉയർത്തിക്കാട്ടുകയും അതുവഴി സൃഷ്ടി ജാലങ്ങളുടെ ഏകത്വത്തിലേക്കും സമത്വത്തിലേക്കും അതു നയിക്കുകയും ചെയ്യുന്നു. ദൈവത്തിലല്ലാതെ മറ്റാരിലേക്കെങ്കിലും ചായുന്നത് കൊണ്ട് തിന്മകളെ അത് വെളിപ്പെടുത്തുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പറയുകയാണ്:

'ദൈവത്തെ നമ്മുടെ പ്രിയപ്പെട്ടവനാക്കി തീർക്കുന്ന അദ്ധ്യാപനങ്ങളാണ് വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നത്. അവ അവന്റെ സൗന്ദര്യങ്ങളെ എടുത്തുകാട്ടുന്നു. അവന്റെ ഔദാര്യങ്ങളെക്കുറിച്ച് നമ്മെ ഓർമപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ സൗന്ദര്യത്തിന്റെ ആസ്വാദനത്താലോ, ഔദാര്യത്തിന്റെ സ്മരണയാലോ ആണല്ലോ സ്നേഹം സൃഷ്ടിക്കപ്പെടുന്നത്. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്, ദൈവം അവന്റെ സർവോൽ കൃഷ്ടതകൾ കാരണമായി പങ്കുകാരൻ ആരുമില്ലാത്ത തരത്തിൽ ഏകനാണ്. ഒരു വൈകല്യവും അവനെ ബാധിക്കുന്നില്ല. അവൻ എല്ലാ ഉൽകൃഷ്ട ഗുണങ്ങളും സ്വീകരിച്ചിരിക്കുന്നവനും എല്ലാ പരിശുദ്ധ ശക്തികളും പ്രകടമാക്കുന്നവനുമാണ്. എല്ലാ സൃഷ്ടികളുടേയും ഉറവിടവും എല്ലാ അനുഗ്രഹത്തിന്റേയും പ്രഭവ കേന്ദ്രവുമാ ണവൻ. അവൻ സർവ പ്രതിഫലത്തിന്റേയും ഉടമസ്ഥനാണ്. സർവസ്വവും മടങ്ങുന്നതും അവനിലേക്കാണ്.

**ആത്മീയാകാശം**

വിശുദ്ധ ഖുർആൻ നമുക്ക് പരിശുദ്ധമായ ആത്മീയതയേയും വ്യാജമായ ആത്മീയതയേയും വേർതി രിച്ചുകാട്ടുന്നു. പരിശുദ്ധമായ ആത്മീയതയെ ഖുർആൻ ആകാശത്തോടാണ് ഉപമിക്കുന്നത്. ബാഹ്യമായ എല്ലാ ഇടപാടുകളിൽ നിന്നും പോറലുകളിൽ നിന്നും ഭൗതികാകാശത്തെ അല്ലാഹു സുരക്ഷിതനാക്കിയിരിക്കുന്നത് പോലെ വ്യാജമായ ആത്മീയതയിൽ നിന്ന് പാവനമായ ആത്മീയാകാശത്തെയും ദൈവം സംരക്ഷിക്കുന്നു. ഭൗതികമായ ആകാശം ആത്മീയാകാശത്തിന്റെ ചൂണ്ടുപലകയാണ്. ആത്മീയാകാശത്തിന്റെ പരിപാലകത്വം തെളിയിക്കാൻ ഭൗതികാകാശത്തിന്റെ ധർമങ്ങളും സ്വഭാവങ്ങളുമവതരിപ്പിക്കുന്നു. ഭൗതികാകാശത്തിന്റെ സുരക്ഷാ സംവിധാനത്തെക്കുറിച്ചുള്ള വിവരണങ്ങളിലൂടെ ആത്മീയാകാശത്തിന്റെയും ആത്മീയമായ ഉദ്ബോധങ്ങളുടേയും സത്യമായ ദൈവിക മാർഗദർശനത്തിന്റെയും സംരക്ഷണമെങ്ങനെയെന്നും വിശുദ്ധ ഖുർആൻ സമർഥിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: **തീർച്ചയായും നാമാണ് ഈ ദിക്റ് ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും** (15:10)

വിശുദ്ധ ഖുർആന്റെ ദൈവിക പരിരക്ഷ സ്ഥാപിച്ചു കാണിക്കുന്ന മഹത്തായ ഒരു ദൈവിക വാഗ്ദാനമാണിത്. ഖുർആനേയും ഖുർആൻ പ്രതിനിധീകരിക്കുന്ന വിശ്വാസ സംഹിതകളേയും 'അദ്ദിക്ർ' എന്നാണ് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. ദൈവിക സംരക്ഷണത്തെക്കുറിച്ചുള്ള ഉറപ്പേറിയ സുവിശേഷമാണിത്. ദൈവിക സംരക്ഷണത്തിന്റെ അഭാവത്തിൽ ഒരു വിശ്വാസ സംഹിതയും 'അദ്ദിക്ർ' എന്ന് വിളിക്കപ്പെടാൻ യോഗ്യമാകുന്നില്ല. അങ്ങനെയുള്ള മതങ്ങളെല്ലാം വ്യാജമായ ആത്മീയതയിലേക്ക് വഴുതിപ്പോകാതിരിക്കുന്നുമില്ല.

**ആത്മീയാകാശത്തിന്റെ സംരക്ഷണം**

ഈ സംരക്ഷണ വാഗ്ദാനം എങ്ങനെയാണ് നിർവഹിക്കപ്പെടുകയെന്ന് ഖുർആൻ തുടർന്ന് വിവരിക്കുന്നു.

**'ആകാശത്ത് നാം നക്ഷത്ര മണ്ഡലങ്ങൾ ഉണ്ടാക്കുകയും നോക്കുന്നവർക്ക് അത് അലംകൃതമാക്കുകയും ചെയ്തിരിക്കുന്നു. ശപിക്കപെട്ട എല്ലാ സാത്താന്മാരിൽ നിന്നും അതിനെ നാം സം രക്ഷിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ആരെങ്കിലും ഒളിഞ്ഞു കേൾക്കുന്നതായാൽ പ്രത്യക്ഷമായൊരു തീജ്വാല അവനെ പിടികൂടുന്നതാണ്. (വി.ഖുർ ആൻ 15:17,18,19)**

നക്ഷത്രങ്ങൾ ഭൗതികാകാശത്തെ അലങ്കരിക്കുന്നത് പോലെ ആത്മീയ നക്ഷത്രങ്ങളായ പ്രവാചകന്മാരും ദൈവനിയുക്തരായ പരിശുദ്ധാത്മാക്കളും ആത്മീയാകാശത്തെ അലങ്കരിക്കുന്നു.ഭൗതിക നക്ഷത്രങ്ങൾ ഭൗതികാകാശത്തിന്റെ അവിഭേദ്യത സംരക്ഷിക്കുന്നതിൽ എപ്രകാരം കരുക്കളായി തീരുന്നുവോ അപ്രകാരം ആത്മീയ നക്ഷത്രങ്ങളായ പ്രവാചകന്മാർ ആത്മീയാകാശത്തിനുള്ള കരുക്കളായി തീരുകയും വല്ല വിധേനയും അവർക്കുണ്ടാകുന്ന ഭംഗം മുഴുവൻ ആത്മീയാകാശത്തേയും തകിടം മറിക്കുകയും ചെയ്യുന്നു. എപ്രകാരം ഭൗതിക നക്ഷത്രങ്ങൾ കരയിലും കടലിലും മനുഷ്യർക്ക് വഴിയടയാളങ്ങളെന്നോണം പ്രയോജനപ്പെടുന്നുവോ അതു പോലെ ആത്മീയ നക്ഷത്രങ്ങൾ ആത്മീയ ലക്ഷ്യത്തിലേക്കുള്ള വഴിയടയാളങ്ങളായി തീരുന്നു. നക്ഷത്ര ങ്ങളെ പോലെ പ്രവാചകന്മാരും പരസ്പര ബന്ധമുള്ളവരാണ്. ഒരു നക്ഷത്രത്തിന്റെ സ്ഥാന നിർണയം വഴി യാത്രക്കാരന് മറ്റൊന്നിന്റെ സ്ഥാനമറിയാനു തകുന്നത് പോലെ ഒരു പ്രവാചകൻ തനിക്ക് ശേഷം വരുന്ന മറ്റു പ്രവാചകന്റെ പ്രാദുർഭാവത്തെക്കുറിച്ച് മുൻകൂട്ടി പറയുന്നു. അങ്ങനെ ഒരു പ്രവാചകനിലുള്ള വിശ്വാസം മനുഷ്യന് മറ്റു പ്രവാചകരെ തിരിച്ചറിയാൻ പ്രയോ ജനപ്പെടുകയും വിശ്വാസത്തിന്റെ മാർഗത്തിൽ പുരോഗതിപ്പെടാൻ ഉതകുകയും ചെയ്യുന്നു.

**ശപിക്കപ്പെട്ട സാത്താൻ**

തുടർന്ന് വിശുദ്ധ ഖുർആൻ പറയുന്നു: 'ശപിക്കപ്പെട്ട എല്ലാ സാത്താന്മാരിൽ നിന്നും ആകാശ ത്തെ നാം സുരക്ഷിതമാ ക്കിയിരിക്കുന്നു.' (15 :18)

മാർഗവ്യതിയാനം സംഭവിക്കുകയും ആത്മീയവും ഭൗതികവുമായ നാശം വിതക്കുകയും ചെയ്യുന്ന തെന്തോ അതാണ് സാത്താൻ. വ്യാജ

മായ ആത്മീയതയുടെ പ്രണേതാക്കളെ സാത്താന്മാരാ യാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നത്. ദൈവിക മാർഗ ദർശനത്തിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുകയും ആദമിനെ അനുസരിക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്തതു പോലെ ദൈവത്തിന്റെ വരിഷ്ഠ പ്രവാചകരെ പിന്തുടരാൻ കൂട്ടാക്കാതെ മോക്ഷത്തിനുള്ള സ്വയം കൃതമാർഗം കണ്ടെത്തുന്ന ഏതൊരു ദുർഭഗനും ഇബ്‌ലീസിനു സമം സാത്താ നായിതീരുന്നു. അത്തരക്കാർക്കു മുമ്പിൽ ആത്മീയാകാശം കൊട്ടിയടക്കപ്പെട്ടിരിക്കുന്നുവെന്നാണ് വിശുദ്ധ ഖുർആൻ ഓർമിപ്പിക്കുന്നത്. ദൈവ സാമീപ്യത്തിന്റെ വാതായനങ്ങൾ അവരുടെ മുമ്പിൽ ബന്ധിക്കപ്പെട്ടിരി ക്കുന്നു.

ഭൗതിക ലോകത്ത് വിഹരിക്കുന്ന സാത്താന്മാർക്ക് അഥവാ ദുഷ്ടമനുഷ്യർക്ക് തങ്ങളുടേതായ ചില അധികാരങ്ങളും സ്വാധീനങ്ങളുമുണ്ടെങ്കിലും അതു മുഖേന മനുഷ്യരിൽ ചില നഷ്ടങ്ങൾ വരുത്താൻ അവർക്കു സാധിക്കുമെങ്കിലും മഴ, വായു, ജീവശാസ്ത്രപരമായ സ്വാധീനം എന്നിവയിലൊന്നും ഒരു ഭംഗവും വരുത്താൻ സാധിക്കുന്നതല്ല. ഇതു പോലെ അത്മീയ ലോകത്തെ സാത്താന്മാർക്കും പ്രവാചകന്മാരിലും അവരുടെ യഥാർഥ അനുയായികളിൽ ഒരു സ്വാധീനവും ചെലുത്തുവാൻ സാധിക്കുന്നതല്ല.

ഭൗതിക പ്രപഞ്ചത്തിൽ സാത്താന് ഭൗതികാകാശത്ത് നിന്നും വരുന്ന അനുഗ്രഹങ്ങൾക്ക് തടയിടാനാകാത്ത തു പോലെ, ആത്മീയ പ്രപഞ്ചത്തിൽ നിന്നും സാത്താന്മാർക്ക് ആത്മീയാ കാശത്ത് നിന്നും ആവിർഭവിക്കുന്ന ദിവ്യവെളിപാടുകളിലോ സ്വർഗീയ ദൃഷ്ടാന്തങ്ങളിലോ ഒരു സ്വാധീനവു മില്ലതന്നെ. വീണ്ടും വിശുദ്ധ ഖുർആൻ പറയുന്നു.

**എന്നാൽ ആരെങ്കിലും കട്ടുകേൾക്കുകയാണെങ്കിൽ പ്രത്യക്ഷമായ തീജ്വാല അവനെ പിന്തുടരുന്നതാണ്. (15: 19)**

ഉപദ്രവകാരികളായി ഭൗമോപരി തലത്തിലേക്ക് കള്ളനെ പോലെ അതിക്രമിച്ചു കയറിവരുന്ന കപട വേഷധാരികളെ സംഹരിക്കുന്ന സംവി ധാനം ആത്മീയ ലോകത്തു സജീവ മാണ്. വാനലോകത്ത് മാർഗ വ്യതി യാനം വന്ന ഉൽക്കാ ദ്രവ്യങ്ങളും ധൂമ കേതുക്കളും ചിന്ന ഗ്രഹങ്ങളുമടങ്ങുന്ന പ്രാപഞ്ചിക സാത്താന്മാർക്ക് സൗരയൂഥത്തിലെ നിയുക്തമായ സംവിധാനത്തിൽ പ്രവേശനമില്ല. അവ താമസിയാതെ സൗരയൂഥത്തിനകത്തെ തന്നെ പ്രതിരോധ കവചങ്ങളിൽ തട്ടി കത്തിയമരുന്നു. ഇത് പോലെ ദൈവത്തിന്റെ വരിഷ്ഠന്മാരായ ആളുകൾക്ക് മാത്രം പ്രവേശനമുള്ള ആത്മീയ വിഹായസ്സിൽ അനധികൃതമായി പ്ര വേശിക്കാൻ ശ്രമിക്കുന്ന കൽപ്പിത വെളിപാടുകാരും കള്ളപ്രവാചകന്മാരും ദൈവിക രോഷത്തിന്റെ ആട്ടുകല്ലിൽ നിഗ്രഹിക്കപ്പെടുന്നതാണ്.

ദൈവിക വചനം പ്രവാചകന്മാരിലേക്കിറങ്ങി ചെന്ന് അവരുടെ പരിശുദ്ധ ഹൃദയങ്ങളിൽ തങ്ങിനിൽക്കുവോളം സുരക്ഷിതമാണ്. പിന്നീടത് ആളുകൾക്കിടയിൽ ഓതിക്കേൾപ്പിക്കപ്പെടുകയും മനുഷ്യനത് പരസ്പരം ഉരുവിട്ടുകൊണ്ടിരിക്കുകയും കൈമാറിപോവുകയും ചെയ്യുമ്പോഴാണ് പ്രവാചകന്മാരുടെ ശത്രുക്കളായ ഉദ്ധണ്ഡരായ സാത്താന്മാർ അതു കട്ടുകേൾക്കുകയും അതിനെ ദുരുപയോഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നത്. ചിലപ്പോൾ അവർ പ്രവാചകന്മാരുടെ മൊഴികൾ തങ്ങളുടെ സ്വന്തം മൊഴികളായി വിൽപ്പന നടത്തുകയും ചെയ്യുന്നു. ഈ തട്ടിപ്പിന്റെ ഫലമായി ചില അവസരങ്ങളിൽ ദൈവത്തിന്റെ ശിക്ഷകൾ അവർക്ക് മേൽ പതിക്കുന്നു. മറ്റു ചില അവസരങ്ങളിലാകട്ടെ ഒരു ദൈവദൂതൻ എഴുന്നേറ്റുകൊണ്ട് അദ്ദേഹവും അനുയായികളും മുഖേന ആ ദൈവിക വെളിപാടുകളുടെ യാഥാർഥ്യം ജനങ്ങൾക്കു ബോദ്ധ്യ പ്പെടുത്താൻ തുടങ്ങുകയും ആ സാത്താന്മാരുടെ കളവും വഞ്ചനയും തുറന്നു കാട്ടുകയും ചെയ്ത് അവരെ അപമാനിതരും തുരത്തപ്പെട്ടവരുമാക്കുകയുമാണ് ചെയ്യുന്നത്.

**വ്യാജ ആത്മീയതയുടെ ആസൂത്രകർ**

ദിവ്യവെളിപാടുകളുടെ മാർഗദർശനത്തിൽ 'അദ്കിർ' നെ സംരക്ഷിക്കുന്നതിന് വേണ്ടി അയക്കപ്പെടുന്ന സ്വർഗീയ തീജ്വാലകൾ രണ്ടു വിധത്തിലുണ്ടെന്ന് വിശുദ്ധ ഖുർആൻ മനസ്സിലാക്കിതരുന്നു. ഒന്നാമത്തേത് ശിഹാബും സാഖിബ് (തുളച്ചുകയറുന്ന തീജ്വാല). രണ്ടാമത്തേത് ശിഹാബും മുബീൻ (പ്രത്യക്ഷ തീജ്വാല) ആണ്. ഈ തീജ്വാലകൾ ആത്മീയാർഥത്തിൽ കാലഘട്ടത്തിന്റെ പ്രവാചകനും കാല ത്തിന്റെ ഇമാമും മുജദ്ദിദുമാരും ആണ്. പ്രകാശോജ്ജ്വലമായ ദൈ വിക ദൃഷടാന്തങ്ങൾ സമേതമാണ് അവർ ആവിർഭവിക്കുന്നത്. ദൈവിക വചനങ്ങളിൽ കൃത്രിമം നടത്തുന്ന തിന്റെ എല്ലാ ദുഷ്ട ഉപജാപങ്ങൾക്കെതിരിലും അവർ പോരാടുന്നു.

ദൈവവചനത്തിനെതിരായി പ്രവർത്തിക്കുന്ന വ്യാജമായ ആത്മീയ തയുടെ ആസൂത്രകരായ സാത്താനിക ശക്തികൾ രണ്ടു തരത്തിലുണ്ടെന്ന് ഖുർആനിൽ നിന്നും വ്യക്തമാവുന്നുണ്ട്. ആദ്യത്തെ കൂട്ടർ കപടവി ശ്വാസികളെ പോലെ ഗുപ്ത ശത്രു ക്കളാണ്. ഇവരെയാണ് ഖുർആൻ 'ശൈത്താനിം മാറിജ' (ഉദ്ധണ്ഡരായ പിശാചുക്കൾ) എന്ന് വിളിക്കുന്നത്. രണ്ടാമത്തേത് പ്രകടശത്രുക്കളായ നിഷേധികളാണ്. ഇവരെയാണ് വിശുദ്ധ ഖുർആൻ ശൈത്താനു റജീം (ശപിക്കപ്പെട്ട ശൈത്താൻ) എന്നു വിശേഷിപ്പിക്കുന്നത്. ഉദ്ധണ്ഡരായ ആപിശാചുക്കൾ എന്ന പദപ്രയോഗത്തിൽ ആത്മീയാന്ധകാരത്തിൽ മന്ത്രവാദങ്ങളും കൂടോത്രങ്ങളും വികൃതമായ വിശ്വാ സങ്ങളും വഴി ആത്മീയവ്യാപാരം നടത്തി ദുർബല മനസ്ക്കരെ വഞ്ചിക്കുന്ന കപടദിവ്യന്മാരും കള്ളസിദ്ധന്മാരു മൊക്കെപെടുന്നു. ജെയിംസ് റാൻഡിയെ പോലെയുള്ള ലോകപ്രശസ്ത ദിവ്യാദ്ഭുത അനാവരണ വിദഗ്ധന്മാർ ഇത്തരക്കാരുടെ തട്ടിപ്പ് നിരന്തര

മായി തുറന്നു കാട്ടിയിട്ടുണ്ട്.

ക്രിമിനൽ വാസനയുള്ളവരും മനോരോഗികളുമാണ് ആൾ ദൈവ തട്ടിപ്പുകളുടെ ഗോദയിലിറങ്ങുന്നത്. ക്രിമിനലുകൾക്ക് ദിവ്യപരിവേഷവും ഭക്തിയുമൊക്കെ മാഫിയാ പ്രവർത്തനങ്ങൾക്കുള്ള പുകമറമാത്രമാണ്. ചില കൈയടക്കങ്ങളിലൂടെയും ചെപ്പടി വിദ്യകളിലൂടെയും ഇവർ സിദ്ധന്മാരും ദിവ്യന്മാരുമായി അവതരിക്കുന്നു. ഭക്തിയുടെ മാസ് ഹിസ്റ്റീരിയ സൃഷ്ടി ച്ചു കൊണ്ടാണ് ആൾക്കൂട്ടങ്ങളെ ഇവർ മാനസികാടിമത്തത്തിലാക്കുന്നത്. പ്രാർഥനാവാകൃങ്ങളുടെ ആവർത്തിച്ചു കൊണ്ടുള്ള ഉരുവിടലിലൂടെ ആൾക്കൂട്ടങ്ങളിൽ മിഥ്യാബോധവും ഉന്മാദാവസ്ഥയും സൃഷ്ടിക്കുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്: **മലക്കുകളുടെ സമുന്നത സമിതിയിൽ നിന്നും അവർ എറിഞ്ഞോടിക്കപ്പെടുന്നു. നിരന്തരമായ ശിക്ഷയും അവർക്കുണ്ട്.(37:9)**

**അദൃശ്യജ്ഞാനം പ്രവാചകന്മാർക്ക് മാത്രം**

ഇത്തരം ജോത്സ്യന്മാരും ശേഖുനമാരും ഭഗവാന്റെ അവതാരങ്ങളായി വിലസുന്നവരുമൊക്കെ ഭാവി പ്രവചിച്ചാണ് ആളുകളെ വലയിൽ വീഴ്ത്താറുള്ളത്. വല്ലപ്പോഴും പുറത്തുവരുന്ന പ്രവചനങ്ങളിൽ പിടിച്ച് ഇവർ ശിഷ്യന്മാരുടെ മൊത്തം ശരീരം പാട്ടത്തിനെടുക്കുന്നു. പ്രവചിക്കുമ്പോൾ തടിയൂരാനുള്ള വഴികൾ തുറന്നിടുന്നു. പ്രവചനം വിജയിച്ചാൽ അനുയായികൾ അതെടുത്ത് ആഘോഷിക്കുകയും ചെയ്യും. ദൈവത്തിനല്ലാതെ ആർക്കും അഭൗതികമായ അറിവില്ല. അദൃശ്യജ്ഞാനം അവനല്ലാതെ മറ്റാർക്കും അറിയാനാവു കയുമില്ല. സുഭദ്രമായ ദൈവിക രഹസ്യങ്ങളുടെ നിലവറകളിൽ ഇവർക്കൊട്ടും തന്നെ പ്രവേശനമില്ലെന്നു മാത്രമല്ല, ഒരു പ്രവാചകന് വെളിപ്പെടുത്തിക്കൊടുക്കുന്നതു വരെ അതാർക്കും അറിയാനാവില്ലെന്നും അതോർമിപ്പിക്കുന്നു.

**വിശുദ്ധ ഖുർആൻ പറയുകയാണ്:അവൻ തന്റെ അദൃശ്യ ജ്ഞാനം ആർക്കും തന്നെ വെളിപ്പെടുത്തി ക്കൊടുക്കുകയില്ല; അവൻ തൃപ്തിപ്പെട്ട ഒരു റസൂലിനല്ലാതെ (77:27,28).**

ദൈവത്തിന്റെ സുഭദ്രമായ സംരക്ഷണത്തിനുള്ള അദൃശ്യമായ അറിവുകളിൽ സാത്താന്മാർക്ക് പ്രവേശനമുണ്ടായിരുന്നെങ്കിൽ ദൈവികവചനങ്ങളുടെ പവിത്രതയും അവികലതയും ഗുരുതരമായ സംശയത്തിനിടയാക്കുമായിരുന്നു. ദൈവത്തിന്റെ വരിഷ്ഠദാസന്മാരായ പ്രവാചകന്മാർക്കല്ലാതെ ദൈവിക രഹസ്യങ്ങളുടെ കലവറയിൽ പ്രവേശിക്കാൻ സാധ്യമല്ല.

തീർച്ചയായുമവൻ (സാത്താൻ) അത് (ദൈവിക വചനങ്ങൾ) കേൾക്കു ന്നതിൽ നിന്ന് തടയപ്പെട്ടവനാകുന്നു. (26:213)

വഴി പിഴച്ച ജനങ്ങൾ അഭയം തേടുന്ന വ്യാജ ദൈവങ്ങളും ദിവ്യന്മാരും ദൈവവചനങ്ങളെ വളച്ചൊടിക്കുകയും വികലമാക്കുകയും ചെയ്യുന്നു. കുറ്റ വാളികളായ മതപണ്ഡിതന്മാരും ദൈവിക രഹസ്യങ്ങളുടെ ഭദ്രാസനങ്ങളിലെത്തി നോക്കാൻ ശ്രമിച്ചാൽതുരത്തപ്പെടുമെന്ന മുന്നറിയിപ്പും വിശുദ്ധ ഖുർആൻ നൽകുന്നുണ്ട്.

എന്നാൽ ആരെങ്കിലും വല്ലതും ഒളിഞ്ഞു നോക്കാൻ തുനിഞ്ഞാൽ തുളഞ്ഞു കയറുന്ന തീജ്വാല (ശിഹാബും സാഖിബ്) അവനെ പിന്തുടരുന്നതാണ് (37:11).

**ഇമാമുസ്സമാൻ സംസാരിക്കുന്നു.**

ശരിയായ ദൈവികമാർഗ ദർശനത്തിന്റെ അഭാവത്തിലുള്ള എല്ലാതരം ആത്മീയ മാർഗങ്ങളും വ്യാജമായ ആത്മീയതയിലേക്കുള്ള വഴികളായി തീരുന്നുവെന്നതാണ് സത്യം. ഈ വ്യാജ ആത്മീയതയുടെ ദുർഗങ്ങൾ ഒന്നൊന്നായി വിശുദ്ധ ഖുർആൻ തകർത്തെറിയുന്നു. എന്നിട്ട് അത് സത്യത്തിന്റെ വിജയം ഉറപ്പിക്കുന്നു. പ്രവാചകന്മാരുടേയും സത്യാത്മാക്കളുടേയും അത്മീയപൈതൃകം അത് വീണ്ടെടുത്തുകൊണ്ടു വരുന്നു. എന്നാൽ ദൈവത്തിൽ നിന്നും ഒരു സ്വർഗീയ പരിഷ്ക്കർത്താവ് ഇറങ്ങുവോളം ഈ സത്യം ജനങ്ങളറിയുന്നില്ല. അദ്ദിക്റിന്റെ യാഥാർഥ്യം വെളിപ്പെടുന്നത് അദ്ദേഹം മുഖേനയാണ്. അതോടെ വ്യാജമായ ആത്മീയതയിൽ മുങ്ങിക്കഴിയുന്ന ജനങ്ങളെ വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ അദ്ദേഹം തട്ടിയുണർത്തുന്നു. ഈ കാലഘട്ടത്തിലെ ആ പരിഷ്ക്കർത്താവ്, ഇമാമുസ്സമാൻ, വാഗ്ദത്ത മഹ്ദി ഈസാ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) അതു കൊണ്ടു തന്നെയാണ് ഈ ലോകത്തെ അഭിമുഖീകരിച്ച് കൊണ്ട് ഇപ്രകാരം ഓർമപ്പെടുത്തിയത്.

അദൃശ്യ ജ്ഞാനം അറിയുന്നവരെന്നു അവകാശപ്പെടുന്ന ജോത്സ്യരെയും ഭാവി പ്രവാചകരെയും രോഗ ശാന്തി ശുശ്രൂഷകരേയും കൈനോട്ടക്കാരേയും പോലുള്ള നിരവധി തരക്കാരുണ്ട്. ചിലപ്പേൾ അവർ കാര്യങ്ങൾ മുൻകൂട്ടി പറയുകയും ചിലത് സംഭവിക്കുകയും ചെയ്യുന്നു. ചിലർക്ക് മെസ്മറിസം മുഖേന മറഞ്ഞ കാര്യങ്ങൾ അനാവരണം ചെയ്യാൻ കഴിയുന്നു. അതു കൊണ്ടു ചിലയാളുകൾ ഉന്നയിക്കുന്ന സംശയം അദൃശ്യ കാര്യങ്ങളുടെ വെളിപ്പെടുത്തൽ കൊണ്ട് മാത്രം വെളിപാടുകളുടെ ദിവ്യോൽപ്പത്തിക്കുള്ള നിർണായക തെളിവാകുന്നതെങ്ങനെ എന്നാണ്.

അതിനുള്ള മറുപടി ഇത്തരക്കാരെല്ലാം അനുമാനത്തിന്റെയും ഊഹത്തിന്റേയും സർവോപരി അന്ധവിശ്വാസത്തിന്റേയും അടിസ്ഥാനത്തിലാണ് ഇതൊക്കെ തട്ടി വിടുന്നതെന്നാണ്. ദൃഢജ്ഞാനം അവർക്കില്ലെന്ന് മാത്രമല്ല അങ്ങനെ അവർ അവകാശപ്പെടുന്നില്ലെങ്കിൽ അവരുടെ സ്വയംകൃത പ്രവചനങ്ങളെല്ലാം ഊഹങ്ങളുടേയും സർവോപരി അന്ധവിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ്. അതാകട്ടെ നിശ്ചയജ്ഞാനവുമായി ഒരു ബന്ധ വുമില്ലാത്തവയും അബദ്ധത്തിനും സന്ദേഹത്തിനും ഇടം നൽകുന്നതുമാണ്. പലപ്പോഴും അവരുടെ പ്രവചനങ്ങൾ അബദ്ധജഡിലവും അടിസ്ഥാന രഹിതവുമായി തീരാറുമാണ് പതിവ്. അതുകൊണ്ടു തന്നെ അത് സ്വീകാര്യ

**ശേഷം പേജ് 42 ൽ**

# മരണാനന്തര ജീവിതത്തിന്റെ യുക്തിശാസ്ത്രം

മരണാനന്തര ജീവിതത്തിന്റെ യാഥാർഥ്യത്തെസംബന്ധിച്ച്
യുക്തിപരമായ ഒരു അന്വേഷണം

എം. ആലിക്കോയ

**ഉ**യിർത്തെഴുന്നേല്പിന്റെയും മരണാനന്തര ജീവിതത്തിന്റെയും വിഷയം അമ്പരപ്പിക്കുന്നതും സങ്കീർണവുമാണെന്നതിൽ തർക്കമില്ല. അത് നിഗൂഢവും അദൃശ്യവുമായ ലോകവുമായി ബന്ധപ്പെട്ടിരിക്കുന്ന കാലത്തോളം വെറുതെയങ്ങു സമ്മതിച്ചുകൊടുക്കുന്ന രീതി യുക്തിസഹമല്ല. നാം അനുവർത്തിച്ചുപോരുന്ന മതം യുക്തിസഹമായ പശ്ചാത്തലം അതിന് പ്രദാനം ചെയ്യുന്നില്ലെങ്കിൽ അതിലുള്ള വിശ്വാസ്യത സാധാരണ ഗതിയിൽ നഷ്ടപ്പെടുവാൻ ഇടവരുന്നു. കാരണം, ബൗദ്ധിക ഗണത്തിൽപെട്ടവനാണ് മനുഷ്യൻ. എല്ലാറ്റിനും തന്റെ ധിഷണയ്ക്ക് ശരിയായതും യുക്തിഭദ്രവുമായ ഉത്തരങ്ങൾ അവൻ പ്രതീക്ഷിക്കുന്നു. തന്റെ സങ്കൽപത്തിന്റെയോ അനുഭവത്തിന്റെയോ പരിധിക്കകത്ത് വരാത്തതോ യുക്തിയുടെ വെല്ലുവിളിയെ നേരിടുവാൻ കഴിയാത്തതോ ആയ ഒന്നിലും അവന് ബോധ്യം വരുന്നില്ല. യുക്തി വിചാരണശീലനായ ഒരാൾ കൂടുതൽ വ്യക്തമായ അടിസ്ഥാനത്തിൽ ചിന്തിക്കുന്നു. അയാളുടെ വാദങ്ങൾ നന്നായി ബോധ്യപ്പെടുന്നതും സമഗ്രവും കൂടുതൽ മെച്ചപ്പെട്ട ആധികാരികതയോടു കൂടിയതുമായിരിക്കും. അയാൾക്ക് പിഴവ് പറ്റാനുള്ള സാധ്യത താരതമ്യേന കുറവാണ്. ആകയാൽ ഒരു നല്ല ജീവിതരീതി അനുവർത്തിക്കാൻ മനുഷ്യനെ അഹ്വാനം ചെയ്യുന്ന മതം പുനരുത്ഥാനത്തെ കുറിച്ചും മരണാനന്തരജീവിതത്തെക്കുറിച്ചുമുള്ള വിശ്വാസത്തിന് നല്ല സാധൂകരണം മുന്നോട്ടുവെക്കണം.

**പുനരുത്ഥാനം**

എല്ലാ മതത്തിന്റെയും തത്ത്വശാസ്ത്രം മരണാനന്തര ജീവിതത്തിലധിഷ്ഠിതമാണ്. ഈ മതങ്ങളാണ് നന്മകളുടെയും ധാർമികതയുടെയും സ്രോതസ്സ്. കേവലം കെട്ടുകഥയോ കഥയോ ആയി അതിനെ ഒരാൾ കണക്കാക്കുന്നുവെങ്കിൽ അയാൾക്ക് ഇരുലോകങ്ങളും നഷ്ടപ്പെടാൻ ഇടയാവുന്നു. പുനർജന്മത്തെസ്സംബന്ധിച്ചുദിക്കുന്ന സംശയങ്ങൾ ഒരുവനെ അപകടത്തിലാക്കുകയും അയാളുടെ ജീവിതത്തെ അനിശ്ചിതത്വത്തിലാക്കുകയും ചെയ്യുന്നു. അതുകൊണ്ട് പരലോക ജീവിതത്തെക്കുറിച്ച് ന്യായവാദം നടത്തി വിശദീകരിക്കേണ്ടത് ഓരോ മതത്തിന്റെയും കർത്തവ്യമത്രെ. ഏതായാലും അദൃശ്യലോകവുമായി ബന്ധപ്പെട്ടതാണ് ഈ വിശ്വാസമെന്നിരിക്കെ യുക്തിഭദ്രമായ ഒരടിത്തറ അതിന് വിശ്വാസികൾ നൽകുന്നില്ലെങ്കിൽ കേവലവിശ്വാസം സംശയത്തിന് വഴിവെക്കും. ഈ വിഷയത്തെപ്പറ്റി എല്ലാ മതങ്ങളും പറയുന്നുവെങ്കിലും തങ്ങളുടെ വിശ്വാസപ്രമാണത്തിന് പിൻബലമായി യുക്തിയുടേതായ എന്തെങ്കിലും അടിത്തറ അവർ നൽകാറില്ല. ഇസ്‌ലാമിന്റെ വിശുദ്ധഗ്രന്ഥം ഇതിന്നൊരപവാദമാണ്. പുനരുത്ഥാനം ഒരു മിഥ്യയല്ല യാഥാർഥ്യമാണെന്ന് തെളിയിക്കാൻ തക്കതായ വാദമുഖങ്ങൾ അത് മുമ്പോട്ട് വെക്കുന്നു. ഉയിർത്തെഴുന്നേല്പ് മനുഷ്യന്റെ കാലാനുഗത പുരോയാനത്തിന് ഒഴിവാക്കാനാവാത്തതാണെന്ന് ഖുർആൻ വാദിക്കുന്നു. സസ്യലോകത്ത് ഓരോ വർഷവും സംഭവിക്കുന്ന പ്രതിഭാസത്തെ അതു ചൂണ്ടിക്കാണിക്കുന്നു. വൃക്ഷങ്ങളിൽ നിന്ന് അവയുടെ ഉടയാടകൾ തട്ടിതെപ്പറിക്കാൻ ശരൽക്കാലം വന്നണയുകയും ഇലച്ചാർത്ത് കൊഴിയുകയും ചെയ്യുന്നു. വസന്തം അവയെ തിരിച്ചെത്തിക്കുന്നു. ശരൽക്കാലത്ത് അവ വിട്ടുപോയ അതേ ജൈവഘടനയിലേയ്ക്ക് വീണ്ടുമവ പുനർസൃഷ്ടിക്കപ്പെടുന്നു. സസ്യലോകത്തെ പ്രതിഭാസത്തെക്കുറിച്ച് ഇങ്ങന വർണാഞ്ചിതമായ വിവരണം നൽകുകയും ചാക്രികമായ അതിന്റെ പരിണാമപ്രക്രിയയെക്കുറിച്ച് ഉദാഹരിക്കുകയും ചെയ്യുന്നു. **"നാം അങ്ങനെ ഒരു മനുഷ്യടെ ഭൂമിയെ ഉജ്ജീവിപ്പിക്കുന്നു. അതേപോലെ തന്നെയാണല്ലോ പുനരുത്ഥാനവും"** (50:12).

ഒരു വ്യക്തിസത്തയുടെ തിരിച്ചുവരവിന്റേതായ എന്തെങ്കിലും കർത്തൃത്വസാക്ഷ്യം സസ്യലോകത്തെ ഈ പ്രതിഭാസിക സംഭവങ്ങളിൽ കാണാൻ സന്ദേഹവാദികളുടെ മനസ്സിനു കഴിയാതെ പോകുന്നു. ശരീരം പഞ്ചഭൂതങ്ങളായി മാറി ഒരു പുതിയ ആകൃതിയിൽ രൂപാന്തരപ്പെടാമെന്നുമുണ്ടെങ്കിലും നമ്മുടെ വ്യക്തിസത്ത പുനഃസ്ഥാപിക്കപ്പെടുമെന്ന് ഇതിന്നർഥമില്ലെന്ന് അവർ പറയുന്നു. ഈ ശബ്ദഘോഷം വാദിച്ചു സമർഥിക്കാൻ അവർക്ക് പ്രയാസമാണ്. സസ്യലോകത്തെ വൈവിധ്യങ്ങളെല്ലാം ഒരേ ഭൗതിക പദാർഥത്തിൽ നിന്നാണെന്നിരുന്നിട്ടും അവയുടെ മൂലഘടകങ്ങൾ വിവിധങ്ങളായ വൃക്ഷങ്ങളും സസ്യങ്ങളും മറ്റുമായി ഒറ്റതിരിഞ്ഞ് സവിശേഷമായി നിലകൊള്ളുന്നു എന്നതിനെക്കുറിച്ചുള്ള അവബോധമില്ലായ്മയാണിത് വെളിവാക്കുന്നത്. മനുഷ്യനും മൃഗങ്ങളും ഒരേ വസ്തുവിൽ നിന്നു വരുന്നു.

എന്നാലും ഓരോ ജീവിവർഗത്തിനും വ്യക്തിനിഷ്ഠ സ്വഭാവത്തെ പ്രകൃതി നൽകിയിരിക്കുന്നു. അപ്രകാരം സസ്യങ്ങളും വൃക്ഷങ്ങളും അവ ഒരേ വസ്തുവിന്റേതാണെങ്കിലും നിലനില്പ് തുടരാൻ ജലത്താൽ സേചനം ചെയ്യപ്പെട്ടിട്ടുകൂടി വ്യത്യസ്ത തരം ഫലങ്ങളും പുഷ്പങ്ങളും വഹിക്കുന്നുവല്ലോ (13:5). ഈ പ്രതിഭാസം ചൂണ്ടിക്കാണിച്ചുകൊണ്ട് ഖുർആൻ തുടർന്ന് പറയുന്നു. നിങ്ങൾ ഈ പ്രതിഭാസത്തിൽ ആശ്ചര്യം കൊള്ളുമ്പോൾ നിങ്ങളുടെ ഈ സംശയം വിസ്മയകരം തന്നെ. **"എന്ത്! നാം മണ്ണാണെന്നിരിക്കെ നാം ഒരു പുതിയ സൃഷ്ടിയായി വീണ്ടും ഉദയം ചെയ്യുമോ?" (13:6).** ഘടകങ്ങളെ സംയോജിപ്പിക്കുന്നതിൽ പ്രകൃതി പാലിക്കുന്ന അളവിലും തോതിലുമുള്ള വ്യത്യാസത്തിലാണ്, മൂലവസ്തുവിലല്ല സസ്യലോകത്ത് അതിന്റെ ജൈവപാരമ്പര്യം നിലനിർത്തിക്കൊണ്ടുള്ള വൈവിധ്യം സൃഷ്ടിക്കപ്പെടാൻ കാരണം.

ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുന്ന നേരത്ത് ആർജിതമായിരുന്ന അതേരീതിയിൽ മരണപ്പെടുന്നയാളിൽ നിന്ന് പുതു സൃഷ്ടിയിലേക്കുള്ള അതേ ബോധ്യപ്രതിജ്ഞയുടെ സംക്രമണത്തെക്കുറിച്ചുള്ള സന്ദേഹവാദികളുടെ സംശയങ്ങൾക്കും, പഴക്കം വന്ന അസ്ഥികളുടെ അവശിഷ്ടങ്ങൾക്ക് ആർ എങ്ങനെ ചേതന നൽകും എന്ന അവരുടെ ചോദ്യത്തിനും ഉത്തരമായി അവക്കെതിരെ അതേ ന്യായവാദത്തിന്റെ ആയുധം ഖുർആൻ ഉപയോഗിച്ചിരിക്കുന്നു. നാം വിശ്വാസിക്കുന്നതിനെ തിരസ്കരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നവരുടെ ബുദ്ധിശക്തിക്ക് മുമ്പാകെ ഒരന്വേഷണപ്രമേയം ഖുർആൻ സമർപ്പിക്കുന്നു. എന്നിട്ട് മരണാനന്തരം ആത്മാവ് ചെന്നെത്തുന്നതിന്റേതായ പുനർജനന പ്രക്രിയയെ ചിത്രീകരിക്കുന്നതിലേക്കായി, മനുഷ്യൻ ഈ ലോകത്തിലേക്ക് കടന്നുവരുന്നതിന്റെ, ശാരീരികജനനത്തിന്റെ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഖുർആൻ ചോദിക്കുന്നു: 'ഒരു ബീജാങ്കണത്തിൽ നിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നുവെന്ന് അവൻ മനസ്സിലാക്കുന്നില്ലേ? പക്ഷേ അവൻ ഒരു തുറന്ന ശബ്ദഘോഷം മുഴക്കുന്നവനായിത്തീരുകയും അവൻ തന്റെ സ്വന്തം സൃഷ്ടിപ്രക്രിയയെ മറക്കുകയും എന്നിട്ടു നമ്മുടെ സൃഷ്ടിയെക്കുറിച്ച് ഒരുപാട് സിദ്ധാന്തങ്ങൾ ചമച്ചെടുക്കുകയും ചെയ്യുന്നു. എല്ലുകളെ അവ ജീർണമാക്കുമ്പോൾ ആർ ചേതന നൽകുമെന്നവൻ ചോദിക്കുന്നു. ഉത്തരമിതാ, ആദ്യവട്ടം അതു സൃഷ്ടിച്ചതാരോ അവൻ അവയ്ക്ക് ചൈതന്യം നൽകും. എല്ലാ സൃഷ്ടികളെക്കുറിച്ചും അവൻ പൂർണമായും അറിവുള്ളവനാണ്'. (36:80)

അതായത്, ആധുനിക ജനിതക ശാസ്ത്രശൈലിയിൽ പാരമ്പര്യമെന്ന് പറയുന്നതായ തങ്ങളുടെ കുഞ്ഞുങ്ങളിലേക്ക് പിതൃത്വബോധമനസ്സിന്റെ അനേകം ഭാവങ്ങൾ പകർന്നു നൽകുന്ന തുച്ഛമായ രേതസ്കണത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചവനാണ് ദൈവം. അതുപോലെ അതേ ഗതിക്രമം പുതിയ രൂപത്തിൽ അവൻ പിന്തുടരുകയും അദൃശ്യമായ എന്തോ ഒന്ന് മരണസമയത്ത് മരണപ്പെടുന്നവനിൽ നിന്ന് മുമ്പോട്ടു പോവുകയും പ്രകൃതിയുടെ ഗർഭത്തിൽ തങ്ങുകയും അനേകം സ്വഭാവങ്ങളെയും മുൻജീവന്റെ ബോധമനസ്സിനെ തന്നെയും അതേപടി പ്രതിഫലിപ്പിക്കുന്നതുമായ അടുത്ത ജന്മത്തിന്റെ പുതുസൃഷ്ടിക്ക് ജന്മം നൽകുകയും ചെയ്യുന്നു. സർവ സൃഷ്ടികളിലും അടങ്ങിയിട്ടുള്ള ഘടകങ്ങളുടെ കഴിവിലും സവിശേഷതയിലും പൂർണമായ അറിവുള്ളവനാണ് ദൈവം (36:80). പ്രസ്താവിത ഖുർആനികസൂക്തം അപ്രകാരം ചെയ്യുന്നതിനുള്ള ദൈവികമായ കഴിവിന്റെ കാരണം വ്യക്തമാക്കുന്നു. ഓരോ സൃഷ്ടിയുടേയും സവിശേഷ ഗുണത്തിന്റേതായ ആത്യന്തികജ്ഞാനം ആവശ്യമായിരിക്കുന്നതുകൊണ്ട് ഓരോതരം കേവലജ്ഞാനത്തെ ഈ സൂക്തം പരാമർശിക്കുന്നു.

**മരണാനന്തരജീവിതം**

ഇനി മരണാനന്തജീവിതം ഉണ്ടെന്നുള്ളതിന്റെ യുക്തി ന്യായങ്ങൾ പരിശോധിക്കാം. അതിനുള്ള അനുഭവപരമായ നിർദേശങ്ങൾ നമ്മുടെ യുക്തിചിന്തയ്ക്ക് മുമ്പാകെ ഖുർആൻ കൊണ്ടുവരുന്നു. അക്കാര്യത്തിലുള്ള പിൻബലമായി നമ്മുടെ ചുറ്റുപാടുകളിലെ തന്നെ മികച്ച ദൃഷ്ടാന്തങ്ങൾക്കു മേൽ അതു നിരീക്ഷണം നടത്തുന്നു. എന്നാൽ മനുഷ്യൻ ഈ യാദൃച്ഛികതയുടെ യാഥാർഥ്യം തുറന്ന് സമ്മതിക്കുന്നതിൽ എക്കാലവും വൈമുഖ്യം കാണിച്ചുപോന്നു. ഇപ്രകാരം പറയാനുള്ള കൂർമബുദ്ധിയാണ് അവനുള്ളത്: 'നിങ്ങൾ വാഗ്ദാനം ചെയ്യുന്നതായ അത് സത്യത്തിൽ നിന്ന് ഏറെ വിദൂരമായതാണ്. അതായത് യുക്തിക്ക് തീർത്തും നിരക്കാത്തത്. ഈ ലോകത്ത് നമ്മുടെ ഇപ്പോഴത്തെ ജീവിതമല്ലാത്തതൊന്നും തന്നെ ഇല്ലാത്തതാകുന്നു. ജീവനില്ലാത്തതായിരുന്നു നാം, ജീവനുള്ളതായി അപ്പോൾ പിന്നെ നാം വീണ്ടും ഉയർത്തപ്പെടുകയില്ല തന്നെ' (23:83) അവൻ തുടർന്നു ചോദിക്കും **'എന്ത്! മരണപ്പെട്ട ഞാൻ വീണ്ടും ജീവനോടെ കൊണ്ടുവരപ്പെടുമോ?' (19:67)** ഖുർആൻ പ്രസ്തുതവാദമുഖത്തെ നിരാകരിക്കുകയും ഇപ്രകാരം പ്രസ്താവിക്കുകയും ചെയ്യുന്നു. മുമ്പ് അവൻ ഒന്നുമല്ലാതായിരുന്നപ്പോൾ നാം അവനെ സൃഷ്ടിച്ചു എന്നത് മനുഷ്യൻ ഓർക്കുന്നില്ലേ' (19:68). അവൻ അപ്പോൾ വീണ്ടും ചോദ്യം ഉന്നയിക്കുന്നു. 'നാം ശരിക്കും ഉയിർത്തപ്പെടുമോ?' ഖുർആൻ അവർക്ക് മറുപടി നൽകുന്നു. 'ഹേ! നീ കല്ലോ ഇരുമ്പോ സൃഷ്ടിയുടെ ഏറ്റവും കടുത്തതായിട്ടുള്ള മറ്റെതെങ്കിലും രൂപമോ ആയിരുന്നാലും ഉയിർത്തപ്പെടും.' ഈ പ്രത്യുത്തരം സംശയാലുക്കളുടെ മനസ്സിനെ കുഴക്കുന്നു. അപ്പോൾ അവൻ ചോദിക്കും. 'എങ്കിൽ പിന്നെ ജീവിതത്തിലേക്ക് ഞങ്ങളെ തിരികെ കൊണ്ടുവരിക ആരാണ്?'. ഖുർആൻ ഉറച്ച സ്വരത്തിൽ അതിന് ഉത്തരം നല്കുന്നു: ആദ്യത്തിൽ നിന്നെ സൃഷ്ടിച്ചവൻ തന്നെ. (17:22).

മരണാനന്തരം ആത്മാവ് കടന്നുപോകുന്നതായ പുനർജന്മപ്രക്രിയ മനസ്സിലാക്കാൻ ഈ ജീവിതത്തിലേ

ക്കുള്ള മനുഷ്യശരീരത്തിന്റേതായ അദ്ഭുത പ്രതിഭാസങ്ങളിലേക്ക് തുടർന്ന് ഖുർആൻ അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. എന്നിട്ട് അവൻ തന്നെ നിലവിൽ വന്ന സൃഷ്ടിയുടെ പ്രക്രിയയെ മറന്നുകളയുകയും അതിനെസ്സംബന്ധിച്ച ഒരു പാട് സിദ്ധാന്തങ്ങൾ തട്ടിക്കൂട്ടുകയും ചെയ്യുന്നു. എല്ലുകളെ അവ ജീർണി ച്ചശേഷം ആർ ജീവത്താക്കും എന്ന വൻ വീണ്ടും ചോദിക്കുന്നു. ഖുർ ആൻ അവരോട് പറയാൻ നമ്മോട് ആവശ്യപ്പെടുന്നു. ആദ്യത്തിൽ അവരെ സൃഷ്ടിച്ചവൻ തന്നെ അവരെ ജീവത്താക്കും. ഓരോ തരം സൃഷ്ടിയിലും അടങ്ങിയിട്ടുള്ള വസ്തുക്കളുടെ ഗുണധർമങ്ങളെ തിരിച്ചറിയുന്നവനത്രെ അവൻ. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച വന് അവയെപ്പോലുള്ളവ സൃഷ്ടി ക്കാനുള്ള ശക്തിയില്ലെന്നോ? അതെ അവൻ തന്നെയാണ് പരമസ്രഷ്ടാവ്, സർവജ്ഞൻ (36-82). **'എത്ര കൃത ഘ്നനാണവൻ. എന്തിൽ നിന്നാണ് താൻ സൃഷ്ടിക്കപ്പെട്ടതെന്ന് അവൻ ഗാഢമായി ചിന്തിക്കട്ടെ. ഒരു ബീജ ബിന്ദുവിൽ നിന്ന് ദൈവം അവനെ സൃഷ്ടിക്കുകയും തോതു നിർണയി ക്കുകയും ചെയ്തു. തുടർന്ന് അവന് എളുപ്പമായ ഒരു പന്ഥാവും നൽകി. അതിനുശേഷം അവനെ മരിക്കാനി ടവരുത്തി. അവനുള്ള ശ്മശാനവും - മൃതഗേഹവും - ഏർപ്പെടുത്തി. തുടർന്ന് അവൻ ഇച്ഛിക്കുമ്പോൾ അവനെ ഉയിർത്തുകയും ചെയ്യും. (80:18-23).**

മനുഷ്യന് നൽകപ്പെട്ടിട്ടുള്ള പ്രകൃ തിദത്തമായ അപാരകഴിവുകൾ ഉന്ന തമായ ഒരു ലക്ഷ്യം അവനെ കാത്തി രിക്കുന്നുവെന്ന് കാണിക്കുന്നു. ഭൗതി കശരീരം ഈ കഴിവുകളുടെ പൂർണ വളർച്ച്യ്ക്ക് അപര്യാപ്തവും ഞെരുക്കം സൃഷ്ടിക്കുന്നതുമത്രെ. ആകയാൽ ഈ ലക്ഷ്യപ്രാപ്തി ക്കായി ദൈവം അവന് ഒരു മൃത ഗേഹം നിശ്ചയിച്ചിരിക്കുന്നു. മനു ഷ്യൻ ഈ ഭൗതികവാസസ്ഥലത്തു നിന്ന് വിമുക്തനാക്കപ്പെടുമ്പോൾ അനന്തമായ പുരോഗതിയിലേക്കുള്ള പ്രയാണത്തിന് ആരംഭം കുറിക്കുന്ന ഒരിടത്തേക്ക് പ്രവേശിക്കുന്നു. ശ്മശാനം, മൃതഗേഹം എന്നൊക്കെ പറയപ്പെടുന്നതുകൊണ്ട് ഖുർആൻ ഉദ്ദേശിക്കുന്നത് ഭൗതികമായ ശവക്ക ല്ലറയല്ല. മറിച്ച് മരണത്തിനുശേഷ മുള്ള ആത്മാവിനെ പൂർണവളർച്ചയി ലേക്ക് നയിക്കുന്ന വാസസ്ഥലമാണ്.

മനുഷ്യന്റെ ഉയർത്തപ്പെടലിനെ സംബന്ധിച്ചുള്ള സംഗതിയിൽ അവന്റെ ഭൗമാസ്തിത്വത്തിന്റെ ആവ ശ്യകതക്കനുസൃതമായ മനുഷ്യസൃ ഷ്ടിയുടെ പ്രക്രിയയിലേക്ക് ആവർത്തിച്ചുള്ള അവഗാഹ ചിന്ത ക്ഷണിക്കപ്പെടുന്നു. മാംസം, അസ്ഥി, രക്തം, പേശി, തലച്ചോറടക്കം അവന്റെ എല്ലാ ഗുണങ്ങളും ഒരു പരി പൂർണ സൂക്ഷ്മപ്രപഞ്ചത്തെ ഉൾക്കൊള്ളുന്നു. പ്രസ്തുത മനുഷ്യ ശരീരത്തിന്റെ സങ്കീർണമെങ്കിലും അദ്ഭുതാവഹമായി ഏകോപിതമായി ട്ടുള്ള ബലതന്ത്രം അപ്പാടെയും അന്തർഭൂതമായിരിക്കുന്നത് ഒരു ദ്രവ്യ ബിന്ദുവിന്റെ സൂക്ഷ്മഭാവത്തെ ക്കാൾ അതിസൂക്ഷ്മമായുള്ളതിലാ ണ്. സർവജ്ഞാനിയായ ഒരു സ്രഷ്ടാവിനാൽ നൽകപ്പെട്ട നിര വധി മടങ്ങുള്ള ദാനത്തിന്നനുസൃത മായുള്ള നിയതിക്രമത്തിൽ ഈ ദ്രവ്യബിന്ദു ഒരു പുതിയ സൃഷ്ടിക്ക് രൂപം നൽകുന്നു (23:15) ജനനത്തിൽ പിന്നെ ജീവിതത്തിന്റെ ഓരോ മണ്ഡ ലങ്ങളിലും ഏറ്റവും വലിയ നേട്ടമു ണ്ടാക്കാൻ കഴിവുള്ള, ബുദ്ധിവൈഭ വമുള്ള ഒരു മനുഷ്യജീവിയായി പൂർണത പ്രാപിക്കുന്നു. പ്രസ്തുത മുഴുവൻ പ്രക്രിയയുടെയും കേന്ദ്രം ആത്മാവാണ്. ആത്മാവിന്റെ ഇച്ഛം പ്രകടനോപാധിയെന്ന സ്ഥിതിയി ലുള്ള ഒരവശ്യഘടകമാണ് ശരീരം. അത് ഭൗമജീവിതസ്ഥിതിഗതി കൾക്കൊത്ത് പൊരുത്തപ്പെട്ടുപോകു കയും ക്രമപ്പെടുത്തുകയും ചെയ്യു ന്നു. ഒരു നിർദിഷ്ട കാലം വരെ ആത്മാവും ശരീരവും ചേർന്ന് ഒരേ കമാകുന്നു - ഭേദിക്കാൻ കഴിയാ ത്തത് - പിന്നീട് വേർപെടുന്നു. ഭൂമി യിലെ ജീവിതത്തിന്റെ അവസാനമാ ണത്. പക്ഷേ അത് ജീവിതത്തിന്റെ തന്നെ അന്ത്യമല്ല. ആത്മാവ് പിന്നെ ഒരു പുനർജന്മപ്രക്രിയയിലേക്ക് കട ക്കുകയും ആ ഗതിക്രമത്തിൽ അതൊരു പുതിയ പുറന്തോട് വിക സിപ്പിക്കുകയും ചെയ്യുന്നു. പരലോ കാവസ്ഥകൾക്ക് അനുയോജ്യവും ക്രമപ്പെടുത്തിയതുമായ ഒരു ദൈവ വസ്തുവാണ് അതിന്റെ ഫലം. **അങ്ങനെ "അസ്ഥികൾ ജീവത്താക്ക പ്പെടുന്നു." പക്ഷേ അവ ആത്മാ വിൽ നിന്നുതന്നെയാണ് ജീവത്താ ക്കപ്പെടുന്നത്. അവൻ എല്ലാ ഓരോ തരം സൃഷ്ടിയുടെ ഗുണധർമങ്ങളെ നന്നായി അറിയുന്നു. (36.80)** എന്നു ള്ളത് ഒരു മാതൃഗർഭത്തിലെ ഭ്രൂണ ത്തിന്റെ ജീവത്താക്കൽ മറ്റൊരു സൃഷ്ടിയലേക്കുള്ള അതിന്റെ വികാ സത്തെക്കുറിച്ചിരിക്കുന്നതുപോലെ ത്തന്നെ (23:15) ഈ അസ്ഥികളെ ജീവത്താക്കൽ ഒരു പുതിയ തരം സൃഷ്ടിയായിരിക്കുമെന്നും ഖുർ ആൻ (71:19) സ്പഷ്ടമായും സൂചി പ്പിക്കുന്നു. മരണത്തിന്റെ ഘട്ടത്തിൽ ആത്മാവ് അതു കാത്തിരിക്കുന്നു. മര ണത്തിന്റെ ഘട്ടത്തിൽ ആത്മാവ് അതു കാത്തിരിക്കുന്ന സമ്പൂർണ ജീവിത സംബന്ധിയായ പരലോകാ വസ്ഥകൾക്ക് വേണ്ടവിധമുള്ളതും അനുയോജ്യവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന്നായുള്ള - മാതൃഗർഭത്തിലെത്തിയ ബീജബിന്ദു വിനെപ്പോലെയുള്ള ഘട്ടത്തിലാകു ന്നു. ഈ പ്രക്രിയയിലൂടെ കടന്നു പോയതിനുശേഷം പുതുജീവിതത്തി ലേക്കുള്ള ജനനമാണ് ഉയിർത്തെഴു ന്നേല്പ്. അല്ലാതെ ഉദ്ദേശ്യരഹിത മായി അവൻ ഉപേക്ഷിക്കപ്പെടുമെന്ന് അവൻ കരുതുന്നുണ്ടോ? ഒരു വിസർജിത ബിന്ദുവായിരുന്നില്ലേ അവൻ. പിന്നെ ഒരു പിണ്ഡമായി ത്തീർന്നു. തുടർന്ന് ദൈവം അവനെ ആകാരമുള്ളവനും ക്രമബദ്ധതയുമു ള്ളവനുമാക്കി. എന്നിട്ടവരെ സ്ത്രീപു രുഷ ദ്വന്ദമാക്കി. മരണത്തിൽ നിന്ന് ജീവിതത്തിലേക്ക് കൊണ്ടുവരാ നുള്ള കഴിവ് അവനില്ലെന്നോ? (75:37 -41) പരലോക വിശ്വാസമില്ലാത്തവ രുടെ മസ്തിഷ്ക്കങ്ങൾക്ക് യുക്താധി ഷ്ഠിത നിഗമനങ്ങൾ അന്യായമായു ള്ളവയാണ്. അത് സമ്മതിച്ചുതരുന്ന കാര്യത്തിൽ അവർ അസഹിഷ്ണു ക്കളുമാണ്. അവർ മൂടിവെക്കുന്നതെ ന്ത്, വെളിപ്പെടുത്തുന്നതെന്ത് എന്നത് തീർത്തും ദൈവത്തിനറിയാം. തീർച്ച യായും ദൈവം അസഹിഷ്ണുക്ക

ളെ, ദുരഹങ്കാരികളെ ഇഷ്ടപ്പെടുന്നില്ല. നിന്റെ നാഥൻ മനുഷ്യർക്കായി വെളിപ്പെടുത്തിയതെത്രയോ ഉജ്ജ്വലമാണെന്ന് അവരോട് പറയുമ്പോൾ അവർ തർക്കുത്തരം പറയുന്നു: 'പഴഞ്ചൻമാരുടെ വെറും കെട്ടുകഥകൾ (16:23-25)

**സൃഷ്ടിയുടെ ഉദ്ദേശ്യം**

പ്രപഞ്ചവും അതിനെ ചുഴ്ന്നുള്ള എല്ലാം തന്നെയും സൃഷ്ടിക്കപ്പെട്ടത് വൃഥാവിലല്ല, മറിച്ച് ഒരു നിയുക്തമായ കാലത്തേക്ക് നീക്ക്പോക്കില്ലാത്ത ഉദ്ദേശ്യത്തോടു കൂടിയാണ്. ഖുർആന്റെ ഈ കാഴ്ചപ്പാടിൽ ഒരുറച്ച വിശ്വാസത്തിനുള്ള പ്രബലമായ കളമൊരുക്കുന്നതാണ് ഇരുപതാം നൂറ്റാണ്ടിലെ-അത് അവസാനിക്കാറായ സമയത്ത് തന്നെ-ശാസ്ത്രത്തിന്റെ ഒരു സവിശേഷ മുദ്ര. അതായത് എല്ലാംതന്നെ എത്രമാത്രം സമഞ്ജസമായിട്ടാണ് ഒരുക്കിയിട്ടുള്ളതെന്നതിനെക്കുറിച്ച് നമ്മുടെ ഭൗതിക സൃഷ്ടികൾക്കുമപ്പുറം ഏറെ ഗ്രഹിക്കാനുള്ള ദൈവിക സത്യങ്ങൾ നിലനില്ക്കുന്നു. അദൃശ്യമായ എന്തോ ഒന്ന് മരണസമയത്ത് മരണപ്പെടുന്നവനിൽ നിന്ന് മുമ്പോട്ടു പോവുകയും പ്രകൃതിയുടെ ഗർഭത്തിൽ തങ്ങി നിൽക്കുകയും ചെയ്യുന്നു. അതായത് കാര്യകാരണവ്യവസ്ഥ നിന്റെ രക്ഷിതാവിലെത്തുന്നതോടെ അതിന് അറുതിവരുന്നുവെന്ന ഖുർആന്റെ പ്രസ്താവനക്ക് നേരെയുണ്ടായിട്ടുള്ള മുൻകാല കയ്യേറ്റങ്ങളിൽ നിന്ന് ഇപ്പോൾ ഇത് തികച്ചും സുരക്ഷിതമെന്ന് തെളിയിക്കുന്നു. നാം ജീവനില്ലാത്തവരായിരുന്നു. അവൻ നമുക്ക് ജീവൻ നൽകി. തുടർന്ന് അവൻ നമ്മെ മരണപ്പെടാനിടയാക്കുന്നുവെന്ന് മനസ്സിലാക്കുമ്പോൾ ദൈവം നമ്മെ വീണ്ടും ഒരു ജീവിത്തിലേക്ക് കൊണ്ടുവരും എന്ന അവന്റെ ആവർത്തിച്ചുള്ള ഓർമപ്പെടുത്തലുകളെ നിഷേധിക്കാൻ നമുക്കാവുന്നതെങ്ങനെ?

നാം ദ്രവിച്ച് അസ്ഥികളോ ഏറ്റവും ചെറിയ ദ്രവ്യപദാർഥങ്ങളോ ആയിത്തീർന്നാൽപോലും പ്രപഞ്ചമാസകലം വർത്തിക്കുന്ന ദൈവിക നിയമങ്ങൾക്ക് നിർജീവ വസ്തുക്കളിൽ നിന്ന് ജീവനുള്ളതിനെയും മറിച്ചും ഊട്ടിയടുക്കാനുള്ള ശക്തിയുണ്ടെന്നു ഖുർആന്റെ പ്രസ്താവനയിൽ നിന്നു തെളിയുന്നുണ്ട്. (3.28) "ജീവൻ എന്നതെന്ത്, അതെവിടെ ആരംഭിക്കുന്നു, എന്നീ ദുരൂഹതകൾ 1993-ൽ അന്വേഷണ വിധേയമാക്കവെ ഏതൊരു സാധാരണ അർഥത്തിലും ജീവനുള്ളതല്ലാത്ത ദ്രവ്യത്തിന്റെ അതിസൂക്ഷ്മ പദാർഥമായ തൻമാത്രയുടെ സ്വഭാവം അമ്പരിപ്പിക്കുന്ന വിധത്തിൽ ജീവസമാനമായിരിക്കുന്നുവെന്ന് കണ്ട് ശാസ്ത്രജ്ഞൻമാർ സ്തബ്ധരായിപ്പോയി. എല്ലാ കോശത്തിന്റെയും കോശകേന്ദ്രങ്ങളിൽ പ്രമുഖമായതായ കോശ ദ്രവാമ്ലത്തിന്റെ ഒരല്പം അസാധാരണമാംവിധം സഹജോൻമുഖമെന്ന് തെളിയിക്കുകയുണ്ടായി. അതു രൂപീകൃതമായി ഒരു മണിക്കൂറിനകം ഒരു നിരീക്ഷണനാളിയിലെ ജൈവവസ്തുവിന് തൽസമരൂപങ്ങളുണ്ടാക്കി. ഏറെത്താമസിയാതെ പ്രതിരൂപങ്ങൾ പുതിയതും അപ്രതീക്ഷിതവുമായ രാസക്രിയകൾ നടത്താനുള്ള കഴിവ് വികസിപ്പിച്ചുതുടങ്ങി. സൂക്ഷ്മനിരീക്ഷണം നടത്തിക്കൊണ്ടിരുന്ന ശാസ്ത്രജ്ഞർ അമ്പരന്നു. ഉത്തേജിതരായി അദ്ഭുതം കൂറി. ജീവൻ ഇങ്ങനെയോ? സചേതനത്തെ അചേതനയിൽ നിന്ന് വ്യത്യസ്തമാക്കുന്ന ജീവൻ ത്വരിപ്പിക്കുന്നതിന്റെ കടമ്പ മറികടക്കുന്നതിൽ ഇത്രയടുത്ത് മുമ്പൊന്നും രാസഗവേഷണശാലയിലെ നിർമിതങ്ങൾ എത്തുകയുണ്ടായിട്ടില്ല.

നാം മരണപ്പെട്ടാൽ വീണ്ടും പുതുസൃഷ്ടിയായി ഉയർത്തപ്പെടാൻ പോകുന്നില്ല എന്ന നിഷേധികളുടെ വാദം പരിഗണനീയമല്ല. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണെന്നും അതിന്റെ നിയമങ്ങൾ ധിഷണാശാലിയായ മനുഷ്യനെ വരെ ഉല്പാദിപ്പിക്കാനാവശ്യമായ ഘടകങ്ങൾ ഉൾകൊള്ളുന്നുണ്ടെന്നുമുള്ള വസ്തുത തന്നെയാണ് അതിന് കാരണം. മറ്റു വാക്കുകളിൽ പറഞ്ഞാൽ പ്രപഞ്ചം അതിന്റേതായ സ്വന്തം ആത്മവിവേകം സംഘടിപ്പിച്ചെടുത്തിട്ടുണ്ടെന്നത് തന്നെ. അതിന് പുറകിൽ ആരോ ഒരാൾ വർത്തിക്കുന്നുവെന്നതിനുള്ള ശക്തമായ ഒരു തെളിവാകുന്നു ഇത്. എല്ലാ ശക്തികളുടെയും ഉല്പത്തികാരനും സ്രഷ്ടാവുമായിട്ടുള്ള സർവതിനും മേൽ രക്ഷാകർതൃത്വം വഹിക്കുന്ന ബുദ്ധിവൈഭവമുള്ള ഒരു സംവിധായകനാലാണ് ഇവയെല്ലാം സുസ്ഥാപിതമാക്കപ്പെട്ടിരിക്കുന്നത്. ദൈവികനിയമങ്ങളോട് ബാദ്ധ്യസ്ഥമായാണ് ഓരോന്നിനും അതിന്റെ അസ്തിത്വവും ജീർണനവും ജീവിതവും മരണവുമുള്ളത് എന്നതിന് ഇത് അടിവരയിടുന്നു. സൃഷ്ടിയുടെ ക്രമീകരണവും അവന്റേതുമാത്രം (57:3) ഈ വചനം ഭൗതികവും ആത്മീയവുമായ വ്യവസ്ഥയിലുള്ള ദൈവികനിയമപ്രവർത്തനത്തെ വിഭാവനം ചെയ്യാൻ - ഖുർആനിൽ നിന്ന് നിഗമനത്തിലെത്താവുന്ന - അവന്റെ ഗുണധർമങ്ങൾ നമ്മെ സഹായിക്കുന്നു.

ഖുർആൻ അതിന്റെ എല്ലാ പ്രത്യക്ഷ പ്രമാണങ്ങൾക്കുമെന്ന പോലെ തന്നെ മരണാനന്തരജീവിതത്തിലേക്കും അതിനെ ചുറ്റിപ്പറ്റിയുള്ള എല്ലാറ്റിലേക്കുംതന്റെ ഉയിർത്തെഴുന്നേൽപിലൂടെയുണ്ടാകുന്ന ഉന്നതിയിലേക്കും നീക്കുപോക്കില്ലാത്തതും പ്രായോഗികവുമായ യുക്തികൾ നിരത്തുന്നു. അതിനെ യഥാർഥവും മൗലികവുമാക്കുന്ന വിധത്തിലുള്ള ക്രമവൃദ്ധമായ ചിത്രീകരണങ്ങൾ വിഷയസംബന്ധിയായി അതു നിവേദനം ചെയ്യുകയും ചെയ്യുന്നു. ഉല്പത്തികാരനും സ്രഷ്ടാവുമായവന്റെ ബുദ്ധിവൈഭവത്തിനു കീഴിൽ മാനവധിഷണ ആർജിതമാകുന്നതിന് മുമ്പായി, ആകാശങ്ങൾക്കും ഭൂമിക്കും ദശലക്ഷക്കണക്കിന് വർഷങ്ങളിലൂടെ കടന്നുപോകേണ്ടിവന്നു. ഈ വികാസപരിണാമത്തിന്റെ ദീർഘകാല സാഹസികതയുടെ ക്രമാനുഗതമായ വിഷയസൂചി മനുഷ്യഘടന അതിന്റെ പദാർഥരൂപത്തിൽ അവസാനത്തേതാകുകവയ്യെന്നും മറിച്ച് അതിന്റെ നിരന്തര പുരോഗതിക്ക് അനിവാര്യമായുള്ള ഒരു പദ്ധതി ക്രമമാണ് മരണാനന്തര ജീവിതമെന്നുള്ളത് വ്യക്തമാകും.

# ഇബ്നു അറബി – സൂഫിയും പണ്ഡിതനും (1165–1240)

സക്കരിയ്യാ വിർക്ക്, കാനഡ

മുഹ്യുദ്ദീൻ ഇബ്നു അറബി ഇസ്ലാമിക സ്പെയിനിലെ പ്രസിദ്ധനായ യോഗിയും കവിയും പുണ്യവാളനും തത്ത്വജ്ഞാനിയും ആയിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് സൂഫികളിൽ ആത്മീയ ഗുരുക്കന്മാരിൽ സുപ്രസിദ്ധനായിരുന്നു. മികവുറ്റ ഒരു അദ്ധ്യാപകനായിരുന്നതോടൊപ്പം ആത്മീയ ദർശന ശേഷിയും അദ്ദേഹത്തിന്റെ കഴിവുകൊണ്ട് പ്രശസ്തി നേടിയിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ പേര് മുഹമ്മദ്ബിനു അലിയിബ്നു അൽ അറബി അൽതായിൽ ഹാത്തിമി എന്നായിരുന്നു. മുസ്ലിം സ്പെയിനിൽ മദീനത്തുൽ മുർസിയ (മുറീഷ്യ) പട്ടണത്തിൽ 1165 ആഗസ്റ്റിൽ അദ്ദേഹം ഭുജാതനായി. അദ്ദേഹത്തിന്റെ അറബി കുടുംബത്തിന്റെ വേരുകൾ ഔദാര്യത്തിന് കേൾവികേട്ട ഹംത്തിതായിയിൽ നിന്നാണ് ആരംഭിക്കുന്നത്.

അദ്ദേഹത്തിന്റെ പിതാവ് അലി ഇബ്നു അൽ അറബി വളരെ സ്വാധീനമുള്ള വ്യക്തിയായിരുന്നു. കോർഡോബയിലെ മുഖ്യജഡ്ജ് ഇബ്നു റുഷ്ദിനെപ്പോലെയുള്ളവർ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്നു. അദ്ദേഹം മുഹമ്മദ്ബിൻ സഈദ് മർദാനിഷിന്റെ രാജകൊട്ടാരവുമായി ബന്ധപ്പെട്ട ആളായിരുന്നു. ഇബ്നു അറബിക്ക് എട്ടു വയസ്സായപ്പോൾ മുർഷ്യയിലെ ജോലി കാരണം കുടുംബം ലിസ്ബൻ വഴി സെവില്ലയിലേക്ക് താമസം മാറ്റി. സെവില്ലയിലെ അമീർ ആയിരുന്ന അബുയൂസഫ് യാക്കൂബ് തന്റെ കൊട്ടാരത്തിൽ തന്റെ പിതാവിന് ഉന്നതസ്ഥാനം നൽകിയതിനാൽ ഇബ്നു അറബി തന്റെ ജീവിതത്തിലെ മുപ്പത് വർഷം കഴിച്ചുകൂട്ടിയത് ഇവിടെയായിരുന്നു. സെവില്ലെ സൂഫിസത്തിന്റെ കേന്ദ്ര പട്ടണമായിരുന്നു. വളരെയേറെ സൂഫികൾ അവിടെ നിവസിച്ചിരുന്നു. രണ്ടു പുണ്യവതികളും അവിടെയുണ്ടായിരുന്നു. മാർച്ചനയിലെ യാസ്മിനും കോർഡോവയിലെ ഫാത്തിമയുമായിരുന്നു അവർ. യാസ്മിനെക്കുറിച്ചുള്ള ഇബ്നു അറബിയുടെ നിരീക്ഷണം.

"അവരുടെ ആത്മീയ പ്രവർത്തനങ്ങളിലും ആശയവിനിമയങ്ങളിലും ഏറ്റവും ഉന്നതയായിരുന്നു അവൾ. അവരുടെ ഹൃദയം ശക്തവും പരിശുദ്ധവുമായിരുന്നു. നല്ല വിവേചന ബോധവും ഉണ്ടായിരുന്നു. അവയിൽ ചിലവ അവർ എന്നോട് വെളിപ്പെടുത്തുമായിരുന്നു. എന്റെ നേട്ടത്തെക്കുറിച്ച് അവർക്ക് അറിയാമായിരുന്നുവെന്നത് എന്നെ സന്തുഷ്ടനാക്കി. (1) ഇബ്നു അറബി തന്റെ അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കിയത് മൂറീഷ്യയിലും ലിസ്ബവിലുമായിരുന്നു. സെമാല്ലെയിൽ അദ്ദേഹം വിശുദ്ധ ഖുർആനും ഹദീസും ശരീഅത്തും അറബി വ്യാകരണവും സമഗ്രമായി പഠിച്ചു. അദ്ദേഹത്തിന്റെ പഠനത്തിലുള്ള വൈദഗ്ധ്യം കാരണം സെവില്ലെ ഗവൺമെന്റ് അദ്ദേഹത്തെ ഒരു സെക്രട്ടറിയായി നിയമിച്ചു. ഇബ്നു അറബിയുടെ ആത്മീയനേട്ടങ്ങൾ ഇളംപ്രായത്തിൽത്തന്നെ പ്രകടമായിരുന്നു. അദ്ദേഹം തന്റെ അധികസമയവും ചെലവഴിച്ചിരുന്നത് സൂഫിമാർക്കിടയിലായിരുന്നു. കാരണം തസവ്വുഫ് ആദ്യമേ അദ്ദേഹത്തിന്റെ കുടുംബത്തിൽ പ്രയോഗവൽക്കരിക്കപ്പെട്ടിരുന്നു. 20–ാം വയസ്സിൽ സൂഫി പാതയിൽ പ്രവേശിച്ചു.

**കുടുംബത്തിലെ സൂഫിസം**

അദ്ദേഹത്തിന്റെ കുടുംബത്തിന് സാംസ്കാരികമായ ബന്ധങ്ങൾക്കു പുറമെ മതപരമായ പ്രവണതകളിലും ഒരു ചായ്വുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രണ്ട് അമ്മാവന്മാർ സൂഫിമാരായിരുന്നു. അബൂമുസ്ലിം അൽ ഖൗലാനിയും യഹ്യാ ഇബ്നു യോഹ്മാനും. അൽ ഖൗലാനി രാത്രി മുഴുവൻ നിസ്കരിക്കാറുണ്ടായിരുന്നു. പതിവായി നിൽക്കുന്നത് കാരണം ക്ഷീണിതനായ തന്റെ കാലുകളിൽ സ്വയം വടി കൊണ്ട് അടിക്കുമായിരുന്നു.

രണ്ടാമത്തെ അമ്മാവൻ യഹ്യാ ബിൻ യോഗ്മാൻ ഒരു കാലത്ത് ലെംസനിലെ ഭരണാധികാരിയിരുന്നു. പിന്നീട് അദ്ദേഹം അബൂ അബ്ദുല്ലാ തുനീഷസി എന്ന ഒരു പുണ്യവാളനെ കണ്ടുമുട്ടി. രാജപദവി ഉപേക്ഷിച്ച് തത്ത്വജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. ഇബ്നു അറബിയോട് അദ്ദേഹ

ത്തിന്റെ ജനങ്ങൾ പ്രാർഥിക്കാൻ അപേക്ഷിച്ചാൽ ഇബ്നു അറബി പറയുമായിരുന്നു: ''യഹ്യാബ്നു യോഹ്മാനോട് അപേക്ഷിക്കുക. എന്തെന്നാൽ അദ്ദേഹം ഒരു രാജാവായിരുന്നു. പിന്നീട് ഒരു തത്ത്വജ്ഞാനിയായി. അത്തരമൊരു പരീക്ഷണം എന്നെ കൂടി നേരിട്ടിരുന്നുവെങ്കിൽ ഞാനൊരിക്കലും വിജയിക്കില്ലായിരുന്നു.''

**സൂഫിസത്തിലേക്കുള്ള ബൈഅത്ത്**

1184ൽ തനിക്ക് 20 വയസ്സുള്ളപ്പോഴാണ് താനൊരു സൂഫിയായത് എന്ന് ഇബ്നു അറബി പറയുമായിരുന്നു. സെവില്ലെയിലെ മറ്റു പൗരാന്മാരോടൊപ്പം തന്നെയും അവിടുത്തെ ഒരു പ്രധാനി സൽക്കാരത്തിനു ക്ഷണിച്ചിരുന്നതായി ഇബ്നു അറബി പറയുന്നു. അവരെല്ലാം ഒരു പാനീയം കുടിക്കുകയായിരുന്നു. പാനീയം ഇബ്നു അറബിക്ക് നല്കപ്പെട്ടപ്പോൾ അദ്ദേഹം ഇങ്ങനെ ഒരു ശബ്ദം കേട്ടു: "ഓ മുഹമ്മദ്, ഇതിനാണോ നാം നിന്നെ സൃഷ്ടിച്ചത്?" അദ്ദേഹം പാനീയം താഴെ വച്ചു ഉടനെ അവിടം വിട്ടിറങ്ങി. വീട്ടിനു പുറത്ത് അദ്ദേഹം ഒരു ഇടയനെ കണ്ടുമുട്ടി. അവന്റെ കൂടെ പട്ടണത്തിന്റെ പ്രാന്തപ്രദേശത്തേക്കു പോയി. വസ്ത്രങ്ങൾ പരസ്പരം കൈമാറി. കുറേനേരം കറങ്ങിയശേഷം ഒരു ശ്മശാനത്തിൽ എത്തി. അവിടെ അദ്ദേഹം നാലു ദിവസം 'ദിക്റെ ഇലാഹി' (ദൈവസ്മരണ)യിൽ മുഴുകി. അവിടെ നിന്ന് പുറത്തേക്ക് വന്നപ്പോൾ അത്യധികമായ ജ്ഞാനത്താൽ അദ്ദേഹം അനുഗൃഹീതനായി.

ജീവിതം തന്നെ മാറ്റിമറിക്കപ്പെട്ട ഈ അനുഗ്രഹത്തിനുശേഷം തന്റെ യജമാനനായിരുന്ന ശേഖ് യൂസുഫ് ബിൻ ആഖ്ലഫാൽ കുമിയുടെ മാർഗദർശനത്തിൽ ഒമ്പത് മാസം ഏകാന്തതയിൽ കഴിച്ചുകൂട്ടി. ഇബ്നു അറബി പറയുന്നു:

'എന്റെ ഏകാന്തവാസം ഫജ്ർ നേരത്തായിരുന്നു ആരംഭിച്ചിരുന്നത്. സൂര്യനുദിക്കാൻ ആരംഭിച്ചപ്പോൾ പരോക്ഷമായ (ഗൈബിയായ) ലോകത്തെ രഹസ്യങ്ങൾ എന്നിൽ വെളിപ്പെട്ടു. ഈ ഉപാസനയിൽ ഞാൻ പതിനാല് മാസം കഴിച്ചുകൂട്ടി. എന്നോട് പറയപ്പെട്ട എല്ലാ രഹസ്യങ്ങളും ഞാൻ എഴുതിവെച്ചിട്ടുണ്ട്.

ക്യാബിനറ്റിൽ ഒരു പ്രധാന പദവിയായ ഒരു എഴുത്തുകാരന്റെ ജോലിയാണ് എനിക്ക് സിവിൽ സർവീസിൽ ആദ്യമായി ലഭിച്ചത്. അദ്ദേഹത്തിന്റെ പിതാവ് സംസ്ഥാന മന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം രാജ്യം മുഴുവൻ അറിയപ്പെട്ടിരുന്നു. ആത്മീയാനുഭവത്തിനു ശേഷം അദ്ദേഹം തന്റെ ജോലി ഉപേക്ഷിച്ചു. അദ്ദേഹം ഒരു ദർവേശായി ജീവിക്കുന്നതിന് മുൻഗണന നൽകി.

**ഇബ്നുറശ്ദുമായുള്ള കൂടിക്കാഴ്ച**

ഇബ്നുഅറബിയുടെ അസാധാരണമായ പാണ്ഡിത്യവും ആത്മീയമായ ഉൾക്കാഴ്ചയും കാരണം അദ്ദേഹത്തിന്റെ ഖ്യാതി സ്പെയിൻ മുഴുവൻ വ്യാപിച്ചു. അരിസ്റ്റോട്ടിലിന്റെ തത്ത്വങ്ങളുടെ വ്യാഖ്യാതാവായ കൊർഡോബയിലെ ഖാസി ഇബ്നു റുശ്ദ് (1126-1198) ഇബ്നുഅറബിയുമായി കൂടിക്കാഴ്ച നടത്താൻ തന്റെ പിതാവിനോടപേക്ഷിച്ചു.

പ്രശസ്തരായിരുന്ന ഈ രണ്ടുപേരുടെയും കൂടിക്കാഴ്ച സുപ്രധാനമായിരുന്നു. ഒരാൾ ബൗദ്ധിക ദർശനങ്ങളുടെ വ്യാഖ്യാതാവായിരുന്നു. അദ്ദേഹം യൂറോപ്പിലെ ഏറ്റവും സ്വാധീനമുള്ള ചിന്തകനായിരുന്നു. അറിവ് എന്നാൽ ദർശനം ആണെന്നു മനസ്സിലാക്കിയ ഒരു തത്ത്വജ്ഞാനിയായിരുന്നു മറ്റേ ആൾ. അദ്ദേഹം സൂഫിസത്തിലെ അത്യുന്നതനുമായിരുന്നു.

ഇബ്നു അറബി ഈ സന്ദർശനത്തെ സ്വന്തം വാക്കുകളിൽ നിവേദനം ചെയ്യുന്നു:

"ഒരു ദിവസം ഞാൻ കൊർഡോവയിലെ ഖാസിയായ അബൂ വാലിദ് ഇബ്നു റുശ്ദിനെ കാണാൻ പോയി. എന്റെ ഉപാസന കാലത്ത് എനിക്കുണ്ടായ ദൈവിക വെളിപാടുകളെക്കുറിച്ച് കേട്ടറിഞ്ഞതുകൊണ്ടാണ് അദ്ദേഹം എന്നെ കാണാൻ ആഗ്രഹിച്ചത്. ഈ രഹസ്യങ്ങളെക്കുറിച്ചു കേട്ട എല്ലാവരും അത്ഭുതം പ്രകടിപ്പിക്കാറുണ്ടായിരുന്നു. ഞാനപ്പോഴും അനാഗതശ്മശ്രുവായിരുന്നു. ഇബ്നു റുശ്ദ് എന്റെ പിതാവിന്റെ അടുത്ത സുഹൃത്തായിരുന്നു. ഞാൻ മുറിയിൽ പ്രവേശിച്ച ഉടൻ എന്നോടുള്ള ആദരസൂചകമായി എഴുന്നേറ്റു നിന്നു. അദ്ദേഹത്തെ ആലിംഗനം ചെയ്തു. പിന്നെ അദ്ദേഹം എന്നോട് 'അതെ' എന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തെ മനസ്സിലാക്കി എന്ന വിധമുള്ള എന്റെ പ്രതികരണം അദ്ദേഹത്തെ സന്തുഷ്ടനാക്കി. എന്നാൽ നേരെ മറിച്ച്, അദ്ദേഹത്തിന്റെ സന്തുഷ്ടിക്ക് കാരണം എന്നെ മനസ്സിലാക്കി എന്നതാണെന്ന കാരണത്താൽ ഞാൻ 'ഇല്ല' എന്നു പറഞ്ഞു. അപ്പോൾ ഇബ്നു റുശ്ദ് എന്നിൽ നിന്നും പിൻവാങ്ങി. അദ്ദേഹത്തിന്റെ നിറംമാറി. എന്നെക്കുറിച്ചദ്ദേഹം വിചാരിച്ചതിൽ സംശയമുദിച്ചു. അദ്ദേഹം എന്നോടു ചോദിച്ചു. ''തത്ത്വശാസ്ത്രപരമായ പ്രകാശത്താലും (കശ്ഫ്)ലും ദൈവീകവെളിപാടു കൊണ്ടും എന്തു പരിഹാരമാണ് താങ്കൾ കണ്ടെത്തിയത്? ധ്യാനപരമായ ചിന്തയും എന്തിലാണോ എത്തിച്ചേർന്നത് അതുമായി യോജിക്കുന്നുണ്ടോ? ' ഞാൻ 'അതേ' 'ഇല്ല' എന്നും മറുപടി പറഞ്ഞു. 'അതെ' എന്നും 'ഇല്ല' എന്നുമുള്ളതിനിടയിൽ ആത്മാക്കൾ പദാർഥത്തിനപ്പുറത്തും പറയുന്നു, കഴുത്തുകൾ ശരീരത്തിൽ നിന്നും വേറിടുന്നു.' ഇതു കേട്ടപ്പോൾ റുശ്ദ് മടങ്ങിപ്പോയി. അദ്ദേഹം കുലുങ്ങിപ്പോയി. എന്നിട്ട് പിറുപിറുത്തു "ലാ ഹൌല വലാ കുവ്വത്ത" (ഒരു ശക്തിയുമില്ല, അല്ലാഹുവിന്റെതൊഴികെ) ഇത് എന്റെ കുത്ത് വാക്ക് കാരണമായിരുന്നു. ഗൂഢാർഥമായ ഭാഷയിൽ ആ യുവാവ് അറിയിച്ചതെന്തെന്നാൽ യുക്തിപരമായ പര്യവേഷണം ദൈവത്തെക്കുറിച്ചുള്ള പരിപൂർണമായ ജ്ഞാനവും ലോകജ്ഞാനവും നേടാൻ അപര്യാപ്തമാണ് എന്നാണ്.

മറ്റൊരവസരത്തിൽ എന്റെ പിതാവിനോട് ഞാനുമായി അഭിമുഖം നടത്താൻ അദ്ദേഹം അഭ്യർഥിച്ചു. അതുമുഖേന അദ്ദേഹത്തിന്റെ പക്കലുള്ള കാര്യങ്ങൾ (ജ്ഞാനം) എന്നോടു പറയുവാൻ സാധിക്കുമല്ലോ. അദ്ദേഹം

ബുദ്ധിമാന്മാരിൽ ഏറ്റവും മികച്ചു നിൽക്കുന്ന ആളായതിനാൽ അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്തി. അജ്ഞനായ ഒരാൾ എകാന്തവാസത്തിനുപോയി മടങ്ങിവന്നപ്പോൾ പരിപൂർണ ജ്ഞാനിയായിരിക്കുന്നു. എന്തെങ്കിലും ചർച്ചയോ പ്രമേയമോ ഗവേഷണമോ അദ്ധ്യാപകന്റെ കീഴിൽ പഠിക്കാതെയോ ആണിത്. അദ്ദേഹം പറഞ്ഞു: എല്ലാ പ്രതാപവും അല്ലാഹുവിനത്രെ. എന്റെ ജീവിതകാലത്ത് ഈ അനുഭവത്തിന്റെ ഉടമസ്ഥൻ ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ വാതിലുകളുടെ പൂട്ട് തുറക്കാൻ കഴിയുന്ന ഒരാൾ ഉണ്ടായിരിക്കുന്നു. അങ്ങനെയുള്ള ഒരു വ്യക്തിയെ നേരിൽ കാണാനുള്ള വ്യക്തിപരമായ അനുഗ്രഹം നൽകിയ അല്ലാഹുവിനത്രെ സർവ പ്രതാപവും" (2)

ഈ സംവാദത്തിൽ യുവാവായ തത്ത്വജ്ഞാനി മേൽക്കൈ നേടിയിരിക്കുന്നു. പ്രായമുള്ള പര്യടനം നടത്തുന്ന തത്ത്വജ്ഞാനി നിരുദ്ധകണ്ഠനായി. ഇത് കാണിക്കുന്നത് അദ്ദേഹത്തിന്റെ തത്ത്വജ്ഞാനപരമായ ചിന്തയും നിഗൂഢമായ അനുഭവവുമാണ്. ഇവിടെ നിഗൂഢജ്ഞാനം തത്ത്വജ്ഞാനത്തെ മറികടന്നിരിക്കുന്നു. എന്തെന്നാൽ ഇബ്നു അറബി സ്വയം തന്നെ ഒരു തത്ത്വജ്ഞാനി കൂടിയായിരുന്നു.

**അദ്ദേഹത്തിന്റെ യാത്രകൾ**

1193ൽ 30 വയസ്സുള്ളപ്പോൾ അദ്ദേഹം ആദ്യമായി വിദേശ യാത്ര ചെയ്തു. അദ്ദേഹം തുനീസിലേക്ക് പോയി. അവിടെ വെച്ച് അബ്ദുൽ അസീസ് ഇബ്നു അബൂബക്കർ അൽഖുറൈശി അൽ മഹ്ദാവിയെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ഇബ്നു അറബി അന്തലൂസിൽ (സ്പെയിൻ) താനുമായി ബന്ധമുള്ള 55 സൂഫി പുണ്യവാളന്മാരുടെ ജീവചരിത്രമെഴുതി. അത് 'റുഹുൽ ഖുദ്സ്' എന്ന് നാമകരണം ചെയ്യപ്പെട്ടു.

ഒരു പക്ഷേ വടക്കെ ആഫ്രിക്കയിലെ ആഭ്യന്തരയുദ്ധം കാരണമായി ഇബ്നു അറബി ആന്തലുസിലേക്ക് മടങ്ങി. 1994-ൽ അദ്ദേഹം ഫെസിലേക്ക് യാത്ര ചെയ്തു. അലാകോസിലെ ക്രിസ്തീയ സൈന്യത്തിനെതിരിൽ യാക്കൂബ് അൽ മൻസൂറിലെ ഭരണാധികാരിയായ അൽമൊഹാദ് വിജയിക്കുമെന്ന് ഇബ്നു അറബി മുൻകൂട്ടി പറഞ്ഞു. 1195 ആവുമ്പോഴേക്ക് അദ്ദേഹം സെവില്ലയിലേക്ക് മടങ്ങി. അവിടെ അദ്ദേഹം മിക്കവാറും സമയവും പഠനത്തിലും ചർച്ചയിലും മുഴുകി. ഇത്രയുമായപ്പോഴേക്കും ആത്മീയമായ ആധികാരികതയുടെ ബഹുമതികാരണം മറ്റുള്ളവർ അദ്ദേഹത്തെ സാദരം വീക്ഷിച്ചു.

1196ൽ അദ്ദേഹം ഫെസിലേക്ക് മടങ്ങി. അസ്ഹർ പള്ളിയിലെ ഇമാമായ അബ്ദുൽ കരീമിന്റെ പ്രഭാഷണം കേൾക്കാനായിരുന്നു ഇത്. അദ്ദേഹം ഇബ്നു ഹയ്യൂമിന്റെ തോട്ടത്തിൽ ഇടയ്ക്കിടെ സന്ദർശനം നടത്തി. ആത്മീയതയുള്ള ആളുകളെ കണ്ടുമുട്ടാനായിരുന്നു ഇങ്ങനെ ചെയ്തത്. ഇവിടത്തെ താമസക്കാലത്ത് അദ്ദേഹത്തിന് നിരവധി ശിഷ്യന്മാരുണ്ടായി. അദ്ദേഹത്തിന്റെ ആത്മീയപദവി അത്യന്തം ഉന്നതമായിരുന്നു. മുഹമ്മദിന്റെ പുണ്യവാളത്തത്തിന്റെ അറിവിന്റെ മുദ്ര താൻ നേടിയതിനാൽ 'അൻഖാത്തമുൽ ഔലിയ' എന്ന് അറിയപ്പെട്ടു. 1193ൽ അദ്ദേഹം ഗ്രനഡ വഴി മുർസിലയിലേക്ക് തിരിച്ചു വന്നു. അദ്ദേഹം കൊർഡോബയിൽ ഇബ്നുറുശ്ദിന്റെ മരണാനന്തരചടങ്ങുകളിൽ സംബന്ധിച്ചു. ഇബ്നു റുശ്ദ് മരാക്കേശിൽ ചരമം പ്രാപിച്ചെങ്കിലും അദ്ദേഹത്തിന്റെ മൃതദേഹം കബറടക്കാനായി ജന്മദേശത്തേക്ക് കൊണ്ടു വന്നിരുന്നു. ഈ അവസരത്തിൽ അദ്ദേഹം താഴെ കൊടുത്ത വരികൾ രചിച്ചു.

ഇതാണ് ഇമാം ഇവ അദ്ദേഹത്തിന്റെ പ്രവൃത്തികളും.

അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ സഫലീകരിക്കപ്പെട്ടുവെന്ന് ഞാനറിഞ്ഞിരുന്നെങ്കിൽ.

1200ൽ അദ്ദേഹം മറാകേശിലേക്ക് പോയി. അവിടെ അദ്ദേഹം ദാനസൂക്ഷിപ്പുകാരനായ കൂത്തയിലെ അബു അൽ അബ്ബാസിന്റെകൂടെ കുറച്ചുസമയം ചെലവഴിച്ചു. ഇവിടെ അദ്ദേഹത്തിന് രണ്ടനുഭവങ്ങളുണ്ടായി. അതോടെ അദ്ദേഹത്തിന്റെ ആത്മീയ പദവിയിൽ കൂടുതൽ ഔന്നത്യം ഉണ്ടായി. കിഴക്കോട്ടുള്ള മാർഗമദ്ധ്യേ അദ്ദേഹം ബുജിയയിലേക്കും തുനീസിലേക്കും യാത്രചെയ്തു.

**കിഴക്ക് അദ്ദേഹത്തിന്റെ ജീവിതം**

അദ്ദേഹം തന്റെ കൂട്ടുകാരനായ അൽഹസറിന്റെ കൂടെ കിഴക്കോട്ട് യാത്ര ചെയ്തു. വളരെ ചുരുങ്ങിയ കാലം കൈറോയിലും അലക്സാന്റിറിയയിലും ചിലവഴിച്ച ശേഷം 1201 ൽ മക്കയിൽ എത്തി.

ഒരിക്കൽ അദ്ദേഹം മക്കടിലെ സാഹിർ ഇബ്നു റസ്തം ഇസ്ഫഹാനിയുടെ ആതിഥ്യം സ്വീകരിച്ചു. അദ്ദേഹവും ഒരു സൂഫിയും സമൂഹത്തിൽ ഉന്നതസ്ഥാനമലങ്കരിച്ച ആളുമായിരുന്നു.

സാഹിറിന് നിസാം ഐൻ അശ്ശംസ് എന്ന് പേരുള്ള ഒരു മകളുണ്ടായിരുന്നു. അവളുടെ ശ്രദ്ധയാകർഷിക്കുന്ന നോട്ടങ്ങൾ ഇബ്നു അറബിയെ തർജുമാനുൽ അസ്ഖാഖ് എന്ന പേരിൽ പ്രേമകവിതകൾ എഴുതാൻ പ്രചോദിതനാക്കി. നിസാം അതീവ സൗന്ദര്യം കൊണ്ടും ബുദ്ധിശക്തികൊണ്ടും ആത്മീയമായ അനുഭവങ്ങൾ കൊണ്ടും അനുഗൃഹീതയായിരുന്നു. അവളുടെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യവും പെരുമാറ്റത്തിന്റെ വശ്യതയാർന്ന മിതത്വവും മൃദുഭാഷണത്തിന്റെ സ്വരമാധുര്യയും കാരണം അവളുടെ സാന്നിദ്ധ്യം ചുറ്റുമുള്ളവരെ വശീകരിക്കുമായിരുന്നു.

ഇബ്നു അറബി 'തർജ്ജുമാനുൽ അശ്ഫാഖി'ൽ എഴുതി.

മക്കയിലായിരുന്നപ്പോൾ അദ്ദേഹം ഹജ്ജ് നിർവഹിച്ചു. കഅബ പ്രദക്ഷിണം (തവാഫ്) ചെയ്യുമ്പോൾ 'ഹജറുൽ അസ്വദ് ' കടന്നുപോകുമ്പോൾ അദ്ദേഹത്തിന് ഒരു ദർശനമുണ്ടായി. ഇതദ്ദേഹത്തിന്റെ ആത്മീയപക്വതയുടെ നിർണായകഘട്ടം രേഖപ്പെടുത്തുന്നു.

മക്കയിൽ അദ്ദേഹത്തിന്റെ മാസ്റ്റർപീസായ 'ഫുത്തുഹാത്തുൽ മക്കിയ' എഴുതാൻ തുടങ്ങി. 1204ൽ

അദ്ദേഹം മക്ക വിട്ടു. അവിടെ നിന്ന് ബാഗ്ദാദിലേക്കും പിന്നീട് മോസുലിലും പോയി. ഇവിടെ വച്ച് അദ്ദേഹം 'അൽതനസ്സുലാത്ത് അൽ മൗസുലിയ്യ' (മോസുലിലെ വെളിപാടുകാർ) എന്ന പേരിൽ രചിച്ച ഗ്രന്ഥത്തിൽ അംഗശുദ്ധി (വുളു)യുടെയും സ്വലാത്തീ(നിസ്കാരം)ന്റെയും പ്രാധാന്യം വിവരിക്കുന്നു. 1206ൽ കൈറോയിൽ നിന്ന് മടങ്ങുന്ന വഴി ഹെബ്രോണിൽ എത്തി. അവിടെ അദ്ദേഹത്തിനെതിരിൽ മതനിന്ദാരോപണമുണ്ടായി. പക്ഷേ, ഭരണകർത്താവായ നാസിറുദ്ദീൻ അൽ മാലിക്ക്അദിൽ ഇടപെട്ടു. ബുജിയയിൽ നിന്ന് അബുൽ ഹഖിന്റെ കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്.

**കോനിയയിലെ ജീവിതം**

കൈറോയിൽ അദ്ദേഹത്തിന് ലഭിച്ച സ്വീകരണം ഇബ്നുഅറബിയെ നിരുത്സാഹപ്പെടുത്തി. 1207ൽ അദ്ദേഹം മക്കയിലേക്ക് മടങ്ങി. ഒരു വർഷം നീണ്ട താമസത്തിനുശേഷം അദ്ദേഹം ഏഷ്യാമൈനറിലേക്ക് (തുർക്കി) യാത്രയായി. 1210ൽ അദ്ദേഹം എത്തിയപ്പോൾ റോമിലെ സൽജ്ജുക്ക് സുൽത്താൻ കെകയ്സും (1210-1220) കൊനിയയിലെ ജനങ്ങളും അദ്ദേഹത്തെ വരവേറ്റു. ഇവിടെ, സദറുദ്ദീൻ അദ്ദേഹത്തിന്റെ വിശ്വസ്ത ശിഷ്യനായിരുന്നു. അദ്ദേഹം ഇബ്നു അറബിയുടെ അദ്ധ്യാപനങ്ങളുടെ പ്രധാന പ്രയോക്താവായി. അദ്ദേഹത്തിന്റെ രചനകളുടെ ബൃഹത്തായ വ്യാഖ്യാനങ്ങൾ സദറുദ്ദീൻ എഴുതി: സദറുദ്ദീൻ മൗലാനാ ജലാലുദ്ദീൻ റൂമിയുടെ അടുത്ത ശിഷ്യനായിരുന്നു. ഖുത്തുബുദ്ദീൻ ശിറാസിയുടെ (1236-1311) അദ്ധ്യാപകനുമായിരുന്നു. ഖുത്തുബുദ്ദീൻ ശിറാസി 13-ാം നൂറ്റാണ്ടിലെ എണ്ണപ്പെട്ട സൂഫിയുമായിരുന്നു.

1211ൽ തന്റെ ഏതാനും ശിഷ്യരോടൊപ്പം അദ്ദേഹം കെനിയയിൽ നിന്ന് ബാഗ്ദാദിലേക്ക് പോയി. ഇവിടെ അദ്ദേഹം ഒരു വലിയ സൂഫി ഗുരുവായ ശിഹാബുദ്ദീൻ സുഹ്റവർദിയുമായി കൂടിക്കാഴ്ച നടത്തി. 1212ൽ ഇബ്നു അറബി സുൽത്താൻ കെക്കോസിന് ഒരു കത്തെഴുതി. അദ്ദേഹം പ്രജകളെന്ന നിലയിൽ ക്രിസ്ത്യാനികളുടെ പെരുമാറ്റം എങ്ങനെയായിരുന്നുവെന്ന് ചോദിച്ചിരുന്നു. അവരുമായുള്ള കൈകാര്യങ്ങളിൽ കർശന നിലപാട് കൈക്കൊള്ളണമെന്നും ഇസ്ലാമിന് തന്റെ രാജ്യത്ത് ദോഷം വരുത്തുന്നതിൽ നിന്ന് അവരെ തടയണമന്നും അദ്ദേഹം എഴുതി. ഇതൊരു പക്ഷേ, ആ സമയത്ത് നടന്നിരുന്ന കുരിശുയുദ്ധം കാരണമായിരിക്കണം.

1213ൽ അദ്ദേഹം മക്കയിലേക്ക് യാത്ര ചെയ്യുകയും രണ്ടുവർഷത്തിനുശേഷം ഒരിക്കൽ കൂടി അദ്ദേഹം തുർക്കിയിൽ പോകുകയും കെകോസിനെ കണ്ടുമുട്ടുകയും അന്ത്യോക്യ യുദ്ധത്തിൽ അദ്ദേഹത്തിന് വിജയമുണ്ടാകുമെന്ന് മുൻകൂട്ടി പറയുകയും ചെയ്തിരുന്നു. അദ്ദേഹം 1221ൽ ആലെപ്പോയിൽ എത്തി. പിന്നീട് ഡമാസ്കസ്സിൽ താമസിക്കാൻ തീരുമാനിച്ചു. തന്റെ സംഭവബഹുലമായ ജീവിതത്തിൽ നിന്നും ഒഴിഞ്ഞ് മാറി സമാധാനപൂർവം ചെലവഴിക്കാൻ ആഗ്രഹിച്ചു.

അവിടുത്തെ ഭരണാധികാരി അൽമലിക്കുൽ ആദിൽ അദ്ദേഹത്തോട് വളരെ ബഹുമാനപുരസ്സരമാണ് പെരുമാറിയത്. 1240ൽ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഡമാസ്കസ്സിന്റെ വടക്ക് ഖാസിയൂൻകുന്നിന്റെ അടുത്തുള്ള സാലിഹിയയിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. 16-ാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ സ്മാരകമണ്ഡപം നിർമിക്കപ്പെട്ടു. ഇന്നും അത് സൂഫികളുടെ തീർഥാടനകേന്ദ്രമാണ്.

**അദ്ദേഹത്തിന്റെ സന്തതികൾ**

ഇബ്നു അറബി മൂന്നു തവണ മൂന്ന് രാജ്യങ്ങളിൽ വിവാഹിതനായിട്ടുണ്ട്. സെവില്ലെയിലെ താമസക്കാലത്ത് അദ്ദേഹം സൂഫിയാവണമെന്ന തന്റെ ആഗ്രഹം പങ്കുവെച്ചു. ആദ്യം മുഹമ്മദ്ബ്ൻ അൽദൂനിന്റെ മകൾ മറിയമിനെയാണ് വിവാഹം ചെയ്തത്. രണ്ടാം ഭാര്യ മക്കയിലെ ശരീഫിന്റെ മകളായിരുന്നു. അദ്ദേഹം ഇമാദുദ്ദീന്റെ മാതാവായിരുന്നു. അവസാനമായി അദ്ദേഹം ഡമാസ്ക്കസ്സിലെ ഖാസിയുടെ മകളെയായിരുന്നു വിവാഹം ചെയ്തത്. (5)

അദ്ദേഹത്തിന് 2 പുത്രന്മാരുണ്ടായിരുന്നു. സദ്അദ്ദീൻ മുഹമ്മദ് (1221-1258). അദ്ദേഹം അംഗീകരിക്കപ്പെട്ട ഒരു കവിയായിരുന്നു. പിന്നെ ഇമാദുദ്ദീൻ മുഹമ്മദ് (മരണം 1268).

**അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ**

സൂഫികൾക്കിടയിൽ ഇബ്നു അറബി പരാമർശിക്കപ്പെട്ടിരുന്നത് അശ്ശെഖുൽ അക്ബർ, ഏറ്റവും മഹാനായ അദ്ധ്യാപകൻ എന്നാണ്. ഇതിനുള്ള കാരണം വാചികമായ പ്രക്ഷേപണത്തിലും പരോക്ഷ സൂചനയിലും ഒതുങ്ങിയ സിദ്ധാന്തങ്ങൾ എഴുത്തു മുഖേനയാക്കി എന്നതാണ്. അങ്ങനെ ചെയ്യുന്നതുവഴി അദ്ദേഹം പല വിഷയങ്ങളും ക്രോഡീകരിച്ചു. അതിഭൗതികമായ സിദ്ധാന്തങ്ങൾ ആചാരപരമായ സംശുദ്ധി (വുളു) ബഹിരാകാശ ശാസ്ത്രം, സംഖ്യാശാസ്ത്രം, നിഗൂഢമായ അവസ്ഥകൾ, സൂഫി സിദ്ധാന്തങ്ങൾ എന്നിവ എഴുത്തുമുഖേന രേഖപ്പെടുത്തി ഇബ്നു അറബി തന്റെ സ്വന്തം ഗ്രന്ഥങ്ങളുടെ പട്ടികയിൽ 251 എണ്ണം ചേർത്തിട്ടുണ്ട്. ചില ഗ്രന്ഥങ്ങൾ അച്ചടിക്കപ്പെടുകയോ പരിഭാഷപ്പെടുത്തപ്പെടുകയോ ചെയ്തിട്ടുണ്ട്. 110 രചനകളുടെ കയ്യെഴുത്തുപ്രതികൾ ഇപ്പോഴും ഉണ്ട്. അവയിൽ 18 എണ്ണം ഇബ്നു അറബിയുടെ സ്വന്തം കൈപ്പടയിൽ ഉള്ളതാണ്. 71 രചനകൾ അച്ചടിക്കപ്പെട്ടിട്ടുണ്ട്. 33 രചനകളുടെ വ്യാഖ്യാനങ്ങൾ മുസ്ലിം പണ്ഡിതന്മാർ നിർവഹിച്ചിട്ടുണ്ട്.

ഭാഷാശാസ്ത്രം, അക്ഷരപ്രതീകാത്മകത്വം, തത്ത്വശാസ്ത്രം, രാസവാദവിദ്യ, ബഹിരാകാശശാസ്ത്രം എന്നിവയായിരുന്നു അത്. വിശുദ്ധ ഖുർആനിലും ഹദീസിലും അഗാധ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു ഇബ്നു അറബി.

ഗദ്യത്തിലും പദ്യത്തിലും അദ്ദേഹം വിദഗ്ധനായിരുന്നു. വിശുദ്ധ ഖുർആനിലുള്ള ഗദ്യതാളലയങ്ങൾ (ബജ്) അദ്ദേഹത്തിന്റെ കൃതികളിൽ മുഴുവൻ കാണാമായിരുന്നു.

സൂഫിസത്തെ സംബന്ധിച്ച

(ആത്മീയജ്ഞാനം) യഥാർഥമായ ഒരു സർവവിജ്ഞാനകോശമാണ് അദ്ദേഹത്തിന്റെ ഫുത്തുഹാത്തുൽ മക്കിയ എന്ന ഗ്രന്ഥം. പാരമ്പര്യം, ബുദ്ധി, ഗൂഢാർഥപരമായ ഉൾക്കാഴ്ച എന്നിവയെ കയറിഴ പോലെ കൂട്ടിച്ചേർക്കുകയും വേർതിരിയുകയും ചെയ്യുന്നു. ഈ ഉദ്യമം അദ്ദേഹം 1201ൽ മക്കയിൽ വെച്ച് ആരംഭിക്കുകയും 1237ൽ ഡമാസ്കസ്സിൽ വച്ച് പൂർത്തിയാക്കുകയും ചെയ്തു. അതിലടങ്ങിയിരിക്കുന്നത് ഗൂഢാർഥപരമായ അനുഭവങ്ങൾ, അതിഭൗതിക ശാസ്ത്രസിദ്ധാന്തങ്ങൾ, ദർശനങ്ങൾ, ജ്യോതിശാസ്ത്രം, സൂഫീസിദ്ധാന്തങ്ങൾ ധ്യാനം എന്നിവയാണ്. 560 അദ്ധ്യായങ്ങളിൽ രചിക്കപ്പെട്ട ബൃഹത്തായ ഒരു ഗ്രന്ഥമാണിത്. ഇബ്നു അറബി മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്ത ഇസ്‌ലാമിലെ എല്ലാ വിഷയങ്ങളും അടങ്ങിയ ഒരു വിശ്വവിജ്ഞാനകോശമാണിത്. അതോടൊപ്പം അദ്ദേഹത്തിന്റെ ആന്തരികമായ ആത്മീയ ജീവിതത്തെക്കുറിച്ചുള്ള വിലമതിക്കാനാവാത്ത വിവരണങ്ങളും ഇതിൽ ഉണ്ട്. ഇതിന്റെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിന്റെയോ ചിന്തയുടെയോ ഫലമല്ലെന്നും അദ്ദേഹം തറപ്പിച്ചു പറയുന്നു.

"പ്രചോദനത്തിന്റെ മലക്കുമുഖേന അല്ലാഹു പറഞ്ഞുതന്നതാണിവയെല്ലാം."

ഈ മഹത്തായ രചനയുടെ നൂറിലധികം വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്.

"ഫുസൂസുൽ ഹിക്കം' (ജ്ഞാനത്തിന്റെ കൈപ്പിടികൾ) എന്ന ഗ്രന്ഥം രചിക്കപ്പെട്ടത് 1229ലാണ്. യഹൂദ, ക്രിസ്തീയ, ഇസ്‌ലാമിക പ്രവാചകന്മാരുടെ ആന്തരികജ്ഞാനത്തിന്റെ വെളിപ്പെടുത്തലുകളാണിതിൽ. 27 അദ്ധ്യായങ്ങളിൽ ഓരോന്നും ഇസ്‌ലാമിക സിദ്ധാന്തങ്ങളുടെ നിഗൂഢതത്ത്വശാസ്ത്രത്തിന് അർപ്പണം ചെയ്തിരിക്കുന്നു. മുഹമ്മദ് നബി (സ)യെക്കുറിച്ചുള്ള ഒരു ദർശനത്താൽ പ്രചോദിതനായി എഴുതപ്പെട്ടതാണ്. ദർശനത്തിൽ നബിതിരുമേനി ഒരു പുസ്തകം ഇബ്നു അറബിക്ക് നല്കികൊണ്ട് ഇത് ലോകത്തിന് വിതരണം ചെയ്യണം എന്ന് ഇബ്നു അറബിയോട് ആജ്ഞാപിക്കുന്നതായിരുന്നു ദർശനം. .

ഈ ഗ്രന്ഥം കടുത്ത വിമർശനങ്ങൾക്ക് വിധേയമായി. അദ്ദേഹം അവിശ്വാസിയാണെന്നു നിരവധി മതപണ്ഡിതന്മാർ പ്രഖ്യാപിച്ചു (ഇബ്നു തീമിയ്യ). ഫുസൂസിന് നിരവധി വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ സദറുദ്ദീൻ കോനവിയും, അബ്ദുൽ ഘനി അൽ നബ്‌യൂസി എന്നിവരുടേതാണ്. ജ്ഞാനപരമായ ഗ്രന്ഥങ്ങളായി സൂഫിഗ്രന്ഥങ്ങൾ അംഗീകരിക്കപ്പെട്ട ഇസ്‌ലാമിക രാജ്യങ്ങളിൽ അത് പഠിപ്പിക്കപ്പെട്ടുവരുന്നു.

റൂഹുൽ ഖുദുസ്, അൽദുറത്തുൽ ഫഖീറ എന്നീ ഗ്രന്ഥങ്ങൾ ഡോ. ആർ. ഡബ്ല്യു. ഓസ്റ്റിൻ ഒറ്റ വാല്യമായി 1971ൽ പ്രസിദ്ധപ്പെടുത്തി. ആന്തലൂസിയയിലെ സൂഫികൾ എന്ന ഗ്രന്ഥത്തിൽ 71 സൂഫികളുടെ ജീവിതരേഖകൾ നല്കപ്പെട്ടിരിക്കുന്നു. ചില ചെറിയ ഗ്രന്ഥങ്ങൾ 1931ൽ ആസിൻ പലാഷ്യോസ് സ്പാനിഷ് ഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട് (6)

സ്വന്തം കൈപ്പടയിലുള്ള 18 രചനകൾ നിലവിലുണ്ട്. നിരവധി പ്രതികൾ അദ്ദേഹം ആധികാരികതയോടെ നിർമിച്ചിട്ടുണ്ട്. നിരവധി ആത്മകഥാ കയ്യെഴുത്തു പ്രതികൾ ബാഗ്ദാദ്, ഇസ്തംബൂൾ, കെനിയ എന്നിവിടങ്ങളിലെ ലൈബ്രറികളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

**അദ്ദേഹത്തിന്റെ മൊഴികൾ**

ഇബ്നു അറബിയുടെ ഉദ്ധരണികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവ നമുക്ക് അദ്ദേഹത്തിന്റെ വീക്ഷണങ്ങളെക്കുറിച്ചുള്ള ബോധം നൽകുന്നു.

'അല്ലാഹുവിനെ അറിയുന്നവൻ തന്റെ കണ്ണിന്റെ കാഴ്ച (ബസ്വർ) കൊണ്ട് അവനെ കാണുന്നു. മറ്റുള്ളവർ അത് ഉൾക്കാഴ്ച (ബസ്വീറ) കൊണ്ട് കാണുന്നു. ഉൾക്കാഴ്ച കൊണ്ട് കാണുന്നവനെ യഥാർഥത്തിൽ ആരും അറിയുന്നില്ല എന്നിരിക്കിലും അയാൾക്ക് തന്റെ അഹന്ത വരുത്തുന്ന ക്ഷതം അറിയാൻ കഴിയുന്നില്ല. പിന്നെ എങ്ങനെ തന്റെ നാഥൻ അവനുവേണ്ടി മുൻകൂട്ടി വിധിച്ച കാര്യങ്ങളെക്കുറിച്ച് സുരക്ഷിതമാണെന്ന് അറിയാൻ കഴിയുന്നത്?

'അറിവുള്ളവന്റെ പ്രഭാഷണം ശ്രോതാവിന്റെ പ്രതിച്ഛായയിലായിരിക്കും. അതായത്, അപരന്റെ കഴിവുകൾ, തയ്യാറെടുപ്പ്, ദൗർബല്യം, ആന്തരികഗോപനം മുതലായവ. നിങ്ങൾക്ക് ഒരാളുടെ ചോദ്യത്തിന് മറുപടി പറയുന്നത് സങ്കീർണമായി തോന്നുന്നുവെങ്കിൽ ഉത്തരം പറയരുത്. എന്തെന്നാൽ അദ്ദേഹത്തിന്റെ പാത്രം മുമ്പെത്തന്നെ നിറഞ്ഞിരിക്കയാണ്. അതിനാൽ ഉത്തരം ഉൾക്കൊള്ളാൻ അതിൽ സ്ഥലമില്ല.'

'അജ്ഞന് തന്റെ അജ്ഞത കാണ്മാൻ കഴിയുന്നില്ല. എന്തെന്നാൽ അയാൾ അന്ധകാരത്തിൽ ഒളിച്ചിരിക്കയാണ്. അറിവുള്ള ആൾക്ക് സ്വന്തം അറിവ് കാണാൻ സാധിക്കുന്നില്ല എന്തെന്നാൽ അയാൾ പ്രകാശത്തിൽ ഒളിച്ചിരിക്കുകയാണ്.'

'പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന്റെ ചലനം സ്നേഹത്തിന്റെ ചലനമാണ്.' തന്റെ ഉറ്റതോഴരെ അദ്ദേഹം ഇങ്ങനെ അഭിസംബോധന ചെയ്തു.

'ഓരോ വിധത്തിലുള്ള അറിവിനും ചില ആളുകളുണ്ട്. ഓരോ അറിവും ഓരോരുത്തർക്കും സ്വയം കീഴടക്കാൻ സാധിക്കില്ല. മാത്രമല്ല, അതിനുള്ള സമയവുമില്ല. അതുകൊണ്ട് ഏത് സമുദായത്തിലും എല്ലാവിധത്തിലുമുള്ള ആളുകളുണ്ടാകണമെന്ന് അത്യാവശ്യമാണ്. വ്യത്യസ്ത മാനസിക കഴിവുള്ള ആളുകൾ ഉണ്ടായിരിക്കണം. എന്നാൽ അവരുടെ ലക്ഷ്യം ഒരേവിധത്തിലുള്ളതാവണം' (8)

**അസ്തിത്വത്തിന്റെ ഐക്യം**

അദ്ദേഹം 'വഹ്ദത്തുൽ വുജ്ജൂദ്' എന്ന സിദ്ധാന്തത്തിന്റെ പ്രമുഖ വക്താവായാണ് പൊതുവിൽ അറിയപ്പെടുന്നത്. എന്നാൽ ഈ പദം അദ്ദേഹം തന്റെ ഒരു ഗ്രന്ഥത്തിലും ഉപയോഗിച്ചിട്ടില്ല. മറ്റെല്ലാം നിഗൂഢജ്ഞാനിയെപ്പോലെ അദ്ദേഹം ഊന്നൽ നൽകിയത് മനുഷ്യാസ്തിത്വത്തിന്റെ യഥാർത്ഥമായ പ്രബലതയ്ക്കാണ്, ആ പ്രബലത

സാക്ഷാൽക്കരിക്കാനുള്ള വഴിയിലേക്കും. അത് പൂർണത പ്രാപിക്കുന്നത് പരിപൂർണ മനുഷ്യനിലാണ് (അൽ ഇൻസാൻകാമിൽ). 'വഹ്ദത്തുൽ വുജ്ജൂദ്' എന്ന ഒരു പ്രത്യേകവിധത്തിലുള്ള തത്ത്വജ്ഞാനമാണ്. പ്രപഞ്ചത്തെ സംബന്ധിച്ചേടത്തോളം ദൈവം സർവാധിശായിയാണ് പ്രപഞ്ചം പൂർണമായും അവനിൽ നിന്നും വേറിട്ടുനില്ക്കുന്നതല്ല. പ്രപഞ്ചമാകട്ടെ നിഗൂഢമായി ദൈവത്തിൽ മുങ്ങിയിരിക്കുന്നു. (9)

ഒരു പരിപൂർണ മനുഷ്യൻ യഥാർഥത്തിന്റെ പരിപൂർണമായ പ്രതിബിംബമാവുന്നതെങ്ങനെയാണ്. ഇബ്നു അറബി കാണിച്ചുതരുന്നു. തങ്ങളുടെ സ്വന്തം ആത്മാവിനെ അറിയുന്നവർ ദൈവത്തെ അറിയുന്നതെങ്ങനെയാണെന്നും അദ്ദേഹം കാണിച്ചു തരുന്നു. ഉൺമയുടെ ഐക്യം തന്റെ എഴുത്തുകളിൽ അദ്ദേഹം നല്ലപോലെ തുറന്നുകാണിക്കുന്നു. ഏറ്റവും അവിഭാജ്യവുമായ യാഥാർഥ്യം കൂടുതലുമുയർന്നുനില്ക്കുന്നു. ലോകത്തിന്റെ എല്ലാ പ്രതിബിംബങ്ങളിലും അത് പ്രകടമാകുകയും ചെയ്യുന്നു. ഈ സിദ്ധാന്തം അദ്ദേഹം സർവം ബ്രഹ്മമയമാണെന്ന വിശ്വാസകാരനും കുറ്റക്കാരനുമായി ചിത്രീകരിക്കപ്പെട്ടു. എന്നാൽ ഇബ്നു അറബി വിശ്വസിച്ചിരുന്നത് എല്ലാ വിഭാഗത്തിന്റെ മേൽ ഉയർന്നുനില്ക്കുന്നവനാണെന്ന വിശ്വാസക്കാരനായിരുന്നു. (10)

**അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം**

ഇബ്നു അറബി തന്റെ സുഹൃത്തുക്കളിലും ശിഷ്യന്മാരിലും ശക്തമായ സ്വാധീനം ചെലുത്തി. അവരിൽ നിരവധി പേർ സ്വന്തം നിലയിൽ തന്നെ ആത്മീയോന്നതി പ്രാപിച്ചിരുന്നു. ഇസ്ലാമിക ലോകത്ത് അദ്ദേഹത്തിന്റെ ആത്മീയ ചിന്തയുടെയും പ്രയോഗത്തിന്റെയും കോഴ്സ് പരിഗണനീയമാംവിധം പ്രബലമായി. സൂഫിസത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പഠിച്ചു. വിവിധ സൂഫികേന്ദ്രങ്ങളിൽ അദ്ദേഹത്തിന്റെ കവിതകൾ മന്ത്രണം ചെയ്തു. (തരീഖ) അടുത്ത കാലത്ത് അദ്ദേഹത്തിന്റെ ലിഖിതങ്ങൾ പാശ്ചാത്യലോകത്ത് വർധിച്ചുവരുന്ന താല്പര്യത്തിനും പഠനത്തിനും വിധേയമായിരിക്കുന്നു. അത് കാരണം അദ്ദേഹത്തിന്റെ പേരിൽ ഒരു അക്കാഡമിക് സൊസൈറ്റി സ്ഥാപിക്കുന്നതുവരെ കാര്യങ്ങൾ എത്തിയിരിക്കുന്നു.

നിയമ നിർമാണപരമല്ലാത്ത വെളിപാടുകളുടെ തുടർച്ചയിൽ ഇബ്നു അറബി വിശ്വസിച്ചിരുന്നു. (അമ്പിയ ലാതശ്രിയ ലഹൂം). സൂഫിമാർക്ക് ജിബ്രീൽ മുഖേന നബി(സ) തിരുമേനിയിൽനിർദേശങ്ങൾ ലഭിക്കുമെന്ന് ഇബ്നു അറബി വിശ്വസിച്ചിരുന്നു. വെളിപാടുകൾ നിലച്ചുപോകുക എന്നത് ഇസ്ലാമിന്റെ മരണത്തിനു കാരണമെന്ന് ഇബ്നു അറബി ചിന്തിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (11)

മുഹദ്ദസും (സംസാരിക്കപ്പെടുന്ന ആൾ) നിയമനിർമാണമില്ലാത്ത പ്രവാചകനും തമ്മിൽ ഉള്ള ബന്ധം അദ്ദേഹം വിവരിച്ചു.

അഹ്ലുൽ ത്വരീഖ-സൂഫിസത്തിന്റെ അനുയായി -ഫന, സ്വയം ഉന്മൂലനം- ഷഖീർ, സൂഫി പാതയുടെ അനുഗാമി-മുത്തസ്സഹ്വ്, സൂഫിസത്തിൽ പങ്കെടുക്കുന്ന ആൾ - പാർസിയിൽ ദർവേശ്, ശേഖ് - യജമാനൻ, സിൽസില- ആത്മീയ ശൃംഖല, സൂഫി- ലക്ഷ്യം നേടിയ വ്യക്തി പരമോന്നതനായ തിരിച്ചറിവ് നേടിയ ആൾ, ത്വരീഖ- സൂഫിസം, ദിക്ർ-ദൈവനാമത്തിന്റെ ആവർത്തനം.

ഒരു മുഹദ്ദസും ഒരു ശരീഅത്ത് പ്രവാചകനും (ആമ്പിയാ തശ്രീ) വ്യത്യസ്തരാണ്. ഒരു പുതിയ ശരീഅത്ത് നിയമവുമായ ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹം പരിഗണിക്കപ്പെടുന്നത് രയ്സൽ ഔലിയ വ ജാമിയൽ മുഖാമത്ത് (പുണ്യവാളന്മാരുടെ തലവനും ആത്മീയപാതയിലെ എല്ലാ ഘട്ടങ്ങളും അധിനിവേശം ചെയ്യപ്പെട്ട വ്യക്തിത്വം). അദ്ദേഹത്തിന് ശരീഅത്തില്ലാത്ത വെളിപാടിൽ ഒരു പങ്കുണ്ട്. ശരീഅത്തില്ലാത്ത പ്രവാചകനും അദ്ദേഹവും തമ്മിൽ കുറഞ്ഞ വ്യത്യാസമുണ്ട്. (12)

അദ്ദേഹത്തിന്റെ ചിന്തയുടെ മൗലികമായ ആശയം വെളിപാടിൽ ആത്മീയ സ്ഥാനം നേടിയ വ്യക്തി ഇസ്ലാമിക ഉമ്മത്തിൽ ഒരിക്കലും നിലച്ചുപോകുകയില്ലെന്നാണ്. മുഹമ്മദ് നബി(സ)യുടെ ഒരു ഹദീസിന്റെ അടിസ്ഥാനത്തിലാണിത്. തിരുമേനി (സ) അല്ലാഹുവിനോട് ചോദിച്ചു: “മുഹമ്മദിനുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കുക, അപ്രകാരം നീ ഇബ്രാഹിം നബിക്കുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കുക. ഇബ്രാഹിമിന്റെ (അ) പിൻഗാമികളിൽ പ്രവാചകന്മാരുണ്ടായിരുന്നു. അതിനാൽ സംശയരഹിതമായ നിലയിൽ ഈ പ്രാർഥനയിൽ മുസ്ലിംകളിലും പ്രവാചകപദവി നൽകുമെന്നാണ്.

പ്രവാചകന്റെ ശരീഅത്തിൽ ഒന്നും കാലഹരണപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ഇല്ലെന്നാണ്. ഇതാണ് പ്രവാചകന്റെ പ്രസ്താവനയുടെ അർഥം. അതായത് ദൗത്യവും പ്രവചനവും നിന്നുപോയിരിക്കുന്നു. എനിക്ക് ശേഷം ദൂതനോ പ്രവാചകനോ ഉണ്ടാവുകയില്ല. മുഹമ്മദ് നബി(സ)ക്ക് ശേഷം ഒരു ശരീഅത്ത് പ്രവാചകനും ഉണ്ടാവുകയില്ല. ഭാവിയിലുള്ള ഏത് പ്രവാചകനും തന്റെ ശരീഅത്തിന് വിധേയനായിരിക്കും. ഭാവിയിലുള്ള ശരീഅത്താണ് നിലച്ചത്. പ്രവാചകപദവിയല്ല. (13)

ഇബ്നു അറബിയുടെ അനുയായികൾ ഏറ്റവും അധികം ഉള്ളത് ആധുനിക ഇറാനിലാണ്. ഇന്നും അദ്ദേഹത്തിന്റെയും സുഹ്റവർദിയുടേയും (1155–1191) അതിഭൗതികശാസ്ത്രമാണ്. ഇറാനിയൻ ബുദ്ധിജീവികളുടെ വിശ്വ വീക്ഷണത്തിന്റെ അടിസ്ഥാനം.

(The Review of Religions, August 2007)

വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്

കുറിപ്പുകൾ

# സിറിയൻ യുദ്ധം: യൂറോപ്പിലേക്ക് അഭയാർഥി പ്രവാഹം

മുസാഫിർ

2010 ന്റെ അവസാനത്തിൽ അറബ് വസന്തത്തിന്റെ നാളുകളിൽ പ്രസിഡന്റ് ബഷാർ അൽ അസദിനെതിരെ ആരംഭിച്ച സിറിയൻ പ്രക്ഷോഭം ഇപ്പോൾ ഭയാനകമായ ഒരു ആഭ്യന്തര യുദ്ധമായി മാറിയിരിക്കുന്നു. കഴിഞ്ഞ നാല് വർഷമായി സിറിയൻ സേനയും വിമത സായുധ ഗ്രൂപ്പുകളും തമ്മിൽ നടക്കുന്ന യുദ്ധത്തിൽ ഇത്വരെ ഏകദേശം രണ്ടര ലക്ഷം പേർ കൊല്ലപ്പെട്ടു. ആദ്യം ഫ്രീ സിറിയൻ ആർമിയും പിന്നീട് ഇസ്‌ലാമിക് ഫ്രണ്ടുമായിരുന്നു സിറിയൻ സേനയുമായി ഏറ്റുമുട്ടിയത്. സിറിയൻ സേനയെ സഹായിക്കാൻ ഹിസ്ബുള്ള രംഗത്ത് വന്നു. പിന്നീടാണ് ഇറാഖിൽ നിന്ന് പൊട്ടി പുറപ്പെട്ട ജിഹാദിസ്റ്റുകളായ ഐ എസ് ഐ എസ് എന്ന മതരാഷ്ട്ര ഭീകര സംഘടന സിറിയൻ ഭരണകൂടത്തിനെതിരായി യുദ്ധം ആരംഭിച്ചത്. അതോടെ അതൊരു സ്തോഭജനകമായ മനുഷ്യമഹാ ദുരന്തമായി മാറുകയായിരുന്നു. ഇസ്ലാം മത രാഷ്ട്രവാദികളായ ഈ കട്ടാളക്കൂട്ടം ചെയ്തു കൂട്ടുന്ന മനുഷ്യത്വ വിരുദ്ധമായ ക്രൂരതകൾക്ക് കയ്യും കണക്കുമില്ല. മുസ്‌ലിം ജനലക്ഷങ്ങൾ സിറിയയിൽ നിന്നു ജീവൻ കൊണ്ട് ശരണാർഥികളായി അയൽ രാജ്യങ്ങളായ ജോർദാനിലേയും ലെബനാനിലേയും തുർക്കിയിലേയും യു എൻ അഭയാർഥി ക്യാമ്പുകളിൽ അഭയം തേടുകയാണ്. അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിലാണ് അവർ അവിടെ കഴിയുന്നത്. തുർക്കിയിൽ മാത്രം ഇരുപത് ലക്ഷം അഭയാർഥികൾ കഴിയുന്നു. അവിടെ നിന്നും സിറിയൻ അഭയാർഥികൾ യൂറോപ്പിലേക്ക് പാലായനം ആരംഭിച്ചിരിക്കുന്നു. അപ്രതിരോധ്യമായ ഈ അഭയാർഥി പ്രവാഹത്തെ ചില യൂറോപ്യൻ രാജ്യങ്ങൾ നിർദയമായി തടയാൻ ശ്രമിക്കുന്നുണ്ട്. പിഞ്ചുകുഞ്ഞുങ്ങളും സ്ത്രീകളും കുട്ടികളുമായി ജീവനുവേണ്ടി ആർത്തുനിലവിളിക്കുന്ന അഭയാർഥികളായ മുസ്‌ലിം കുടുംബങ്ങൾക്ക് മുമ്പിൽ സഊദി അറേബ്യ വാതായനങ്ങൾ കൊട്ടിയടച്ചതായി ആരോപിക്കപ്പെടുന്നു.



മെഡിറ്ററേനിയൻ തീരത്ത് മരിച്ചു കിടക്കുന്ന മൂന്നു വയസ്സുകാരൻ അയ്‌ലാൻ കുർദി

അഭയാർഥികളുടെ യൂറോപ്പിലേക്കുള്ള പാലായനത്തിനിടയിൽ തുർക്കിയിൽ നിന്ന് ഒരു റബർ ബോട്ടിൽ കയറി ഗ്രീസിലേക്ക് യാത്ര തിരിച്ച ഒരു സിറിയൻ അഭയാർഥി കുടുംബത്തിലെ അംഗമായിരുന്നു മൂന്നു വയസ്സുകാരനായ അയ്‌ലാൻ കുർദി. ദുരിതക്കടലിൽ നിന്ന് രക്ഷപ്പെടാനുള്ള വെപ്രാളത്തിൽ 8 പേർക്ക് കയറേണ്ട ബോട്ടിൽ 16 പേരെ കുത്തി നിറച്ചു കൊണ്ടായിരുന്നു ആ ബോട്ട് മെഡിറ്ററേനിയൻ കടലിലൂടെ ഗ്രീസിനെ ലക്ഷ്യമാക്കി നീങ്ങിയത്. പുറപ്പെട്ട് അരമണിക്കൂർ കഴിഞ്ഞതിന് ശേഷം മെഡിറ്ററേനിയൻ കടലിന്റെ ആഴങ്ങളിൽ ആ

യാനം തലകീഴേ മറിയുകയായിരുന്നു. മെഡിറ്ററേനിയൻ കടൽ തീരത്ത് മുഖം മണ്ണിൽകുത്തി കമിഴ്ന്ന് കിടക്കുന്ന മൂന്നു വയസ്സുകാരൻ അയ്‌ലാൻ കുർദിയുടെ കൊച്ചു മൃതദേഹം ആരുടെയും കരൾ പിളർക്കുന്ന കാഴ്ചയായിരുന്നു. അയ്‌ലാനോടൊപ്പം അവന്റെ ഉമ്മ രഹ്നയും സഹോദരൻ ഗാലിബും അവിടെ ജീവിക്കാനുള്ള അഭയയാചനകൾക്ക് മുമ്പിൽ കൊട്ടിയടച്ച നിർദയ ലോകത്തിന്റെ വാതിലിനരികിലുള്ള പരലോകത്തിലേക്കുള്ള അദൃശ്യ വാതിലിലൂടെ യാത്രയായി. സിറിയൻ ആഭ്യന്തരയുദ്ധം ഇങ്ങനെ വേർപിരിയലിന്റെയും വേർപാടിന്റേയും കദനകഥകൾ കൊണ്ട് ശോകഭരിതമാണ്. ഈ വർഷം ഇങ്ങനെ 3000 ആളുകൾ മുങ്ങിമരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം അഭയാർഥികൾക്ക് അഭയം നൽകാൻ രാജ്യങ്ങളെ നിയമപരമായി ബാദ്ധ്യതപ്പെടുത്തുന്ന 1951 ലെ **UN Convention On Refugees** എന്ന അന്താരാഷ്ട്ര കരാറിൽ സഊദി അറേബ്യ, ഒമാൻ, യു. എ. ഇ, കുവൈത്ത്, ബഹ്റൈൻ, ഖത്തർ എന്നീ ഗൾഫ് കോർപറേഷനിലെ 6 സമ്പന്ന മുസ്‌ലിം രാജ്യങ്ങൾ ഒപ്പ് വെച്ചിട്ടില്ല. യൂറോപ്യൻ യൂണിയനിൽ പെട്ട രാജ്യങ്ങളെല്ലാം ഈ കരാറിൽ ഒപ്പ് വെച്ചിട്ടുണ്ട്. ഈ കരാറിൽ ഒപ്പ് വെച്ച ഒരു രാജ്യത്തിന് പുറത്തുള്ള ഒരാൾ, വംശത്തിന്റെയോ മതത്തിന്റെയോ ദേശീയതയുടെയോ പേരിൽ പീഡിപ്പിക്കുമെന്ന ഭീതിയാൽ അഭയാഭ്യർഥനയുമായി സമീപിച്ചാൽ കൺവെൻഷനിൽ ഒപ്പ് വെച്ച രാജ്യം അഭയം നൽകേണ്ടതുണ്ട്.

തുർക്കി, ജോർദാൻ, ലെബനാൻ എന്നിവിടങ്ങളിലെ യു. എൻ. അഭയാർഥി ക്യാമ്പുകൾക്ക് ഈ സമ്പന്ന അറബ് രാജ്യങ്ങൾ വൻ സംഖ്യകൾ സംഭാവന ചെയ്തിട്ടുണ്ട്. പക്ഷേ ഭീകരർ സിവിലിയൻസിന്റെ മറവിൽ ഒളിഞ്ഞിരിക്കാൻ സാദ്ധ്യതയുള്ളത് കൊണ്ടാണ് തങ്ങൾ സിറിയൻ അഭയാർഥികളെ നാട്ടിൽ കയറ്റാത്തതെന്നാണ് ഗൾഫ് രാജ്യങ്ങളുടെ വിശദീകരണം. മറ്റു വിധത്തിൽ തങ്ങൾ സിറിയൻ അഭയാർഥികളെ സ്വീകരിച്ചിട്ടുണ്ട് എന്നാണ് സഊദി അറേബ്യയും മറ്റു ഗർഫ് രാജ്യങ്ങളും വിമർശനങ്ങൾക്ക് മറുപടിയായി പറയുന്നത്. ഹജ്ജ് കാലത്ത് വർഷത്തിൽ 5 ദിവസം മാത്രം ഹാജിമാർ ഉപയോഗിക്കുന്ന 100000 ത്തോളം ടെന്റുകൾ അഭയാർഥികൾക്ക് നൽകാൻ സഊദിക്കാകുമായിരുന്നു. ഹാജിമാർക്ക് വേണമെങ്കിൽ പുതിയത് വാങ്ങാനുള്ള ധനശേഷിയും ആ രാജ്യത്തിനുണ്ട്. എന്നിട്ടും നൽകിയില്ല എന്ന വിമർശനവുമുണ്ട്. അതിനിടക്ക് ജർമനിയിലെ സിറിയൻ അഭയാർഥികൾക്ക് 200 പള്ളികൾ പണിതു കൊടുക്കാമെന്ന സഊദിയുടെ വാഗ്ദാനം ജർമനി പുച്ഛത്തോടെ യാണ് തള്ളിക്കളഞ്ഞത്. സഊദി മറ്റൊരു മുസ്‌ലിം രാജ്യമായ യമനു മായി തിരക്കിട്ട യുദ്ധത്തിലുമാണ്. ഇറാഖ്, കുവൈത്ത് ആക്രമിച്ചു കീഴടക്കിയപ്പോൾ അഭയാർഥികളാ യിവന്ന കുവൈത്തികൾക്ക് ഗൾഫ് നാടുകൾ നൽകിയ പരിഗണന പോലും സിറിയൻ അഭയാർഥികൾക്ക് ലഭിക്കുന്നില്ല.

യൂറോപ്യൻ യൂണിയനിൽ പെട്ട രാജ്യങ്ങൾ അഭയാർഥി കൺവെൻഷനിൽ ഒപ്പ് വെച്ച രാജ്യങ്ങളാണ്. യൂറോപ്യൻ യൂണിയൻ അഭയാർഥികളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക കമ്മിറ്റിയുണ്ട്. യൂറോപ്യൻ യൂണിയനിലെ പ്രമുഖാംഗമായ ജർമനിയുടെ അഭയാർഥി നയം ശ്ലാഘനീയമാണ്. പാകിസ്തനിൽ നിന്നുള്ള അഹ്മദി അഭയാർഥികളോടും ജർമൻ ഭരണകൂടം കാണിക്കുന്ന ഉദാര മനസ്കത സാന്ദർഭികമായി ഇവിടെ നന്ദി പൂവം അനുസ്മരിക്കുകയണ്. അവരുടെ ചാൻസലർ ബഹുമാന്യയായ ആഞ്ചലോ മാർക്കൽ സിറിയൻ അഭയാർഥികളെ സ്വാഗതം ചെയ്തു കൊണ്ട് നടത്തിയ ധീരമായ പ്രഖ്യാപനം യൂറോപ്പിന്റെ ധാർമിക മനസ്സാക്ഷിയുടെ ശബ്ദമാണ്. ലോകത്ത് പ്രത്യേകിച്ച് യുറോപ്പിൽ വിനഷ്ടമായി കൊണ്ടിരിക്കുന്ന അസഹിഷ്ണുതയും പീഡിതരോടുള്ള സഹതാപവും ആഞ്ചലയുടെ വാക്കുകളിൽ പുനർജനിച്ചത് ആശ്വാസകരമാണ്. സിറിയൻ അഭയാർഥികളോടുള്ള അവരുടെ ഈ ഉദാരനയത്തോടും മറ്റു രാജ്യങ്ങളും അഭയാർഥികളെ സ്വീകരിക്കണമെന്നുമുള്ള അവരുടെ ആവശ്യത്തോടും യൂറോപ്പിലെ മറ്റു രാജ്യങ്ങൾ കടുത്ത എതിർപ്പാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അവരെല്ലാം ഈ അഭയാർഥി പ്രവാഹത്തെ തടയാൻ ശ്രമിക്കുന്നുണ്ട്. അവരിൽ ചില ക്രിസ്ത്യൻ രാജ്യങ്ങൾ അഭയാർഥികളെ ആട്ടിയകറ്റുക മാത്രമല്ല അവരെ അവഹേളിക്കാനും ധൃഷ്ടരാകുകയാണ്. സ്ളോവാക്യൻ പ്രസിഡന്റ് റോബർട്ട് ഫിക്കോയുടെ പറഞ്ഞത് തന്റെ രാജ്യത്ത് മുസ്‌ലിംകൾ കുടിയേറിയാൽ അവർ പള്ളിപണിത് രാജ്യത്തിന്റെ സംസ്കാരം നശിപ്പിക്കുമെന്നാണ്. അഭ യാർഥികളിലെ ക്രിസ്ത്യാനികളെ മാത്രം സ്വാഗതം ചെയ്തു കൊ ണ്ടുള്ളതായിരുന്നു സ്ളോവാക്യൻ പ്രസിഡന്റിന്റെ പ്രസ്താവന. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളായ ഹംഗറി, ചെക്ക് റിപ്പബ്ലിക്ക്, എസ് തോണിയ തുടങ്ങിയ പഴയ കമ്യൂണിസ്റ്റ് രാജ്യങ്ങളെല്ലാം സിറിയൻ അഭയാർഥികളെ സ്വീകരിക്കുന്നതിൽ ശക്തമായ എതിർപ്പുള്ള വരാണ്. അഭിവന്ദ്യനായ മാർപാപ്പ സിറിയൻ അഭയാർഥി പ്രശ്നത്തോട് പ്രതികരിച്ചത് സ്വതസ്സിദ്ധമായ ക്രിസ്തീയ സ്നേഹത്തിന്റെ ഭാഷയിലാണ്. യൂറോപ്പിലെ ഓരോ ഇടവകകളും ചുരുങ്ങിയത് ഒരു അഭയാർഥി കുടുംബത്തിനെങ്കിലും അഭയം നൽകാൻ മുന്നോട്ടു വരണ മെന്നായിരുന്നു മാർപാപ്പയുടെ ആഹ്വാനം.

മുസ്‌ലിം ലോകം ഇന്ന് അകപ്പെട്ടിട്ടുള്ള എല്ലാ ദുരിതങ്ങളിൽ നിന്നും ദുരന്തങ്ങളിൽ നിന്നും അല്ലാഹു അവർക്ക് വേഗം മോചനം നൽകട്ടെ

സെപതംമ്പർ 23 മുതൽ റഷ്യ സിറിയയിലെ ഐ എസ് ഐ എൽ

(ഐ എസ്) ഭീകരർക്കെതിരെ ആരംഭിച്ച വ്യോമയുദ്ധം സിറിയൻ പ്രശ്നത്തിൽ വൻ ശക്തികളുടെ ശാക്തിക മത്സരത്തിന് തുടക്കം കുറിക്കുമോ എന്ന ആശങ്കയുണ്ട്. സിറിയയിലെ അസദ് അൽ ബഷാറിന്റെ ശിയാഭരണത്തിനെതിരെയാണ് സുന്നി ഭീകര സംഘടനയായ ഐ എസ് യുദ്ധം ചെയ്യുന്നത്. സുന്നി രാഷ്ട്രമായ സഊദി അറേബ്യ ഐ എസിനെ പിന്തുണക്കുന്നു. അമേരിക്കയും സഖ്യകക്ഷികളായ ബ്രിട്ടൻ, തുർക്കി, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ചേർന്ന സഖ്യവും ഐ എസ് ഭീകരർക്കെതിരെ യുദ്ധം പ്രഖ്യാപിച്ചവരാണ്. പക്ഷേ റഷ്യ സിറിയയിൽ നടത്തുന്ന ഈ ആക്രമണത്തെ അമേരിക്ക അപലപിക്കുകയും നിർത്തി വെക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റഷ്യൻ ആക്രമണം മൂലം സിവിലിയൻ മരണം ഉണ്ടാവുന്നു എന്നാണ് അമേരിക്ക പറയുന്നത്. ഐ എസ് നടത്തുന്ന ഭീകര യുദ്ധത്തിനെതിരെ അമേരിക്ക പ്രത്യക്ഷത്തിൽ തള്ളിപറയുന്നുവെങ്കിലും അവർക്ക് അമേരിക്കയുടെയും ഇസ്റയേലിന്റെയും രഹസ്യ പിന്തുണയുണ്ട് എന്ന് വ്യാപകമായ ആരോപണമുണ്ട്. അമേരിക്ക പിന്തുണക്കുന്ന ഐ എസ് ഇതര ഗ്രൂപ്പുകളും റഷ്യയുടെ ആക്രമണ ലക്ഷ്യമാണെന്ന് കരുതപ്പെടുന്നു. മുന്നേറികൊണ്ടിരിക്കുന്ന ഐ എസ് തീവ്രവാദി വിമത സേനക്കെതിരെ സിറിയയിലെ ബഷാറിന്റെ ഭരണ കൂടത്തെ നിലനിർത്താൻ റഷ്യ പ്രതിജ്ഞാബദ്ധമാണ്. ശിയാഭരണകൂടത്തെ സഹായിക്കാൻ റഷ്യ നടത്തുന്ന ഇപ്പോഴത്തെ ആക്രമണത്തിൽ ഇറാനും രംഗത്തുണ്ട്. അവർ കരയുദ്ധം ആരംഭിക്കാനുള്ള സന്നാഹത്തിലാണ് എന്നും റിപ്പോർട്ടുണ്ട്. കൂടാതെ ലബനാനിലെ ശിയാ വാർ ഗ്രൂപ്പായ ഹിസ്ബുല്ലയും ഇറാഖിലെ ശിയാ പോരാളികളും ഐ എസിനെ രെയുള്ള ആക്രമണത്തിൽ റഷ്യയെ സഹായിക്കുന്നു. സിറിയയിൽ റഷ്യയുടെ അമിതമായ ശക്തി പ്രകടനം അമേരിക്കയും പാശ്ചാത്യ ശക്തികളും ഒട്ടും ഇഷ്ടപെടില്ല. ഏതായലും സിറിയയിൽ ആഭ്യന്തര യുദ്ധം അതീവ സങ്കീർണമായി പുരോഗമിക്കുകയാണ്. വൻ ശക്തികളുടെയും ഇസ്റായേലിന്റെയും നിഗൂഢ നീക്കങ്ങളും രഹസ്യ അജണ്ടകളും ഈ യുദ്ധത്തിന്റെ അന്തർധാരകളാണ് എന്ന കാര്യത്തിൽ സംശയമില്ല. ചെറിയ ഒരു പാളിച്ച സംഭവിച്ചാൽ യുദ്ധഗതി ഒടുവിൽ എന്തായി തീരുമെന്ന് അല്ലാഹുവിന്ന് മാത്രമേ അറിയൂ.

**വാൽക്കഷണം:** ഐ. എസ് എന്ന ചുരുക്കപേരിലറിയപ്പെടുന്ന ഈ പൈശാചിക ഫാസിസ്റ്റ് ഭീകര സംഘടന ഇസ്ലാം മതരാഷ്ട്രം പണിയാനാണ് ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. ഇസ്ലാം മത രാഷ്ട്രവാദം, ഹുഖൂമത്തെ ഇലാഹി എന്നീ ഒളിയജണ്ടകളുമായി നമ്മുടെ നാട്ടിലും ഒരു പ്രസ്ഥാനം പ്രവർത്തിക്കുന്നുണ്ട്. നിവർത്തി കേടു കൊണ്ട് സമാധാന വാദവും പരിസ്ഥിതി വാദവും ദളിദ് പ്രേമവും സെക്കുലരിസവും വികസന അജണ്ട എന്നിവയൊക്കെയായി മ റ്റൊരു വേഷം ധരിച്ചാണ് അവർ പ്രവർത്തിക്കുന്നത്. ഇസ്ലാം മത രാഷ്ട്രവാദികളായ ഐ എസ് ഭീകരതയുടെ പശ്ചാത്തലത്തിൽ ജനങ്ങൾ തങ്ങളെ തിരിച്ചറിയുമോ എന്ന ഭയത്താൽ ഐ എസി ന്റെ ഭീകരതയെ എതിർക്കാൻ അവർ ഇപ്പോൾ നാടു നീളെ സെമിനാറുകൾ സംഘടിപ്പിക്കുകയാണ്. നമ്മുടെ നാട്ടിലെ ഈ മതരാഷ്ട്രവാദികളോട് നമുക്ക് പറയാനുള്ളത് നിങ്ങളുടെയും അവരുടെയും ലക്ഷ്യവും മാർഗവും ഒന്നാണെ ന്നാണ്. ഐ എസിന്റെയും ലക്ഷ്യം ഇസ്ലാം മത രാഷ്ട്രവും മാർഗം ജിഹാദുമാണ്. ഇരുകൂട്ടർക്കും ഇക്കാര്യങ്ങളിൽ യോജിപ്പാണ്. ഐ എസി നോടുള്ള നിങ്ങളുടെ എതിർപ്പ് തീർച്ചയായും സ്വാഗതാർഹമാണ്. ആത്മാർഥതയുള്ളതാണ് ആ എതിർപ്പെങ്കിൽ നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ മാർഗവും ലക്ഷ്യവും ഉപേക്ഷിച്ച് സ്ഥാപക നേതാവിനെ സമുചിതം തള്ളിപ്പറയുകയാണ് വേണ്ടത്. അല്ലാതെ ആളുകളുടെ കണ്ണിൽ പൊടിയിടാനാണ് ഈ സെമിനാറുകളും കലാ പരിപാടികളുമെങ്കിൽ നിങ്ങളെ ഒരു കാര്യം വിനയപൂർവം അറിയിക്കട്ടെ, ഖിയാമം നാൾ വരെ നിങ്ങളുടെ യഥാർഥ ആദർശവും പരിപാടിയും പുറത്തു പറയാനാകാതെ തലയിൽ മുണ്ടിട്ട് ജീവിക്കാനായിരിക്കും നിങ്ങളുടെ പ്രസ്ഥാനത്തിന്റെ വിധി.

## ശ്രേഷ്ഠമായ ദാനം

അബൂഹുറൈറയിൽ നിന്നും നിവേദനം: ഒരാൾ നബിയോട് ചോദിച്ചു. പ്രവാചകരേ ഏത് ദാനധർമ്മമാണ് ഏറ്റവും ശ്രേഷ്ഠ മായത്?. നബി(സ) അരുളി: നീ ആരോഗ്യവാനായിരിക്കുക. ധനത്തോട് നിനക്ക് ആഗ്രഹമുണ്ടായിരിക്കുക. ഐശ്വര്യത്തെ നീ പ്രതീക്ഷികുക. ദാരിദ്രത്തെക്കുറിച്ച് നീ ഭയപെടുക എന്നീ പരിതസ്ഥിതിയിൽ നീ നൽകുന്ന ദാനമാണ് ഏറ്റവും ശ്രേഷ്ഠമായത്. നീ ദാനത്തെ പിന്തിരിപ്പിക്കരുത്. ജീവൻ കണ്ഠനാളത്തിലെത്തിക്കഴിഞ്ഞാൽ ഇന്നവനിത്ര കൊടുക്കണം എന്നെല്ലാം നീ പറയാൻ തുടങ്ങും. എന്നാൽ അപ്പോൾ അത് മറ്റൊരുവന്റെ സ്വത്തായി മാറിക്കഴിഞ്ഞിരിക്കും. (ബുഖാരി)

## തഹ്‌രീക്ക് ജദീദ്

ബഹുമാന്യരെ, തഹ്‌രീക്ക് ജദീദിന്റെ വർഷം നവംബർ 1 മുതൽ ഒക്ടോബർ 31 വരെയാണ് എന്ന കാര്യം ഓർക്കുക. ഹുസൂർ തിരുമനസ്സ് അനുഗൃഹീതമായ തഹ്‌രീക്ക് ജദീദിന്റെ 81-ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ വിളംബരത്തോട് പ്രതികരിച്ച് വാഗ്ദാനം ചെയ്ത എല്ലാ ജമാഅത്തംഗങ്ങളും അവരുടെ വാഗ്ദാനം ഉടൻ അടച്ചു തീർക്കാൻ വിനീതമായി അപേക്ഷിക്കുന്നു. ഇനി കുറച്ചു ദിവസം കൂടി മാത്രമാണ് തഹ്‌രീക്ക് ജദീദ് വർഷം അവസാനിക്കാൻ ബാക്കിയുള്ളൂ. വാഗ്ദാന തുക മുഴുവനും അടച്ച്തീർത്ത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ അവൻ തൗഫീഖ് നൽകുമാറാകട്ടെ. തഹ്‌രീക്ക് ജദീദ് സ്ഥാപകൻ ഹദ്‌റത്ത് മുസ്‌ലിഹ് മഊദി(റ)ന്റെ ഉപദേശവും സഹോദരന്മാർ സ്മരിക്കുക. ജമാഅത്ത് അമീർമാർ പ്രസിഡന്റ്മാർ ഈ വിഷയത്തിൽ പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

വകീലുൽ മാൽ- തഹ്‌രീക്ക് ജദീദ്, ഖാദിയാൻ.

## യുഗരശ്മി 40-ാം വർഷത്തെ വിശേഷപതിപ്പ് പ്രകാശനം

മംഗലാപുരം: ആഗോള അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കന്നട മുഖപത്രം യുഗരശ്മി ത്രൈമാസികയുടെ 40-ാം വർഷത്തിന്റെ മാണിക്യ ജൂബിലി (Ruby Jubilee) വിശേഷപതിപ്പ് മംഗലാപുരത്തെ അഹ്‌മദിയ്യാ മസ്ജിദ് ദാറുസലാമിൽ 4-9-2015 ന് പ്രകാശനം ചെയ്യപ്പെട്ടു. മൗലവി ആസിഫ് അഹ്‌മദ് ഖാദിം സാഹിബ് പ്രകാശനം ചെയ്തുകൊണ്ട്, 40 വർഷങ്ങളായി ഒരേ പത്രാധിപർ മുഹമ്മദ് യൂസിഫിനാൽ നടത്തി വരുന്ന പത്രത്തിന്റെ നേട്ടം ശ്ലാഘിച്ചു. പത്രം പിന്നിട്ട വഴികളെക്കുറിച്ച് പത്രാധിപർ വിവരിച്ചു. വി.എസ്. അബ്ദുർറഹീം, കെ. എം. ആലി, എം. അബ്ദുസലാം, വി. എ. റശീദ് എന്നിവർ പ്രസംഗിച്ചു. യുഗരശ്മി ടീമിലെ സീനിയർ മെമ്പർ എം. ഉബൈദുല്ല സാഹിബ് വേദിയിൽ ഉപവിഷ്ടനായിരുന്നു.

## നബി കീർത്തന യോഗം

കാസർഗോഡ്: മൊഗ്രാൽ ജമാഅത്തും മഞ്ചേശ്വരം ജമാഅത്തും സംയുക്തമായി കാസർ ഗോഡ് ജില്ലയിലുടനീളം നടത്തിയ സംയുക്ത നബി കീർത്തന വാഹന പ്രചാരണ യോഗം വിജയകരമായി സമാപിച്ചു. മൗലവി മുനവ്വർ അഹ്‌മദ് സാഹിബ്, മൗലവി ജബ്ബാർ അഹ്‌മദ് സാഹിബ്, സലാം സാഹിബ് പഴയങ്ങാടി എന്നിവർ പ്രസംഗിച്ചു. ഇസ്‌ലാം ശാന്തിയുടെയും സമാധാനത്തിന്റെയും മതമാണെന്നും ഇന്ന് ലോകത്ത് ഇസ്‌ലാമിന്റെ പേരിൽ നടക്കുന്ന തീവ്രവാദ ഭീകര വാദ പ്രവർത്തനങ്ങൾ ഇസ്‌ലാം മതത്തിന് വിരുദ്ധവും മുഹമ്മദ് നബി (സ) യെ അപകീർത്തിപ്പെടുത്തുന്നതുമാണെന്ന് പ്രാസംഗികന്മാർ പറഞ്ഞു. മുഹമ്മദ് നബി (സ) യു ടെ അപദാനങ്ങൾ വാഴ്ത്തുവാനായി അഹ്‌മദിയ്യാ ജമാഅത്ത് ആവിഷ്ക്കരിച്ച ആഗോള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പരിപാടിയെന്നും പ്രാസംഗികന്മാർ പറഞ്ഞു.

പേജ് 28 ൽ നിന്നും തുടർച്ച

യോഗ്യമോ ഗുണകരമോ വിജയപ്രദമോ അല്ലതാനും. ഇത്തരം പ്രവചനങ്ങളിൽ ഏർപ്പെടുന്നവരിൽ മിക്കവരും ദാരിദ്ര്യമനു ഭവിക്കുന്നവരും നിർഭാഗ്യവാന്മാരു മാണെന്ന് മാത്രമല്ല പൊതുവെ അന്തസ്സില്ലാത്തവരും ഭീരുക്കളും അപകൃഷ്ടന്മാരും തോൽവിയടഞ്ഞ വരും യാതൊരുകഴിവുമില്ലാത്ത വരുമാണ് തങ്ങളുടെ പ്രവചനങ്ങൾക്കനുസരിച്ച് അദൃശ്യത്തെമാറ്റി തീർക്കാൻ അവരെക്കൊണ്ടാകില്ല, സ്വന്തം നിലയിൽ തന്നെ അവർ ദൈവകോപത്തിന്റെ അടയാളങ്ങൾ പ്രദർശിപ്പിക്കുന്നവരാണ്. ദൈവത്തിൽ നിന്നുള്ള സഹായമോ ബഹു മതിയോ അനുഗ്രഹമോ ഒന്നും അവർക്കില്ലതാനും.

എന്നാൽ അല്ലാഹുവിന്റെ പ്രവാചകന്മാരും ഔലിയാക്കന്മാരും ജോത്സ്യരെ പോലെ അദൃശ്യകാര്യ ങ്ങൾ വെറുതെയങ്ങു വെളിപ്പെടുത്തുകയല്ല ചെയ്യുന്നത്. മറിച്ച് സദാ തങ്ങളോ ടൊപ്പമുള്ള ദൈവാനുഗ്രഹവും കാരുണ്യവും മുഖേന, അത്തരം ഭാഗ്യഹീന തയോ പ്രതിലോമതയോ ഒന്നുമില്ലാ ത്തതും സൂര്യനെ പോലെ ജാജ്വലമാനമായ സ്വീകാര്യതയുടേയും ബഹുമതിയുടേയും പ്രകാശം ഉൾക്കൊള്ളുന്നതും ദൈവിക സഹായത്തിന്റെയും ബഹുമതിയുടെയും സുവാർത്തകളടങ്ങിയ പ്രവചനങ്ങൾ നടത്തുകയാണ് ചെയ്യുന്നത്.

ആ മഹാത്മാവ് തുടരുന്നു: വിശുദ്ധ ഖുർആന്റെ പ്രവചനങ്ങളെക്കുറിച്ചൊന്നു നിങ്ങൾ ചിന്തിച്ചു നോക്കൂ. ജ്യോതിഷികളുടെയും മറ്റും പ്രവചനങ്ങളെപോലുള്ളതല്ല അവയെന്നു നിങ്ങൾക്ക് കാണാനാകും. നേരെമറിച്ച് അവ ഗാംഭീര്യവും മഹത്വവും കൊണ്ട് നിർഭരമാണ്താനും. ആ പ്രവചനങ്ങളെല്ലാം അതിന്റെ സ്വീകർ ത്താക്കളുടെ ശ്രേഷ്ഠത കൊണ്ടും അവരുടെ ശത്രുക്കളുടെ അപകൃഷ്ടതയെ വിളംബരപ്പെടുത്തുന്നവയാണ്. അവയെല്ലാം അവർക്കുള്ള ബഹുമതിയെയും അവരുടെ ശത്രുക്കളുടെ അവമതിയെയും അവരുടെ വിജയത്തേയും അവരുടെ ശത്രുക്കളുടെ അപചയത്തേയും അവരുടെ പുരോഗതിയേയും അവരുടെ ശത്രുക്കളുടെ നിർഗതിയേയും പ്രഖ്യാപിക്കുന്ന തരത്തിലുള്ളതാണ്. ഏതെങ്കിലും ജ്യോതിഷിക്കോ കൈനോട്ടക്കാരനോ അല്ലെങ്കിൽ ഏതെങ്കിലും മാസ്മര വിദ്യക്കാരനോ ഇത്തരം പ്രവചനങ്ങൾ മുന്നോട്ട് വെക്കാനാകുമോ? ഒരിക്കലുമില്ല.. (ബറാഹീനെ അഹ്‌മദിയ്യ, റൂഹാനി ഖസായിൻ വാ. 1 പേജ് 232, 242, ഫുട് നോട്ട് 11)

## അനുസ്മരണം




### എസ്.കെ. മുഹമ്മദ്

പാലക്കാട് ജമാഅത്തിലെ ആദ്യ കാല അഹ്മദികളിൽപെട്ട ജനാബ് എസ്. കെ. മുഹമ്മദ് (81) സാഹിബ് (മാമുക്ക) ആഗസ്റ്റ് 31-ന് വഫാത്തായി. ഇന്നാലില്ലാഹി.. 1978ലാണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. അഹ്മദിയ്യത്തിന് വേണ്ടി ത്യാഗ ധന്യമായ ഒരു ജീവിതമായിരുന്നു അദ്ദേഹം നയിച്ചത്. അദ്ദേഹത്തിന്റെ ബൈഅത്തിന് ശേഷമാണ് പാലക്കാട് ജമാഅത്ത് സ്ഥാപിതമായത്. പരേതൻ 25 വർഷത്തോളം പാലക്കാട് ജമാഅത്തിൽ മാൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. മഹ്മൂദ സാഹിബയാണ് ഭാര്യ. നാഇബ് വക്കീലുൽ മാൽ തഹ്‌രീകെ ജദീദായി ഖാദിയാനിൽ സേവനമനുഷ്ഠിക്കുന്ന മൗലവി എസ്. എം. ബശീറുദ്ദീൻ സാഹിബ് ഇളയ പുത്രനാണ്. മറ്റു മക്കൾ: അബ്ദുല്ലത്തീഫ് (സഊം പാലക്കാട്), ഷംസുദ്ദീൻ, ഖാദർ, മൊയ്തീൻ, അബ്ദുർറഹീം, സൈനബ, ഷരീഫ, സുഹ്റ, ഫാത്തിമ. മരുമക്കൾ: ഹസ്സൻ സിദ്ദീഖ് (അലനല്ലൂർ), യൂസുഫ് (കാവശ്ശേരി), നസീർ (കരുളായി), മൗലവി കെ. മുഹമ്മദ് സലിം (തിരുവിഴാം കുന്ന്). അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ. ആമീൻ

-എച്ച്. എസ്. കാവശ്ശേരി




സെപ്റ്റംബർ 5, 6 തീയതികളിൽ നടന്ന മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ലാ ഇജ്തിമ, അഖിലേന്ത്യ നാഇബ് സദർ മുസവ്വിർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. പി. മുഹമ്മദ് കരീം, മുഹമ്മദ് സഫ്‌വാൻ, ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് ,ബി. ബി. അഹ്മദ് കബീർ എന്നിവർ സമീപം



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കന്നട മുഖപത്രം യുഗരശ്മിയുടെ 40-ാം വർഷത്തിന്റെ വിശേഷപതിപ്പ് പുറത്തിറക്കിയപ്പോൾ.

## അനുസ്മരണം

### പി കെ അബൂബക്കർ



പാലക്കാട് ജമാഅത്തിലെ ആദ്യ കാല അഹ്മദികളിൽപെട്ട പി. കെ അബൂബക്കർ സാഹിബ് ആഗസ്റ്റ് 25 ന് വടകരയിൽ വെച്ച് വഫാത്തായി. ഇന്നാ ലില്ലാഹി ........ഉന്നത ധാർമിക ഗുണങ്ങൾ ജീവിതത്തിൽ കാത്തു സൂക്ഷിച്ച പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. ഭാര്യ: ഫാത്തിമ. മക്കൾ: ആയിശ സക്കീർ (കോഴിക്കോട്), അൻസാരി (ഖത്തർ), അൻവർ (ധനലക്ഷ്മി ബാങ്ക് , വടകര), ആരിഫ ഹമീദ് (എടപ്പാൾ), ജാഫർ (വിദ്യാർഥി). മരുമക്കൾ: സക്കീർ, റാഹില, ഷഫീന, അബ്ദുൾ ഹമീദ്.

**Published on 7 October 2015**


Vol: 87 Issue. **10**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17
Licensed to Post Without Prepayment
**The Sathyadoothan Monthly**

**ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ആഗതരായ വാഗ്ദത്ത മഹ്ദി ഇമാം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 1889 മാർച്ച് 23 ന് സ്ഥാപിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 126 വർഷം പിന്നിട്ടിരിക്കുകയാണ്. 1915 ൽ കേരളത്തിലെ ഈ ജമാഅത്തിലെ ആദ്യ ശാഖ കണ്ണൂരിൽ സ്ഥാപിക്കപ്പെട്ടു. ഈ വർഷം അതിന്റെ നൂറാം വാർഷികമായി കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിപുലമായ പരിപാടികളോടെ ആചരിക്കുകയാണ്.**

AHMADIYYA MUSLIM JAMAATH
KERALA

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്
# കേരള സംസ്ഥാന ജൂബിലി
## 1915-2015



- ജില്ലാതല ഉദ്ഘാടന സമ്മേളനങ്ങൾ
- തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള വാഹന പ്രചരണം.
- അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള ഖലീഫയുടെ ഇസ്‌ലാമിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യാറാക്കിയ വീഡിയോ പ്രദർശനങ്ങൾ.
- കേരളത്തിലെ 12 കേന്ദ്രങ്ങളിൽ എക്സിബിഷനുകൾ.
- 1000 പേരുടെ രക്തദാനം തിരഞ്ഞെടുത്ത 10 കേന്ദ്രങ്ങളിൽ.
- സംസ്ഥാനത്തെ വിവിധ കവലകളിൽ പുസ്തക പ്രദർശനവും വിൽപ്പനയും.
- അനഹ്മദീ മത പണ്ഡിതർക്കായി അഹ്മദിയ്യാ സാഹിത്യ വിതരണം.
- കണ്ണൂരിൽ സംസ്ഥാന സമാപന സമ്മേളനം.